# ഭരണ റിപ്പോർട്ട്

# 2019-20

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
തിരുവനന്തപുരം

# അദ്ധ്യായം - 1

# ആമുഖം

## 1.1 വകുപ്പ് രൂപീകരണം

സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അവ ക്രമീകരിച്ച് അപഗ്രഥിച്ച് പ്രചരിപ്പിക്കുന്നതിൽ മുഖ്യഘടകമായി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നിലകൊള്ളുന്നു. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമുള്ള പുനരുദ്ധാരണത്തിന്റെ ഭാഗമായി 1949 ൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ ഗവേഷണ വകുപ്പിന്റെ കീഴിൽ ആരംഭിച്ച ഇംപ്രൂവ്മെന്റ് ഓഫ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് എന്ന പദ്ധതിയിലാണ് വകുപ്പ് പ്രവർത്തനം ആരംഭിച്ചത്.

തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളുടെ സംയോജനത്തിന് ശേഷം 1951 ൽ സംസ്ഥാന സർക്കാർ 'ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്' രൂപീകരിച്ചു. ഇതിന്റെ ചെയർമാനായി സർവ്വകലാശാല ഗവേഷണ വകുപ്പ് ഡയറക്ടറേയും അംഗങ്ങളായി ഭക്ഷ്യ കാർഷിക വകുപ്പ് ഗവ:സെക്രട്ടറിയേയും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രൊഫസറേയും നിയോഗിച്ചു. സാങ്കേതിക കാര്യങ്ങളിൽ ബോർഡിന് ഉപദേശങ്ങൾ നൽകിയിരുന്നത് ബോർഡിന്റെ അംഗം കൂടിയായിരുന്ന സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസറായിരുന്നു. 1954 ൽ ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സിനെ 'സ്റ്റാറ്റിസ്റ്റിക്സ് വകുപ്പായി' പുന:സംഘടിപ്പിക്കുകയും വകുപ്പ് തലവനെ സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറായി നാമകരണം ചെയ്യുകയും ചെയ്തു. തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിലെ സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസർക്ക് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറുടെ അധിക ചുമതല കൂടി നൽകി.

1956 ൽ തിരു.കൊച്ചി സംസ്ഥാനത്ത് 4 ജില്ലകളിൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ രൂപീകരിച്ചു. 1957 ൽ മലബാർ മേഖലകളിൽ കൂടി ജില്ലാ ആഫീസുകളും താലൂക്ക് ആഫീസുകളും രൂപീകരിച്ചു.

സംസ്ഥാന സമ്പദ്ഘടനയുടെ വ്യത്യസ്ത മേഖലകളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കും സാമ്പത്തിക വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനുമായി 1958 ൽ 'ബ്യൂറോ ഓഫ് ഇക്കണോമിക് സ്റ്റഡീസ്'

രൂപീകരിക്കുകയുണ്ടായി. തുടർന്ന് 1968 ൽ ബ്യൂറോ ഓഫ് ഇക്കണോമിക് സ്റ്റഡീസ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് 'ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്' രൂപീകരിച്ചു.

1967 ൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറെ മെമ്പർ സെക്രട്ടറിയായി ഉൾപ്പെടുത്തി പ്ലാനിംഗ് ബോർഡ് രൂപീകൃതമായി. 1980 ൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്ന വകുപ്പിനെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്ന് നാമകരണം ചെയ്തു. (08/08/1980 ലെ ജി.ഒ.ആർ.റ്റി 366/80/പി.എൽ.ജി നമ്പർ ഉത്തരവ്).

| ആഫീസിന്റെ പേര് | സ്ഥാപിതമായ തീയതി | ഉത്തരവ് | ഉദ്ദേശ്യ ലക്ഷ്യം |
|---|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | 08-08-1980 | G.O (Rt) 366/80/Plg | കാർഷിക, സാമൂഹിക സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ശേഖരണം, ക്രോഡീകരണം, അപഗ്രഥനം. പ്രചരണം |

1:2 വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ

- സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിലെ സ്ഥിതി വിവരക്കണക്ക് ശേഖരണം, തരം തിരിക്കൽ, വിശകലനം, പ്രചരണം.
- കാലികപ്രസക്തിയുള്ള വിഷയാധിഷ്ഠിത ഹ്രസ്വസർവ്വേകൾ, ഗ്രാമവികസന പരിപാടികളുടെ ദ്രുതാവലോകനം, പ്രാദേശികതല അന്വേഷണം തുടങ്ങിയവയുടെ നടത്തിപ്പ്.
- ഭാരത സർക്കാരിന്റേയും മറ്റ് സംസ്ഥാന സർക്കാരിന്റേയും സ്ഥിതി വിവരക്കണക്ക് വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധം പുലർത്തൽ.
- സാമൂഹ്യ-സാമ്പത്തിക മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പങ്കാളികളാകുക.
- ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി / പദ്ധതിയേതര പരിപാടികൾക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം.

- വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏകോപിപ്പിക്കുക.
- സർവേ / പഠനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

## 1:3-കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട്-2008

രാജ്യത്തെ സ്ഥിതിവിവരക്കണക്ക് ശേഖരണത്തിന് കൂടുതൽനിയമപരമായ പിന്തുണ നൽകികൊണ്ട് 2008 ൽ സ്ഥിതിവിവരക്കണക്ക് ശേഖരണ ആക്റ്റും തുടർന്ന് 2011 ൽ ഇതിൻ പ്രകാരമുള്ള ചട്ടങ്ങളും നിലവിൽ വന്നു. ഈ നിയമം നടപ്പാക്കുന്നതിനു മുൻപ് നിലനിന്നിരുന്ന 1953 ലെ സ്ഥിതിവിവരക്കണക്ക് ശേഖരണ ആക്റ്റിൽ വാണിജ്യം, വ്യവസായം എന്നീ മേഖലകളിലെ വിവരശേഖരണത്തിനുള്ള നിയമപരമായ പിന്തുണ മാത്രമാണുണ്ടായിരുന്നത്. നൂതനമേഖലകളിലെ വിവരശേഖരണത്തിലെ വെല്ലുവിളികൾ നേരിടാൻ 1953 ലെ ഈ ആക്റ്റ് പര്യാപ്തമായിരുന്നില്ല. ഡോ.സി.രംഗരാജന്റെ അധ്യക്ഷതയിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ 1953 ലെ സ്ഥിതിവിവരശേഖരണ ആക്റ്റിന്റെ പരിമിതികളെ സംബന്ധിച്ച് സുപ്രധാന നിരീക്ഷണങ്ങൾ നടത്തുകയും അതിന്റെ വ്യാപ്തി വിപുലീകരിച്ചുകൊണ്ട് ഒരു പുതിയ ആക്റ്റ് പാസാക്കുന്നതിന് ശുപാർശ ചെയ്തു. ഈ ശുപാർശകൾക്കനുസൃതമായി കേന്ദ്രസർക്കാർ കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട്-2008 എന്ന പുതിയ നിയമ നിർമ്മാണം നടത്തുകയും 09/01/2009 ന് ഇത് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

വകുപ്പ് നടത്തിവരുന്ന ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ്, എൻ.എസ്.എസ്, എന്റർപ്രൈസസ് സർവേകൾ തുടങ്ങിയവയുടെ വിവരശേഖരണത്തിന് ഈ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

## 1:4- കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ

സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും വിവര ശേഖരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിനായി മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രങ്ങ്തനിംഗ് പ്രോജക്ട്.

സംസ്ഥാനത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സർക്കാർ തലത്തിൽ പോളിസികൾ ആവിഷ്കരിക്കുന്നതിനുമായി കൃത്യമായതും കാലികവുമായ സ്ഥിതി വിവര കണക്കുകൾ അനിവാര്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടിൽ പങ്കാളിയാകുവാനും അതുവഴി സ്ഥിതി വിവരക്കണക്ക് സംവിധാനം മെച്ചപ്പെടുത്തുവാനും സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിനെ പദ്ധതിയുടെ നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാർ നിയോഗിച്ചു.

## അദ്ധ്യായം-2

## വകുപ്പ് ഘടന

### 2:1- ആമുഖം

സംസ്ഥാന സ്ഥിതിവിവരക്കണക്ക് വ്യവസ്ഥയുടെ നാഡീകേന്ദ്രമാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്. സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനാൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമഗ്രമേഖലകളിലെയും വിവരശേഖരണം, ക്രോഡീകരണം, അപഗ്രഥനം, പ്രചരണം എന്നീ ധർമ്മങ്ങൾ ഈ വകുപ്പ് നിർവഹിക്കുന്നു. വകുപ്പ് ആസ്ഥാനമായ ഡയറക്ടറേറ്റിൽ ഭരണനിർവഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും സാങ്കേതിക വിഭാഗത്തിൽ അഡീഷണൽ ഡയറക്ടർമാരും ഡയറക്ടറെ സഹായിക്കുന്നു.

2019-20 സാമ്പത്തിക വർഷം Kerala Support for Statistical Strengthenening Project (KSSSP) ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിൽ സൃഷ്ടിച്ച ഡയറക്ടർ ജനറൽ തസ്തിക തരം താഴ്ത്തുകയും ഡയറക്ടർ (എസ്.ഡി.പി), ഡയറക്ടർ (എസ്.ഡി.ആർ.റ്റി), അഡീഷണൽ ഡയറക്ടർ (കോ-ഓർഡിനേഷൻ) തസ്തികകൾ നിർത്തലാക്കുകയും ചെയ്തു കൊണ്ട് സ.ഉ(അച്ചടി) നം.24/2019/പ്ലാനിംഗ് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സ്ഥിതിവിവരക്കണക്ക് സംബന്ധമായ ജോലികൾ കൈകാര്യം ചെയ്യുന്നതിനായി ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങളും ജോയിന്റ് ഡയറക്ടർമാരുടെ നിയന്ത്രണത്തിൽ ഉപവിഭാഗങ്ങളും പ്രവർത്തിക്കുന്നു. ഈ ഉപവിഭാഗങ്ങളെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റുകളുമായി തിരിച്ച് ഓരോ യൂണിറ്റിന്റേയും ചുമതല ഡെപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർ / റിസർച്ച് ഓഫീസർ എന്നിവർക്ക് നൽകിയിരിക്കുന്നു. ജോലി ഭാരം, സ്വഭാവം എന്നിവ കണക്കിലെടുത്ത് ഓരോ സാങ്കേതിക യൂണിറ്റിലും റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവർ ഉണ്ടായിരിക്കും. ഭരണ നിർവ്വഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവരും സഹായിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ 14 ജില്ലാ ഓഫീസുകളും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ നിയന്ത്രണത്തിൽ 61 താലൂക്ക് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ഓഫീസർ, റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവരും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ഇൻവെസ്റ്റിഗേറ്റർ എന്നിവരും സഹായിക്കുന്നു.

സ്ഥിതിവിവരക്കണക്ക് സംബന്ധമായ ജോലികൾക്കായി റിസർച്ച് ഓഫീസർ മുതൽ ജോയിന്റ് ഡയറക്ടർ വരെയുള്ളവരുടെ നേതൃത്വത്തിൽ പ്രധാന വകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിക്കുന്നു. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ എല്ലാ ഗ്രാമവികസന ഓഫീസിലും സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഒരു റിസർച്ച് അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ (പി ആന്റ് എം) എന്ന പേരിൽ സേവനം അനുഷ്ഠിച്ചു വരുന്നു.

### 2:2- സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ

സംസ്ഥാനങ്ങളിലെ സ്ഥിതിവിവരസംവിധാനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) ത്തിന്റെ പദ്ധതിയായ ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ടിന്റെ (ISSP) ഭാഗമായി 2011-12 ൽ സംസ്ഥാനത്ത് ആരംഭിച്ച പദ്ധതിയാണ് കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ (KLSSSP). സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർക്ക് ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള ഒരു പരിശീലന സ്ഥാപനം ഈ പദ്ധതിയിൽ ശുപാർശ ചെയ്തിരുന്നു. ആയതിൻ പ്രകാരമാണ് സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (State Academy on Statistical Administration (SASA)) 30/09/2015 ൽ കാട്ടാക്കടയിൽ പ്രവർത്തനം ആരംഭിച്ചത്. 01/06/2017 മുതൽ SASA തിരുവനന്തപുരം ജില്ലയിൽ കൈമനത്ത് പ്രവർത്തിച്ചു വരുന്നു. വകുപ്പിലെയും മറ്റ് വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലേയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ വിവിധ വിഷയങ്ങളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുക, സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന ശില്പശാലകൾ / സെമിനാറുകൾ സംഘടിപ്പിക്കുക,

വിവരശേഖരണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശം ഇതര സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകുക തുടങ്ങിയവയാണ് സാസായുടെ പ്രധാന പ്രവർത്തനങ്ങൾ. റിപ്പോർട്ടുവർഷം അഡീഷണൽ ഡയറക്ടർ (ജനറൽ) ശ്രീ.പി.വി.ബാബു സാസാ ഡയറക്ടറുടെ ചാർജ്ജ് വഹിച്ചു വരുന്നു.

2:3. പ്രധാന ഓഫീസുകളുടെ പേരും അഡ്രസ്സും :

| ആഫീസിന്റെ പേര് | പ്രധാനപ്പെട്ട ഉദ്യോഗപേര് | ഫോൺ / ഫാക്സ് |
|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് | ശ്രീ.വി.രാമചന്ദ്രൻ,<br>ഡയറക്ടർ ജനറൽ<br>(06/09/2019 വരെ) | Ph.0471-2305318<br>Fax. 0471-2305317 |
| | ശ്രീ.വി.രാമചന്ദ്രൻ,<br>ഡയറക്ടർ<br>(06/09/2019 മുതൽ 31/03/2020 വരെ) | |
| | ശ്രീ.പി.വി.ബാബു<br>അഡീഷണൽ ഡയറക്ടർ(ജനറൽ) | Ph. 0471-2304711 |
| | ശ്രീമതി.ഷീല.പി.ശങ്കർ<br>അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ്ഇൻകം) | Ph: 0471-2306039 |
| | ശ്രീ.സജീവ്.പി.പി<br>അഡീഷണൽ ഡയറക്ടർ<br>(കോ-ഓർഡിനേഷൻ)<br>(06/09/2019 വരെ) | Ph: 0471-2307419 |
| | ശ്രീ.ദാമോദരൻ.കെ<br>അഡീഷണൽ ഡയറക്ടർ (പ്രൈസ്)<br>(06/09/2019 വരെ)<br>ശ്രീ.സജീവ്.പി.പി<br>അഡീഷണൽ ഡയറക്ടർ (പ്രൈസ്)<br>(06/09/2019 മുതൽ) | |

| | | | |
|---|---|---|---|
| | | ശ്രീ.ഷിബു.എ.റ്റി<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ(19/12/2019 വരെ)<br>ശ്രീ.നിപുൺജോസഫ്<br>(19/12/2019 മുതൽ തുടരുന്നു) | Ph: 0471-2303935 |
| 2 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, തിരുവനന്തപുരം | ശ്രീ.അനിഷ് കുമാർ.ബി<br>ഡെപ്യൂട്ടി ഡയറക്ടർ | Ph : 0471-2533727<br>Fax: 0471-2533727 |
| 3 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്,കൊല്ലം | ശ്രീ.ഇസഡ്.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 0474-2793418<br>Fax: 0474-2793418 |
| 4 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, പത്തനംതിട്ട | ശ്രീമതി.ശാലിനി.പി.കെ,<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 0468-2322748<br>Fax: 0468-2322748 |
| 5 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, ആലപ്പുഴ | ശ്രീമതി.എസ്.ലീലാദേവി<br>ഡെപ്യൂട്ടി ഡയറക്ടർ<br>(01/04/2019 മുതൽ 03/11/2019 വരെ)<br>ശ്രീ.ആർ.ശ്രീകുമാർ<br>(04/11/2019 മുതൽ തുടരുന്നു) | Ph: 0477-2252312<br>Fax: 0477-2252312 |
| 6 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്,കോട്ടയം | ശ്രീമതി.മേരി ജോർജ്ജ്<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 0481-2562073<br>Fax: 0481-262073 |
| 7 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്,ഇടുക്കി | ശ്രീ.സുനിൽ അഗസ്റ്റിൻ<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 04862-222856<br>Fax: 04862-222856 |
| 8 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്,എറണാകുളം | ശ്രീമതി.സിൻസിമോൾ ആന്റണി.കെ,<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 0484-2422533<br>Fax.0484-2427705 |
| 9 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, തൃശ്ശൂർ | ശ്രീ.ഷോജൻ എ.പി<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 0487-2361339<br>Fax.0487-2361339 |
| 10 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, പാലക്കാട് | ശ്രീ.കെ.ശ്രീധരവാര്യർ<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 0491-2505106<br>Fax.0491-2505106 |
| 11 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് | ശ്രീ.ഷിബു കുമാർ.ഡി.എസ്<br>(22/06/2019 വരെ) | Ph: 0483-2734939<br>Fax .0483-2734939 |

| | | | |
|---|---|---|---|
| | വകുപ്പ് ജില്ലാ ആഫീസ്,മലപ്പുറം | ശ്രീ.ഉസ്മാൻ ഷെരീഫ് കുരി<br>ഡെപ്യൂട്ടി ഡയറക്ടർ<br>(23/06/2019 മുതൽ തുടരുന്നു) | |
| 12 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, കോഴിക്കോട് | ശ്രീ.രജത്.ജി.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ<br>(22.06.2019 വരെ)<br>ശ്രീ.രാജേഷ്.വി<br>ഡെപ്യൂട്ടി ഡയറക്ടർ<br>(24/06/2019 മുതൽ തുടരുന്നു) | Ph: 0495-2370343<br>Fax .0495-2370343 |
| 13 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, വയനാട് | ശ്രീ.ഇ.വി.പ്രേമരാജൻ<br>ഡെപ്യൂട്ടി ഡയറക്ടർ | Ph: 04936-202633<br>Fax .04936-202633 |
| 14 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, കണ്ണൂർ | ശ്രീ.രാജേഷ്.വി<br>ഡെപ്യൂട്ടി ഡയറക്ടർ<br>(23/06/2019 വരെ)<br>ശ്രീ.രജത് ജി.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ<br>(24/06/2019 മുതൽ തുടരുന്നു) | Ph: 04972-700405<br>Fax .04972-700405 |
| 15 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ആഫീസ്, കാസർഗോഡ് | ശ്രീ.രവീന്ദ്രൻ പലേരി<br>ഡെപ്യൂട്ടി ഡയറക്ടർ<br>(29/02/2020 വരെ)<br>ശ്രീ.മാധവൻ കെ<br>(ജില്ലാ ഓഫീസർ)<br>(01/03/2020 മുതൽ തുടരുന്നു) (അധിക ചുമതല) | Ph: 04994-256474<br>Fax .04994 256474 |
| 16. | സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ) | ശ്രീ.പി.വി.ബാബു<br>ഡയറക്ടർ ഇൻ ചാർജ്ജ്<br>(01/04/2019 മുതൽ തുടരുന്നു) | 04712493800<br>Fax-04712493880 |
| | | ശ്രീമതി..ശോഭന പിള്ള.എൽ<br>ഡെപ്യൂട്ടി ഡയറക്ടർ &<br>ട്രെയിനിംഗ് മാനേജർ<br>(01/04/2019 മുതൽ 31/05/2019 വരെ) | |
| | | ശ്രീമതി.രശ്മി.സി.പി,<br>ഡെപ്യൂട്ടി ഡയറക്ടർ &<br>ട്രെയിനിംഗ് മാനേജർ<br>(01/06/2019 മുതൽ തുടരുന്നു) | |

### 2:4. ഇതരവകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ

സംസ്ഥാനത്തിന്റെ പൊതുവായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനു വേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സെല്ലുകൾ നിലവിൽ 41 വകുപ്പുകളിൽ പ്രവർത്തിച്ചു വരുന്നു. ടി സെല്ലുകൾ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട

വിവരശേഖരണം നടത്തി ആസൂത്രണ കാര്യങ്ങൾക്കും നയരൂപീകരണത്തിനും പദ്ധതി മോണിറ്ററിംഗിനും ആവശ്യമായ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നു. കൂടാതെ ഇതര വകുപ്പുകളുമായുള്ള സ്റ്റാറ്റിസ്റ്റിക്കൽ കോർഡിനേഷനും ഈ സെല്ലുകൾ മുഖേനയാണ് നടത്തപ്പെടുന്നത്. സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കുന്ന ഇക്കണോമിക് റിവ്യൂവിന് ആവശ്യമായ ഡാറ്റ നൽകുന്നതും സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊജക്ട് തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റ ശേഖരിച്ചു നൽകുന്നതും ഈ സെല്ലുകൾ മുഖേനയാണ്.

**ടേബിൾ 2.:4.1 - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സെൽ പ്രവർത്തിക്കുന്ന വകുപ്പുകൾ**

| ക്രമ നമ്പർ | വകുപ്പുകളുടെ പേര് |
|---|---|
| 1 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| 2. | മൃഗസംരക്ഷണ വകുപ്പ് |
| 3. | ഭക്ഷ്യ പൊതുവിതരണ വകുപ്പ് |
| 4. | ക്ഷീരവികസന വകുപ്പ് |
| 5. | മത്സ്യബന്ധന വകുപ്പ് |
| 6. | വനം-വന്യജീവി വകുപ്പ് |
| 7. | പൊതുവിദ്യാഭ്യാസ വകുപ്പ് |
| 8. | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 9. | സ്റ്റേറ്റ് റ്റി.ബി.ഡെമോൺസ്ട്രേഷൻ ആന്റ് ട്രെയിനിംഗ് സെൽ |
| 10. | ആരോഗ്യ-കുടുംബക്ഷേമ പരിശീലന സെന്റർ (തിരുവനന്തപുരം, കോഴിക്കോട്) |
| 11. | അപ്ലൈഡ് ന്യൂട്രീഷ്യൻ പ്രോഗ്രാം ഓഫീസ് |
| 12. | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് |
| 13. | ഗവ : അനലിറ്റിക്കൽ ലബോറട്ടറി |
| 14. | ടെക്നിക്കൽ എജ്യുക്കേഷൻ ഡയറക്ടറേറ്റ് |
| 15. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം ആന്റ് തൃശ്ശൂർ |
| 16 | കോളേജ് വിദ്യാഭ്യാസ വകുപ്പ് |
| 17 | സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ ഹെഡ് ക്വാർട്ടേഴ്സ് |

| ക്രമ നമ്പർ | വകുപ്പുകളുടെ പേര് |
|---|---|
| 18. | വ്യവസായ വാണിജ്യ വകുപ്പ് |
| 19. | കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് വകുപ്പ് |
| 20. | ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് ഡിപ്പാർട്ട്മെന്റ് |
| 21. | ലേബർ കമ്മീഷണറേറ്റ് |
| 22. | നഗരകാര്യ വകുപ്പ് |
| 23. | കോർപ്പറേഷൻ/മുനിസിപ്പാലിറ്റീസ് |
| 24. | റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് |
| 25. | പഞ്ചായത്ത് വകുപ്പ് |
| 26. | നഗരാസൂത്രണ വകുപ്പ് |
| 27. | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്. |
| 28. | പശ്ചിമഘട്ട സെൽ, ഗവ: സെക്രട്ടേറിയറ്റ്. |
| 29. | ആസൂത്രണ സാമ്പത്തിക കാര്യ (എഫ്),വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്. |
| 30. | സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വികാസ്ഭവൻ |
| 31. | പൊതുമരാമത്ത് വകുപ്പ് |
| 32. | പട്ടികജാതി വികസന വകുപ്പ് |
| 33 | പട്ടികവർഗ്ഗ വികസന വകുപ്പ് |
| 34 | സാമൂഹ്യ നീതി വകുപ്പ് |
| 35. | ചരക്ക് സേവന നികുതി വകുപ്പ് |
| 36. | വിനോദ സഞ്ചാരവകുപ്പ് |
| 37. | ഗതാഗത വകുപ്പ് |
| 38. | ചീഫ് എഞ്ചിനീയറുടെ ഓഫീസ്, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ |
| 39. | എഞ്ചിനീയറുടെ ഓഫീസ്, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി) |
| 40. | ചെറുകിട ജലസേചന പദ്ധതി (ആർ.എം.ഐ.എസ്) |
| 41. | സഹകരണ സംഘം രജിസ്ട്രാർ |

പശ്ചിമഘട്ട സെല്ലിന്റെ പ്രവർത്തനങ്ങൾ മണ്ണ് സംരക്ഷണ സർവേ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ സെല്ലിന്റെ പ്രവർത്തനം 15/10/2019-ാം തീയതിയിലെ ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് സ.ഉ.(എം.എസ്) നം.26/2019/പ്ലാനിംഗ് പ്രകാരം നിർത്തലാക്കി.

അദ്ധ്യായം-3

# മനുഷ്യ വിഭവശേഷി

## 3:1-ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഗസറ്റഡ് തസ്തികകളിലും നോൺ ഗസറ്റഡ് തസ്തികകളിലും അനുവദിച്ചിട്ടുള്ള 2516 ജീവനക്കാരിൽ 258 പേർ വകുപ്പ് ഡയറക്ടറേറ്റിലും 375 പേർ ജില്ലാ ഓഫീസുകളിലും 1162 പേർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലും, 721 പേർ മറ്റ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലും ജോലി ചെയ്യുന്നു. ഡയറക്ടറേറ്റിലും ജില്ലാ-താലൂക്ക് ഓഫീസുകളിലും മറ്റ് സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെയും ഉദ്യോഗസ്ഥരുടെ എണ്ണം, വകുപ്പിൽ കോൺട്രാക്ട്, ദിവസവേതനം, അതിഥി എന്നീ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുടെ 2019-20 കാലയളവിലെ നിയമനങ്ങൾ, വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ തസ്തിക തിരിച്ച വിവരങ്ങൾ, ഈ കാലയളവിൽ വകുപ്പിൽ നിന്നും അച്ചടക്ക നടപടി നേരിട്ടതും സസ്പെന്റ് ചെയ്യപ്പെട്ടതുമായ ജീവനക്കാരുടെ വിവരങ്ങൾ, വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ എന്നിവയുടെ പട്ടിക ചുവടെ ചേർക്കുന്നു

**ടേബിൾ.3:1** 2019-20 **സാമ്പത്തിക വർഷത്തിൽ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരം.**

| തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണം | ടി കാലയളവിൽ ജോലി ചെയ്യുവരുടെ എണ്ണം | സ്ഥിരം/ താത്കാലികം |
|---|---|---|---|
| ഡയറക്ടർ | 1 | 1 | സ്ഥിരം |
| അഡീഷണൽ ഡയറക്ടർ | 4 | 3 | താത്കാലികം അഡീഷണൽ ഡയറക്ടർ (കോ-ഓർഡിനേഷൻ) 06/09/2019 ലെ സർക്കാർ ഉത്തരവ് പ്രകാരം നിർത്തലാക്കി ഉത്തരവായി.) |
| | | 1 | സ്ഥിരം |
| അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 | 1 | സ്ഥിരം |

| തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണം | ടി കാലയളവിൽ ജോലി ചെയ്യുവരുടെ എണ്ണം | സ്ഥിരം/ താത്കാലികം |
|---|---|---|---|
| ജോയിന്റ് ഡയറക്ടർ | 4 | 1 | സ്ഥിരം |
| | | 3 | താത്കാലികം |
| ജോയിന്റ് ഡയറക്ടർ (മറ്റു വകുപ്പ്) | 4 | 4 | സ്ഥിരം |
| ഡെപ്യൂട്ടി ഡയറക്ടർ | 19 | 8 | സ്ഥിരം |
| | | 11 | താത്കാലികം |
| ഡെപ്യൂട്ടി ഡയറക്ടർ (മറ്റു വകുപ്പുകൾ) | 24 | 24 | സ്ഥിരം |
| അസിസ്റ്റന്റ് ഡയറക്ടർ | 11 | 7 | സ്ഥിരം |
| | | 4 | താത്കാലികം |
| അസിസ്റ്റന്റ് ഡയറക്ടർ (മറ്റു വകുപ്പുകൾ) | 6 | 6 | സ്ഥിരം |
| ജില്ലാ ആഫീസർ/ റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (1/06/2016 മുതൽ 1 Post SSO) | 20 | 18 | സ്ഥിരം |
| | | 2 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (ജില്ലാ ആഫീസർകേഡർ)(മറ്റു വകുപ്പുകൾ) | 2 | 2 | സ്ഥിരം |
| റിസർച്ച് ആഫീസർ | 41 | 33 | സ്ഥിരം |
| | | 8 | താത്കാലികം |
| റിസർച്ച് ആഫീസർ (മറ്റു വകുപ്പുകൾ) | 24 | 24 | സ്ഥിരം |
| അഡീഷണൽ ജില്ലാ ആഫീസർ | 27 | 16 | സ്ഥിരം |

| തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണം | ടി കാലയളവിൽ ജോലി ചെയ്തവരുടെ എണ്ണം | സ്ഥിരം/ താത്കാലികം |
|---|---|---|---|
| / സ്ക്രൂട്ടിനി ആഫീസർ | | | |
| | | 11 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് (അഡീഷണൽ ജില്ലാ ആഫീസർ കേഡർ (മറ്റു വകുപ്പുകൾ) | 5 | 5 | സ്ഥിരം |
| താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)/ സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) | 65 | 65 | സ്ഥിരം |
| സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽആഫീസർ കേഡർ) (മറ്റു വകുപ്പുകൾ) | 1 | 1 | സ്ഥിരം |
| റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 161 | 71 | സ്ഥിരം |
| | | 90 | താത്കാലികം |
| റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ (മറ്റു വകുപ്പുകൾ) | 271 | 271 | സ്ഥിരം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | 557 | 252 | സ്ഥിരം |
| | | 305 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I (മറ്റു വകുപ്പുകൾ) | 249 | 249 | സ്ഥിരം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / | 662 | 170 | സ്ഥിരം |

| തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണം | ടി കാലയളവിൽ ജോലി ചെയ്യുവരുടെ എണ്ണം | സ്ഥിരം/ താത്കാലികം |
|---|---|---|---|
| ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | | 492 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II (മറ്റു വകുപ്പുകൾ) | 130 | 130 | സ്ഥിരം |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6 | 4 | സ്ഥിരം |
| | | 2 | താത്കാലികം |
| ഫെയർ കോപ്പി സൂപ്രണ്ട് | 3 | 3 | സ്ഥിരം |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 12 | 8 | സ്ഥിരം |
| | | 4 | താത്കാലികം |
| സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 12 | 12 | |
| യു.ഡി. ടൈപ്പിസ്റ്റ് | 12 | 7 | സ്ഥിരം |
| | | 5 | താത്കാലികം |
| എൽ.ഡി. ടൈപ്പിസ്റ്റ് | 13 | 9 | സ്ഥിരം |
| | | 4 | താത്കാലികം |
| ഡ്രാഫ്റ്റ്സ്മാൻ | 1 | 1 | സ്ഥിരം |
| ഡ്രൈവർ | 17 | 5 | സ്ഥിരം |
| | | 12 | താത്കാലികം |
| ദഫേദാർ | 1 | 1 | സ്ഥിരം |
| ഓഫീസ് അറ്റൻഡന്റ് | 81 | 38 | സ്ഥിരം |
| | | 43 | താത്കാലികം |
| പാർട്ട് ടൈം സ്വീപ്പർ | 60 | 60 | സ്ഥിരം |
| കാഷ്വൽ സ്വീപ്പർ | 9 | 9 | സ്ഥിരം |
| നൈറ്റ് വാച്ച്മാൻ | 1 | 1 | സ്ഥിരം |

വകുപ്പിലെ 1036 താത്ക്കാലിക തസ്തികകളിൽ 872 തസ്തികകൾ കേന്ദ്ര പ്ലാൻ ശീർഷകത്തിലും ഒരു തസ്തിക സംസ്ഥാന പ്ലാൻ ശീർഷകത്തിലും (ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം) 163 തസ്തികകൾ നോൺ പ്ലാൻ ശീർഷകത്തിലും ആണ് ഉള്ളത്. പ്രസ്തുത 1036 താത്ക്കാലിക തസ്തികകളിൽ വയനാട്, കാസർകോഡ് ജില്ലാ ഓഫീസുകളിലെ 24 താത്കാലിക തസ്തികകൾ റെഗുലർ തസ്തികകൾ ആക്കിക്കൊണ്ടും ശേഷിക്കുന്ന 1012 താത്ക്കാലിക തസ്തികകൾക്ക് 01/10/2018 മുതൽ 31/12/2019 വരെ തുടർച്ചാനുമതി അനുവദിച്ചുകൊണ്ട് 22/11/2019-ാം തീയതിയിലെ സ.ഉ.(കൈ) നം. 30/2019/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവായിരുന്നു. വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പ്ലാൻ ശീർഷകത്തിലെ (100% കേന്ദ്രസഹായം) 872 തസ്തികകളും സംസ്ഥാന പ്ലാൻ ശീർഷകത്തിലെ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തികയും സംസ്ഥാന നോൺ പ്ലാൻ ശീർഷകത്തിലെ 139 തസ്തികകളും ഉൾപ്പെടെ ആകെ 1012 തസ്തികകൾക്ക് 01/01/2020 മുതൽ 31/03/2020 വരെയും തുടർന്ന് 2020-21 സാമ്പത്തിക വർഷത്തേക്കും തുടർച്ചാനുമതി അനുവദിച്ചുകൊണ്ട് 18/05/2020-ാം തീയതിയിലെ സ.ഉ.(കൈ) നം.13/2020/പ്ലാനിംഗ് നമ്പർ സർക്കാർ കത്ത് ഉത്തരവായി.

**ടേബിൾ.3:2 2019-20 സാമ്പത്തിക വർഷത്തിൽ താത്കാലിക / ദിവസവേതന / കോൺട്രാക്ട് / അതിഥി എന്ന നിലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദവിവരം.**

| ഓഫീസ് | തസ്തികയുടെ പേര് | കോൺട്രാക്ട്/ ദിവസവേതനം/ അതിഥി |
|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ് | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | 119 |
| ജില്ലാ ഓഫീസ് | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | |

**3:3- 2019-20 കാലയളവിലെ നിയമനങ്ങളെ സംബന്ധിക്കുന്ന വിവരം**

| തസ്തികയുടെ പേര് | നിയമനം | |
|---|---|---|
| | ജനറൽ | ആശ്രിതം |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | 3 | 9 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 7 | |
| ഡ്രൈവർഗ്രേഡ്-II | 1 | |
| ഓഫീസ് അറ്റൻഡന്റ് | 10 | |
| നൈറ്റ് വാച്ച്മാൻ | 1 | |

| | | |
|---|---|---|
| പാർട്ട് ടൈം സ്വീപ്പർ | 5 | |

2019-20 കാലയളവിൽ കാസർകോഡ് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ സൂപ്പർന്യൂമററി നിയമനം നടത്തുകയുണ്ടായി.

**ടേബിൾ.3:4-2019-20 കാലയളവിൽ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരെ സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | തസ്തികയുടെ പേര് | വിരമിച്ചവരുടെ എണ്ണം | V.R.S എടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | ഡയറക്ടർ | 1 | |
| 2 | അഡീഷണൽ ഡയറക്ടർ | 1 | |
| 3 | ജോയിന്റ് ഡയറക്ടർ | 3 | |
| 4 | ഡെപ്യൂട്ടി ഡയറക്ടർ | 3 | |
| 5 | അസിസ്റ്റന്റ് ഡയറക്ടർ | 3 | |
| 6 | റിസർച്ച് ആഫീസർ | 4 | |
| 7 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ | 5 | |
| 8 | അഡീഷണൽ ജില്ലാ ആഫീസർ | 7 | |
| 9 | ജില്ലാ ആഫീസർ | 8 | |
| 10 | റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/എക്സ്റ്റൻഷൻ ആഫീസർ (P&M) | 9 | |
| 11 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 | |
| 12 | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | 2 | |
| 13 | ഡ്രൈവർ ഗ്രഡ് II | 2 | |
| 14 | പാർട്ട് ടൈം സ്വീപ്പർ | 1 | |

ടേബിൾ.3:5 2019-20കാലയളവിൽ വിവിധ അച്ചടക്കനടപടിക്ക് വിധേയമായ ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | ആഫീസിന്റെ പേര് | പിരിച്ചുവിടൽ | | സസ്പെൻഷൻ | | അച്ചടക്കനടപടി | |
|---|---|---|---|---|---|---|---|
| | | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് |
| 1 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ്, തിരുവനന്തപുരം | | | | | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | ശ്രീമതി.ഷീജാദേവി പി.എസ് |
| | | | | | | അഡീഷണൽ ഡയറക്ടർ (കോ-ഓർഡിനേഷൻ) | ശ്രീ.സജീവ് പി.പി. |
| 2 | നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം | | | | | റിസർച്ച് അസിസ്റ്റന്റ് | ശ്രീ.ജോജി ഫ്രാൻസിസ് |
| 3 | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, തിരുവനന്തപുരം | | | എൽ.ഡി. കമ്പയിലർ | ജി.വി.പ്രദീപ് | അഡീഷണൽ ഡിസ്ട്രിക് ഓഫീസർ | ശ്രീ.അമീർമുഹമ്മദ് ഖാൻ |
| 4 | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, കൊല്ലം | | | | | സ്റ്റാറ്റസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | ശ്രീ. മഹേഷ്.ആർ |
| 5 | ജില്ലാ മെഡിക്കൽ ഓഫീസ്, കോട്ടയം | | | | | സ്റ്റാറ്റസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | ശ്രീ.എസ്. ഷിബു |
| 6 | കോട്ടയം മുനിസിപ്പാലിറ്റി | | | സ്റ്റാറ്റസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | ശ്രീ.ജയകൃഷ്ണൻ.പി | | |
| 7 | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് | | | | | സ്റ്റാറ്റിസ്റ്റിക്കൽ അസി | ലിനോ.കെ. ജോസഫ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | വകുപ്പ് ജില്ലാ<br>ഓഫീസ്,<br>എറണാകുളം | | | | | സ്റ്റന്റ്<br>ഗ്രേഡ്-I | |
| 8 | താലൂക്ക്<br>സ്റ്റാറ്റിസ്റ്റിക്കൽ<br>ആഫീസ്,<br>തലപ്പിള്ളി<br>(തൃശ്ശൂർ) | | | സ്റ്റാ<br>റ്റിസ്റ്റിക്കൽ<br>ഇൻസ്പെക്ടർ | ജോ<br>സ് സി<br>ജേക്കബ് | | |
| 9 | സാമ്പത്തിക<br>സ്ഥിതി<br>വിവരക്കണക്ക്<br>വകുപ്പ് ജില്ലാ<br>ഓഫീസ്,പാല<br>ക്കാട് | | | | | | |
| 10 | താലൂക്ക്<br>സ്റ്റാറ്റിസ്റ്റിക്കൽ<br>ആഫീസ്,<br>മണ്ണാർക്കാട്<br>(പാലക്കാട്) | | | | | സ്റ്റാറ്റി<br>സ്റ്റിക്കൽ<br>അസി<br>സ്റ്റന്റ്<br>ഗ്രേഡ്-I | ശ്രീ.ജയരാ<br>ജ്.എസ് |
| 11 | താലൂക്ക്<br>സ്റ്റാറ്റിസ്റ്റിക്കൽ<br>ആഫീസ്,<br>മണ്ണാർക്കാട്<br>(പാലക്കാട്) | | | | | സ്റ്റാറ്റി<br>സ്റ്റിക്കൽ<br>അസി<br>സ്റ്റന്റ്<br>ഗ്രേഡ്-I | ശ്രീ.വിജയൻ<br>സി |
| 12 | ജില്ലാ പട്ടികജാതി<br>വികസന<br>ഓഫീസ്, കണ്ണൂർ | | | | | റിസർച്ച്<br>അസി<br>സ്റ്റന്റ് | ശ്രീ.പ്രേമാന<br>ന്ദം.എം.എൻ |
| 13 | താലൂക്ക്<br>സ്റ്റാറ്റിസ്റ്റിക്കൽ<br>ഓഫീസ്, കണ്ണൂർ | | | | | സ്റ്റാറ്റി<br>സ്റ്റിക്കൽ<br>ഇൻവെ<br>സ്റ്റിഗേറ്റർ<br>ഗ്രേഡ് I | ശ്രീ.മഹേഷ്.<br>ആർ |
| 14 | ജില്ലാ ഓഫീസ്,<br>കാസറഗോഡ് | | | | | റിസർച്ച്<br>ഓഫീസർ | ശ്രീമതി.രേഖ<br>ആർ |

**ടേബിൾ 3.6--2019-20 കാലയളവിൽ ഈ ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ പേരുവിവരങ്ങൾ.**

| **തസ്തികയുടെ പേര്** | **ജീവനക്കാരന്റെ പേര്** | **ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസിലെ ഉദ്യോഗപ്പേര്** | **ഡെപ്യൂട്ടേഷൻ കാലാവധി** |
|---|---|---|---|
| റിസർച്ച് ഓഫീസർ | ശ്രീ.എ.പി.ഷാനവാസ് | അഡ്മിനിസ്ട്രേറ്റീവ് | 1 വർഷം |

| തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് | ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസിലെ ഉദ്യോഗപ്പേര് | ഡെപ്യൂട്ടേഷൻ കാലാവധി |
|---|---|---|---|
| | | ഓഫീസർ | |
| എക്സ്റ്റൻഷൻ ഓഫീസർ (പി & എം) | അജയ കുമാർ.എസ് | പേഴ്സണൽ അസിസ്റ്റന്റ് ടു അടൂർ പ്രകാശ്.എം.പി | 1 വർഷം |
| റിസർച്ച് അസിസ്റ്റന്റ് | മധുക്കുട്ടൻ വി.ജി | പേഴ്സണൽ സ്റ്റാഫ് ഓഫ് മാത്യൂ ടി. തോമസ് എം.എൽ.എ | 1 വർഷം |
| റിസർച്ച് അസിസ്റ്റന്റ് | ജയകൃഷ്ണൻ.സി.എം | ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബോർഡ് | 1 വർഷം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | ഗിരിജ.എസ് | ക്ലർക്ക് | 1 വർഷം |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | പ്രവീണ ആർ.എസ്. ദാസ് | എൽ.ഡി.ക്ലർക്ക് | |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II | അജയൻ.ആർ | അസിസ്റ്റന്റ്, സാമൂഹ്യ സുരക്ഷാ മിഷൻ | 1 വർഷം |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II | ഫൗസിയ ചക്കിപറമ്പൻ | അസിസ്റ്റന്റ്, കേരള ഹജ്ജ് കമ്മിറ്റി ഓഫീസ് | 1 വർഷം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II | സരിത സി.കെ | എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസ്, വയനാട് | 1 വർഷം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | സാജിത്ത് ബാബു.കെ.കെ | ക്ലർക്ക് | 1 വർഷം |

# അദ്ധ്യായം-4

# പരിശീലന പരിപാടികൾ

**സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ -ന്റെ പരിശീലന പരിപാടികൾ**

11/04/2019 ലെ ജി.ഒ(ആർ.റ്റി) 172/19/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം സാസായുടെ 2019-20 ലെ ട്രെയിനിംഗ് കലണ്ടർ സർക്കാർ അംഗീകരിച്ചു. ടി കലണ്ടറിൽ ഉൾപ്പെടുത്തിയിരുന്ന 13 പരിശീലന പരിപാടികളിൽ ആകെ 9 പരിശീലന പരിപാടികൾ 2019-20 വർഷത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുവാൻ ഉതകുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന പരിപാടികൾക്കു പുറമേ ഭരണപരമായ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പരിശീലന പരിപാടികളും ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള പരിശീലന പരിപാടികളും ഇതിൽ ഉൾപ്പെടുന്നു. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് – II മുതൽ അഡീഷണൽ ഡയറക്ടർ വരെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന 275 ഉദ്യോഗസ്ഥർ ടി പരിശീലന പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. അതാത് മേഖലകളിൽ / വിഷയങ്ങളിൽ പ്രാവീണ്യമുള്ള ഫാക്കൽറ്റികളാണ് പരിശീലന ക്ലാസ്സുകൾ കൈകാര്യം ചെയ്തിട്ടുള്ളത്.

2019-20 വർഷത്തിൽ സാസാ നടത്തിയ പരിശീലന പരിപാടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പരിശീലന പരിപാടിയുടെ പേര് | പരിശീലന സ്ഥലം | പരിശീലന ദിവസങ്ങൾ | പങ്കെടുത്ത ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | Workshop on Geo Spacial Data Analysis | SASA, Kaimanam | 25 May 2019 | 43 |
| 2 | Training on Accounting Procedures in Business & Commercial Establishment – Companies Act 2013- Preparation of Balance Sheet and Profit and Loss Account | SASA, Kaimanam | 27-31 May 2019 | 32 |

| ക്രമ നം | പരിശീലന പരിപാടിയുടെ പേര് | പരിശീലന സ്ഥലം | പരിശീലന ദിവസങ്ങൾ | പങ്കെടുത്ത ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 3 | Training on Statistical System in the State – Familiarsing various surveys – Data Collection Techniques and Methodologies | SASA, Kaimanam | 18 to 21 June 2019 | 30 |
| 4 | Training on Measuring Development – The Role and Adequacy of Development Indicators | SASA, Kaimanam | 24 to 27 July 2019 | 28 |
| 5 | Training on Statistical Analysis and Data Visualization – Acquisition of Practical 'R' Skill | SASA, Kaimanam | 3 to 5 October 2019 | 22 |
| 6 | Training on Awareness on Sustainable Development Goal – 2030, Green GDP Gender Budgeting | SASA, Kaimanam | 25 to 29 November 2019 | 29 |
| 7 | Training on effective office Management and Administrative Skill | SASA, Kaimanam | 2 to 6 December 2019 | 30 |
| 8 | Training on Basics of Micro and Macro Economic Theory | SASA, Kaimanam | 17 to 20 February 2020 | 30 |
| 9 | Training on GSDP Estimation Procedure and Familiarise Other Macro Economic Indicators | SASA, Kaimanam | 4 to 7 March 2020 | 31 |

## 4.2. ട്രെയിനിംഗ് വിഭാഗം(ഐ.എം.ജി)

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ (STP) ഭാഗമായി വകുപ്പ് ഐ.എം.ജി-യുമായി ചേർന്ന് 2004 മുതൽ വകുപ്പിലെ ജീവനക്കാർക്ക് വിവിധ തലങ്ങളിലായി Departmental Topics, Service related Topics, Behavioural Topics എന്നീ മേഖലകളിൽ

ട്രെയിനിംഗുകൾ നൽകി വരുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് റീജിയണുകളായിട്ടാണ് ട്രെയിനിംഗുകൾ നടത്തുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെയും ഡയറക്ടറേറ്റിലെയും ജീവനക്കാർക്കായി തിരുവനന്തപുരം സെന്ററിൽ വച്ചും, ഡയറക്ടറേറ്റിൽ ട്രെയിനിംഗ് ഹാളിൽ വച്ചും, ആലപ്പുഴ മുതൽ തൃശ്ശൂർ വരെയുള്ള ജീവനക്കാർക്ക് ഐ.എം.ജി കൊച്ചി സെന്ററിൽ വച്ചും, പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജീവനക്കാർക്ക് ഐ.എം.ജി കോഴിക്കോട് സെന്ററിൽ വച്ചും ട്രെയിനിംഗുകൾ നൽകി വരുന്നു.

ഐ.എം.ജി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഐ.എം.ജി യുടെ ഫണ്ട് ഉപയോഗിച്ചാണ് ഈ ട്രെയിനിംഗുകൾ നടത്തി വരുന്നത്.

2019-20 വർഷം ഐ.എം.ജി അംഗീകരിച്ച ട്രെയിനിംഗുകൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഐ.എം.ജി അംഗീകരിച്ച നൽകിയ പരിശീലനപരിപാടി | പരിശീലന ദിവസങ്ങൾ | പരിശീലനസ്ഥലം |
|---|---|---|---|
| 1 | ഇൻഡക്ഷൻ ട്രെയിനിംഗ് ടു റിസർച്ച് ഓഫിസേഴ്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്II | 18 | ഐ.എം.ജി തിരുവനന്തപുരം |
| 2 | ഇൻഡക്ഷൻ ട്രെയിനിംഗ് ടു റിസർച്ച് ഓഫിസേഴ്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്II | 18 | ഐ.എം.ജി കോഴിക്കോട് |
| 3 | ഇൻഡക്ഷൻ ട്രെയിനിംഗ് ടു റിസർച്ച് ഓഫിസേഴ്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്II | 18 | ഐ.എം.ജി കൊച്ചി |
| 4 | ട്രെയിനിംഗ് ഓൺ മലയാളം കമ്പ്യൂട്ടിംഗ് | 3 | ഐ.എം.ജി തിരുവനന്തപുരം |
| 5 | ട്രെയിനിംഗ് ഓൺ മലയാളം കമ്പ്യൂട്ടിംഗ് | 3 | ഐ.എം.ജി കോഴിക്കോട് |
| 6 | ട്രെയിനിംഗ് ഓൺ മലയാളം കമ്പ്യൂട്ടിംഗ് | 3 | ഐ.എം.ജി |

| | | | |
|---|---|---|---|
| | | | കൊച്ചി |
| 7 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 8 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 9 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 10 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 11 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 12 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 13 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 14 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 15 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 16 | കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി | 3 | ഡി.ഇ.എസ് |
| 17 | ട്രെയിനിംഗ് ഓൺ മലയാളം കമ്പ്യൂട്ടിംഗ് | 3 | ഐ.എം.ജി തിരുവനന്തപുരം |
| 18 | ട്രെയിനിംഗ് ഓൺ മലയാളം കമ്പ്യൂട്ടിംഗ് | 3 | ഐ.എം.ജി കോഴിക്കോട് |
| 19 | ട്രെയിനിംഗ് ഓൺ മലയാളം കമ്പ്യൂട്ടിംഗ് | 3 | ഐ.എം.ജി കൊച്ചി |

വകുപ്പ് തലത്തിൽ തന്നെ വകുപ്പിൽ ആവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുക, വകുപ്പ് ആസ്ഥാനത്തെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തുക എന്നീ ഉദ്ദേശങ്ങളോടു കൂടി ഡയറക്ടറേറ്റിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള 30 പേരെ തെരഞ്ഞെടുത്ത് അവർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് ഓൺ മൈ എസ്.ക്യൂ.എൽ & പി.എച്ച്.പി -ൽ 30 ദിവസത്തെ ട്രെയിനിംഗ് നൽകുക എന്നുള്ള ഉദ്ദേശത്തോടുക കൂടിയാണ് 10 ട്രെയിനിംഗുകൾ ട്രെയിനിംഗ് കലണ്ടറിൽ ഉൾപ്പെടുത്തിയത്. എന്നാൽ ഫണ്ടിന്റെ അഭാവം കാരണം എല്ലാ ട്രെയിനിംഗുകളും ഐ.എം.ജി നിർത്തിവച്ചതിനാൽ 2019-20 ട്രെയിനിംഗ് കലണ്ടറിൽ ഉൾപ്പെടുത്തിയ ഇൻഡക്ഷൻ ട്രെയിനിംഗ് ടു റിസർച്ച് ഓഫീസേഴ്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്II (ഐ.എം.ജി തിരുവനന്തപുരം), മലയാളം കമ്പ്യൂട്ടിംഗ് (ഐ.എം.ജി കൊച്ചി) എന്നിവ ഒഴികെയുള്ള ട്രെയിനിംഗുകൾ ഒന്നും തന്നെ നടത്താൻ സാധിച്ചില്ല.

### 4.3 സ്കീമുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടുള്ള പരിശീലന പരിപാടികൾ

ഇ.എ.ആർ.എ.എസ്, പ്രൈസ്, വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്, എൻ.എസ്.എസ് മുതലായ വിവിധ സ്കീമുകളുടെ പരിശീലന പരിപാടികൾ സ്ക്രൂട്ടിണി ട്രെയിനിംഗ്, വാലിഡേഷൻ, വിവിധ അഡ്ഹോക് ട്രെയിനിംഗുകളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നടത്തി വരുന്നു.ഈ പരിശീലന പരിപാടികൾ മുഖേന ഡാറ്റാശേഖരണവുമായി നേരിട്ട് ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഡാറ്റാശേഖരണത്തിന്റെനൂതന വിദ്യകൾ പരിചയപ്പെടുത്തുകയും അതു വഴി ഡാറ്റാ ശേഖരണം സുഗമമാക്കുകയും ശേഖരിക്കുന്ന ഡാറ്റയുടെ നിലവാരം ഉയർത്തുകയും ചെയ്യുന്നു.

### 4.4 നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം ട്രെയിനിംഗ് അക്കാഡമി (NSSTA)

ദേശീയതലത്തിലുള്ള പരിശീലന പരിപാടി MoSPI യുടെ മേൽനോട്ടത്തിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റംട്രെയിനിംഗ് അക്കാഡമി-NOIDAയാണ് നടത്തുന്നത്. കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും സ്റ്റാറ്റിസ്റ്റിക്കൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക്പ്രവർത്തനശേഷി വർദ്ധിപ്പിക്കാൻ വേണ്ടിയാണ് ഈപരിശീലനം നൽകുന്നത്. വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരുടെ നാമനിർദ്ദേശം നൽകുകയും ആയതിൽ നിന്നും പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

അദ്ധ്യായം-5

# വകുപ്പിലെ പ്രധാന പദ്ധതികളും വിഭാഗങ്ങളും

## 5.1 എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ്) വിഭാഗം

സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ഓരോ കാർഷിക വർഷവും സാമ്പിൾ സർവേയിലൂടെ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്യുന്നതിനും, ആയത് റിപ്പോർട്ടാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും മറ്റ് ഏജൻസികൾക്കും നൽകുന്നതിനുമായി എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ്) എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി വകുപ്പിന്റെ സഹകരണത്തോടെ നടത്തി വരുന്നു.

ഓരോ വർഷവും കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂവിസ്തൃതി, ഓരോ കാർഷിക വിളകളും കൃഷി ചെയ്യുന്ന ഭൂവിസ്തൃതി, അവയുടെ ഉൽപ്പാദനം, ഉല്പാദനക്ഷമത, വിളകളുടെ ജലസേചന സംബന്ധമായ വിവരങ്ങൾ, പ്രധാനമന്ത്രി ഫസൽ ബീമാ യോജന (Pradhan Mantri Fasal Bima Yojana (PMFBY)) വിള ഇൻഷൂറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകളുടെ ശരാശരി വിളവ് മുതലായ സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ ഈ പദ്ധതിയിലൂടെ ശേഖരിക്കുന്നു.

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ 13 ഇനങ്ങളായി തരംതിരിച്ച് ശേഖരിക്കുന്നതിലൂടെ യഥാർത്ഥ കൃഷി ഭൂമിയുടെ വിസ്തൃതി, വിവിധ ഇനം തരിശുഭൂമി, കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലവിസ്തൃതി, മറ്റു കാർഷികേതര ഉപയോഗങ്ങൾക്കായുള്ള ഭൂവിസ്തൃതി തുടങ്ങിയവ തിട്ടപ്പെടുത്തുവാൻ കാർഷിക സ്ഥിതിവിവരക്കണക്ക് സർവേയിലൂടെ സാധിക്കുന്നു. കാർഷിക ഭൂവിനിയോഗം ശേഖരിക്കുമ്പോൾ കാലികവിളകൾ, വാർഷികവിളകൾ, ദീർഘകാലവിളകൾ എന്നിവയുടെ വിവരങ്ങളും ജലസേചന മാർഗ്ഗത്തിനായി ഉപയോഗിക്കുന്ന വിവിധ സ്രോതസ്സുകളുടെ വിവരങ്ങളും പ്രത്യേകം ശേഖരിക്കുന്നു.

സംസ്ഥാനത്തെ പഞ്ചായത്തുകളെ ആകെ 811 സോണുകളായി തിരിച്ച് ഓരോ സോണിലും ഓരോ ഇൻവെസ്റ്റിഗേറ്റർ ഫീൽഡ്തല ജോലികൾ നിർവ്വഹിക്കുന്നു.

ഫീൽഡ്തല ജോലികളും ശേഖരിക്കുന്ന വിവരങ്ങളുടെ കൃത്യതയും താലൂക്ക്തല ആഫീസർമാർ, ജില്ലാതല ആഫീസർമാർ, ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പരിശോധിക്കുന്നതിന് പുറമേ അത്യാവശ്യഘട്ടങ്ങളിൽ സംസ്ഥാനതല ആഫീസർമാരും പരിശോധനകൾ നടത്തി വരുന്നു.

ഫീൽഡിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ നിർദ്ദിഷ്ട ഫോറങ്ങളിലാക്കി താലൂക്ക്തലത്തിലും തുടർന്ന് ജില്ലാതലത്തിലും സൂക്ഷ്മപരിശോധന നടത്തി നിർദ്ദിഷ്ട തീയതികളിൽ ഡയറക്ടേറ്റിൽ ലഭ്യമാക്കുന്നു. ഇ.എ.ആർ.എ.എസ് സർവേയുമായി ബന്ധപ്പെട്ട ഡാറ്റ എസ്റ്റിമേഷൻ, ക്രോഡീകരണം, വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ, പ്രസിദ്ധീകരണം തുടങ്ങിയ ജോലികൾ ഡയറക്ടറേറ്റിലെ ഇ.എ.ആർ.എ.എസ് വിഭാഗം നിർവ്വഹിക്കുന്നു.

2018-19 വർഷത്തെ കാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റായ **www.ecostatkerala.gov.in**ൽ ലഭ്യമാക്കിയിട്ടുണ്ട്. 2019-20 കാർഷിക വർഷത്തെ സർവേ ജോലികൾ 01/07/2019ൽ ആരംഭിച്ചു. 2019-20 കാർഷികവർഷത്തെ വിളപ്രവചന റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രധാന വിളകളുടെ ഒന്നാമത്, രണ്ടാമത് എസ്റ്റിമേറ്റ്സ് റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിന് യഥാസമയം അയച്ചുകൊടുക്കുകയും റിപ്പോർട്ട് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കമുക്, ഏത്തവാഴ, മറ്റുവാഴ, കുരുമുളക്, തെങ്ങ്, മരച്ചീനി, നെല്ല് തുടങ്ങിയ വിളകളുടെ വിളപ്രവചന റിപ്പോർട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് യഥാസമയം അയച്ചു കൊടുത്തിട്ടുണ്ട്. ഇഞ്ചി, മഞ്ഞൾ, കശുവണ്ടി എന്നിവയുടെ വിളപ്രവചന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

2019-20 കാർഷിക വർഷത്തെ നിലം ഭൂമി സർവേയുടെ ഒന്നും രണ്ടും സന്ദർശനങ്ങളും കരഭൂമി സർവേയുടെ ഒന്നാം സന്ദർശനവും പൂർത്തിയായിട്ടുണ്ട്. കരഭൂമി സർവേ രണ്ടാം സന്ദർശനം പുരോഗമിക്കുന്നു. വിരിപ്പ്, മുണ്ടകൻ എന്നീ സീസണുകളിലെ നെല്ലിന്റെ വിസ്തൃതി തയ്യാറാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് യഥാസമയം അയച്ചുകൊടുത്തിട്ടുണ്ട്. പുഞ്ച നെല്ലിന്റെ വിസ്തൃതി തയ്യാറാക്കി വരുന്നു. ഈ റിപ്പോർട്ടുകൾ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റായ www.ecostatkerala.gov.in ൽ ലഭ്യമാണ്. ജനറൽ ക്രോപ്പ് എസ്റ്റിമേഷൻ സർവേയിലെ വിരിപ്പ്, മുണ്ടകൻ

സിസണുകളിലെ നെല്ലിന്റെ വിളപരീക്ഷണങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റു വിളകളുടെ വിളപരീക്ഷണങ്ങൾ പുരോഗമിക്കുന്നു.

2019-20 വർഷത്തെ വിരിപ്പ് സീസണിലെ നെല്ലിന്റെ പഞ്ചായത്ത്തല ശരാശരി വിളവ് കണക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന കൃഷി വകുപ്പിനും, ദേശീയ കാർഷിക വിള ഇൻഷ്വറൻസ് കമ്പനിക്കും യഥാസമയം നൽകിയിട്ടുണ്ട്. മുണ്ടകൻ സീസണിലെ നെല്ലിന്റെ പഞ്ചായത്ത്തല ശരാശരി വിളവ് (Mean Yield) തയ്യാറാക്കി വരുന്നു. 2019-20 കാർഷിക വർഷത്തെ വിരിപ്പ് നെല്ലിന്റെ ഉല്പാദനം കണക്കാക്കി ഗവ:ഓഫ് ഇന്ത്യയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ വിരിപ്പ് നെല്ലിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ട് ജില്ലാതല sampling error ഉൾപ്പെടെ CES ടേബിൾസ് തയ്യാറാക്കി NSSO യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. 2019-20 കാർഷിക വർഷത്തെ റാബി-I സീസണിലെ മരച്ചീനി, ഏത്തവാഴ എന്നിവയുടെ പഞ്ചായത്ത്തലത്തിലും ബ്ലോക്ക് തലത്തിലുമുള്ള ശരാശരി വിളവ് റിപ്പോർട്ടുകൾ തയ്യാറാക്കി കൃഷി വകുപ്പിനും ദേശീയ കാർഷിക വിളഇൻഷ്വറൻസ് കമ്പനിക്കും യഥാസമയം നൽകി. റാബി-II സീസണിലെ മരച്ചീനി, മറ്റുവാഴ എന്നിവയുടെ ബ്ലോക്ക് തലത്തിലും പഞ്ചായത്ത്തലത്തിലുമുള്ള ശരാശരി വിളവ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 2019-20 കാർഷിക വർഷത്തെ വിരിപ്പ് നെല്ലിന്റെ ഉല്പാദനം ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.2018-19 കാർഷിക വർഷത്തെ മരച്ചീനി, ഏത്തവാഴ, കുരുമുളക്, അടയ്ക്ക എന്നിവയുടെ CES ടേബിൾസ് തയ്യാറാക്കി GOI യ്ക്ക് നൽകിയിട്ടുണ്ട്

ഇ.എ.ആർ.എ.എസ് സർവേയിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസും (NSC) വകുപ്പും (DES) സംയുക്തമായി നടപ്പിലാക്കി വരുന്ന Improvement of Crop Statistics (ICS) പദ്ധതി, ഇ.എ.ആർ.എ.എസ് സർവേയിലെ പോരായ്മകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനായി നടപ്പുവർഷത്തിലും നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തെ നാളികേരത്തിന്റെ ക്രോപ്പ് എസ്റ്റിമേഷൻ ടേബിൾസ് തയ്യാറാക്കി NSO ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2018-19 വർഷത്തെ വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിലെ നെല്ലിന്റെയും മറ്റു വിളപരീക്ഷണങ്ങളായ കുരുമുളക്, അടയ്ക്ക, ഏത്തവാഴ, നാളികേരം,

മരച്ചീനി എന്നിവയുടെ സ്റ്റേറ്റ്, സെൻട്രൽ സാമ്പിളുകളുടെ AS.2.0 ഷെഡ്യൂളുകളുടെ ടാബുലേഷൻ ജോലികളും പൂർത്തിയാക്കി GOI ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

മഹലനോബിസ് നാഷണൽ ക്രോപ്പ് ഫോർകാസ്റ്റ് സെന്റർ (MNCFC) ന്റെ നേതൃത്വത്തിൽ റിമോട്ട് സെൻസിംഗ് ടെക്നിക് ഉപയോഗിച്ച് ആലപ്പുഴ, പാലക്കാട്, ജില്ലകളിൽ ക്രോപ്പ് എസ്റ്റിമേഷൻ നടത്തി ഡാറ്റാ അനാലിസിസ് നടത്തി വരുന്നു.

C-DAC ന്റെ സേവനം ഉപയോഗിച്ച് ഇ.എ.ആർ.എ.എസ് ജോലികൾ DESCAS സോഫ്റ്റ്വയറിലൂടെ ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനവും പുരോഗമിച്ചു വരുന്നു.

സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല പരിശീലന പരിപാടി 04/07/2019, 05/07/2019 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കും ഫീൽഡ്തല ഉദ്യോഗസ്ഥർക്കും ജില്ലാതലത്തിലുള്ള പരിശീലന പരിപാടികൾ വർഷാരംഭം തന്നെ അതാത് ജില്ലകളിൽ വച്ചും നടത്തുകയുണ്ടായി. കൂടാതെ ICS സ്കീമിൽ സാമ്പിൾ ചെക്കുമായി ബന്ധപ്പട്ട പരിശീലനം സാമ്പിൽ ചെക്ക് സർവേയുടെ ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് 24/07/2019, 25/07/2019 എന്നീ തീയതികളിൽ സംസ്ഥാനതലത്തിൽ നടത്തി.

2018-19 വർഷത്തെ **'**കാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട്**"**, 2017-18 വർഷത്തെ **"**ആനുവൽ റിവ്യൂ ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് സിസ്റ്റം ഇൻ കേരള ത്രൂ ദ സ്കീം ഫോർ ഇംപ്രൂവ്മെന്റ് ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ്**"** എന്നീ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

2019-20 സാമ്പത്തിക വർഷത്തെ ഇ.എ.ആർ.എ.എസ് പ്രവർത്തനങ്ങളുടെ ഭൗതിക-സാമ്പത്തിക പുരോഗതി റിപ്പോർട്ടുകൾ യഥാസമയം കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്.

**5.2-വ്യവസായ സ്ഥിതിവിവരകണക്ക് വിഭാഗം**

വ്യാവസായിക സ്ഥിതിവിവരക്കണക്കുകളുടെ മുഖ്യ സ്രോതസ്സാണ് വാർഷിക വ്യവസായ സർവേ. ദേശീയതലത്തിൽ നടത്തി വരുന്ന ഈ സർവേയിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിനൊപ്പം ചേർന്ന് ഈ വകുപ്പ് സംസ്ഥാനത്ത് സർവേയ്ക്ക് ആവശ്യമായ വിവരശേഖരണം നടത്തി വരുന്നു. കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട് 2008 ഉം 2011 ലെ ചട്ടങ്ങളും പ്രകാരമാണ് വിവരശേഖരണം നടത്തിവരുന്നത്.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസാണ് (എൻ എസ് ഒ) സർവേയ്ക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നത്.

സംഘടിത മേഖലയിലെ ഉല്പാദന യൂണിറ്റുകളുടെ ഘടന, ഉൽപാദന രീതി, ലാഭ/നഷ്ട കണക്ക് തുടങ്ങി വ്യവസായ സ്ഥാപനങ്ങളെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ സംബന്ധിച്ച അടിസ്ഥാന സ്ഥിതിവിവരക്കണക്ക് ഈ സർവേയിലൂടെ ശേഖരിക്കുന്നു. ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിത മേഖലയിലെ ഫാക്ടറികളുടെ എണ്ണം, സ്ഥിരമൂലധനം, പ്രവർത്തന മൂലധനം, മൂലധന രൂപീകരണം, മൊത്ത മൂലധനവർദ്ധനവ് തുടങ്ങിയ വിവരങ്ങൾ സംസ്ഥാനതലത്തിൽ തയ്യാറാക്കുന്നു.

ഫാക്ടറീസ് ആക്ട് - 1948 ലെ സെക്ഷൻ 2(m)(i), 2(m)(ii) പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ, ബീഡി ആന്റ് സിഗാർ വർക്കേഴ്സ് ആക്ട് – 1966 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ, ഫാക്ടറീസ് ആക്ടിൽ രജിസ്റ്റർ ചെയ്യാത്തതും കമ്പനീസ് ആക്ട് 1956, ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവയിൽ രജിസ്റ്റർ ചെയ്തതും ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ ബിസിനസ്സ് രജിസ്റ്റർ ഓഫ് എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെട്ട നൂറോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളാണ് സർവേയുടെ പരിധിയിൽ ഉൾപ്പെടുന്നത്.

സർവേ നടത്തിപ്പിനായി ജില്ല ഡെപ്യൂട്ടി ഡയറക്ടർമാരെ സ്റ്റാറ്റിസ്റ്റിക്സ് ആഫീസറായി നിയമിക്കുന്നു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് (എൻ.എസ്.ഒ) ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗാണ് സർവേക്കാവശ്യമായ സാമ്പിൾ യൂണിറ്റുകൾ തിരഞ്ഞെടുത്തു തരുന്നത്. ജില്ലാതലത്തിൽ സാമ്പിൾ യൂണിറ്റുകൾക്ക് ഡെപ്യൂട്ടി ഡയറക്ടർ നോട്ടീസും സർവേ ഷെഡ്യൂളുകളും അയക്കുകയും ഫീൽഡ് ജോലിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത യൂണിറ്റുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും ചെയ്യുന്നു. ശേഖരിച്ച വിവരങ്ങൾ എൻ.എസ്.ഒ ലഭ്യമാക്കിയ e-schedule package ഉപയോഗിച്ച് ഡാറ്റ എൻട്രി ചെയ്യുന്നു. ആയത് ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും സ്കൂട്ടിനി ചെയ്യുകയും STATA Software ഉപയോഗിച്ച് ഡാറ്റ വിശകലനം നടത്തി സർവേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

എ.എസ്.ഐ 2016-17 സർവേയിലൂടെ ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2017-18 സർവേയുടെ വിവരശേഖരണം, ഡാറ്റാ എൻട്രി, സ്കൂട്ടിനി എന്നിവ പൂർത്തീകരിച്ചു,. റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച ജോലികൾ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ (എൻ.എസ്.ഒ), ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗിൽ നിന്നും യൂണിറ്റ് ലെവൽ ഡാറ്റാ ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. നിലവിൽ എ.എസ്.ഐ 2018-19 സർവേ കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ജില്ലകളിൽ ഫീൽഡ് തല ജോലികൾ ആരംഭിക്കുകയും ചെയ്തു.

എ.എസ്.ഐ സർവേയുമായി ബന്ധപ്പെട്ട് ജില്ലാതല ഉദ്യോഗസ്ഥർ (ഡെപ്യൂട്ടി ഡയറക്ടർ, റിസർച്ച് ആഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ, ഡയറക്ടറേറ്റിലെ എ.എസ്.ഐ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർക്കായി 2019 ജൂൺ 25,26 തീയതികളിൽ തിരുവനന്തപുരം സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ) ഒന്നാം ഘട്ട പരിശീലന പരിപാടി നടത്തുകയുണ്ടായി. കൂടാതെ സർവേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അക്കൗണ്ടൻസി വിഷയത്തിൽ കൂടുതൽ പരിജ്ഞാനം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ) യുടെ ആഭിമുഖ്യത്തിൽ 2019 മെയ് 27 മുതൽ 31 വരെ 'Training on Accounting Procedures in Business & Commercial Establishment Companies Act 2013-Preparation of Balance sheet and Profit and Loss Account' എന്ന പരിശീലന പരിപാടി നടത്തുകയുണ്ടായി.

### 5.3 വ്യാവസായികോത്പാദന സൂചിക നിർണ്ണയ വിഭാഗം(IIP)

കേരള സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്തുണ്ടാകുന്ന വളർച്ചാനിരക്ക് കണക്കാക്കുന്നതിനും വ്യാവസായിക ഉത്പാദനത്തിലെ ഹ്രസ്വകാല മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും വ്യാവസായിക ഉത്പാദന സൂചിക കണക്കാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെ വ്യാവസായിക ഉത്പാദന സൂചിക തയ്യാറാക്കുക എന്നതാണ് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ഐ.ഐ.പി വിഭാഗത്തിന്റെ പ്രവർത്തനം. സി.എസ്.ഒ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത 190

സ്ഥാപനങ്ങളിൽ നിന്നായി ഓരോ മാസവും 134 ഇനം ഉത്പന്നങ്ങളുടെ ഉത്പാദനവും, ഖനന മേഖലയുമായി ബന്ധപ്പെട്ട ഉത്പാദനവും, വൈദ്യുതോൽപാദനവും ശേഖരിച്ച് ശാസ്ത്രീയമായാണ് വ്യാവസായിക ഉത്പാദന സൂചിക തയ്യാറാക്കുന്നത്.

2019-20 വർഷത്തിൽ ആദ്യ രണ്ട് പാദങ്ങളിലെയും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള വ്യവസായിക ഉത്പാദന സൂചിക മാസാടിസ്ഥാനത്തിലും പാദ അടിസ്ഥാനത്തിലും തയ്യാറാക്കി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്നാം പാദ വ്യവസായിക ഉത്പാദന സൂചിക (2019 ഒക്ടോബർ മുതൽ 2019 ഡിസംബർ വരെ) 2020 മാർച്ച് ആദ്യ വാരത്തിലും, നാലാം പാദ വ്യവസായിക ഉത്പാദന സൂചിക (2020 ജനുവരി മുതൽ 2020 മാർച്ച് വരെ) 2020 മെയ് മൂന്നാം വാരത്തിലും തയ്യാറാക്കി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 190 സ്ഥാപനങ്ങളിൽ നിന്നായി ഓരോ മാസവും 134 ഉത്പന്നങ്ങളുടെ വിവരം ശേഖരിച്ച് പ്രതിമാസമായും, പാദവാർഷികമായും വ്യാവസായിക ഉത്പാദന സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഐഐപി വിഭാഗം സ്വീകരിക്കുന്നതാണ്.

5. 4 **സർവേയും പഠനവും**

കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ കുറിച്ചോ, മറ്റു വകുപ്പുകൾ / സർക്കാർ പ്രത്യേകം ആവശ്യപ്പെടുന്ന വിഷയങ്ങളെ കുറിച്ചോ സംസ്ഥാന വരുമാനം കണക്കാക്കുന്നതിന് ഉപകരിക്കുന്ന വിവരങ്ങൾ ലഭ്യമല്ലാത്ത മേഖലകളെ കുറിച്ചോ ഓരോ വർഷവും വകുപ്പ് പഠനങ്ങൾ നടത്താറുണ്ട്. റിപ്പോർട്ട് വർഷത്തെ പഠനവിഷയവും പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ 'കേരളത്തിലെ മൊത്ത/ചില്ലറ വില്പന നടത്തുന്ന കമ്പോളങ്ങളെ കുറിച്ചുള്ള സർവേ' നടത്തുന്നതിനായി സംസ്ഥാന ബഡ്ജറ്റ് 2019-ൽ 30 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ആയത് അനുസരിച്ച് ടി സർവേ 2019-20 സാമ്പത്തിക വർഷം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ടി സർവേയുടെ വിവരശേഖരണം നടത്തുവാനായില്ല.

2019-20 വർഷത്തിൽ കേരളത്തിലെ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച സർവേ (2017-18) റിപ്പോർട്ടും, Report on Forestry Input Cost Rate in Kerala:2017-18 ഉം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

## 5.5 **ദേശീയ സാമ്പിൾ സർവ്വെ**

കേന്ദ്ര സർക്കാരിന്റെ ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് ദേശീയ തലത്തിൽ നടത്തിവരുന്ന സാമൂഹിക സാമ്പത്തിക സർവ്വേകളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കൊപ്പം കേരളവും പങ്ക് ചേർന്ന് സർവ്വേ നടത്തുന്നു. പ്രസ്തുത സർവ്വേയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാന വരുമാന നിർണ്ണയത്തിന് ഉപയോഗിക്കുന്നതിനോടൊപ്പം ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സാമൂഹിക സാമ്പത്തിക ആസൂത്രണത്തിനും നയരൂപീകരണത്തിനും ഉപയുക്തമാക്കുന്നു. എൻ.എസ്.എസ് സർവ്വേ ക്രമമായ ഇടവേളകളിൽ തുടർച്ചയായ റൗണ്ടുകളിലൂടെ നടത്തപ്പെടുന്ന സർവ്വേയാണ്. സാധാരണയായി ഓരോ റൗണ്ടും ഒരു വർഷ കാലയളവിൽ സമകാലീന വിഷയങ്ങളെ ആസ്പദമാക്കി പഠനം നടത്തുന്നു. (ആയത് നിശ്ചയിക്കുന്നത് ദേശീയ തലത്തിൽ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസും നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുമാണ്) കേരളത്തിനു വേണ്ടി പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ദേശീയ സാമ്പിൾ സർവ്വേ വിഭാഗമാണ്.

നടപ്പ സാമ്പത്തിക വർഷത്തിൽ വാർഷിക സർവ്വേയായ 77-മത് റൗണ്ട് സർവ്വേ 2019 ജനുവരി മാസം ആരംഭിച്ച് 2019 ഡിസംബർ മാസം അവസാനിക്കുകയും 78-മത് റൗണ്ട് സർവ്വേ 2020 ജനുവരി മാസം ആരംഭിച്ച് 2020 ഡിസംബറിൽ അവസാനിക്കുകയാണ് ചെയ്യുന്നത്. കൈവശഭൂമി, കന്നുകാലി സമ്പത്ത്, കടബാധ്യതയും നിക്ഷേപവും കാർഷിക കുടുംബങ്ങളുടെ അവസ്ഥ എന്നീ വിഷയങ്ങളാണ് 77-മത് റൗണ്ട് സർവ്വേയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ആഭ്യന്തര ടൂറിസം, ധനവ്യയം, മൾട്ടിപ്പിൾ ഇൻഡിക്കേറ്റേഴ്സ് എന്നീ വിഷയങ്ങളിലാണ് 78-മത് റൗണ്ട് സർവ്വേ നടന്നു വരുന്നത്. എൻ.എസ്.ഒ രൂപകൽപ്പന ചെയ്തിട്ടുള്ള സർവ്വേ ഷെഡ്യൂളുകളും മാർഗ്ഗനിർദ്ദേശങ്ങളും ഉപയോഗിച്ചാണ് വിവരശേഖരണം നടത്തുന്നത്. 77- മത് റൗണ്ട്

സർവ്വേയുടെ ഫീൽഡ്തല ജോലി പൂർത്തീകരിക്കുകയും 78-മത് റൗണ്ട് സർവ്വേയുടെ ഫീൽഡ്തല ജോലി പുരോഗമിക്കുകയും ചെയ്യുന്നു.

ഫീൽഡ്തല ജോലികൾ പൂർത്തിയാകുമ്പോൾ സർവ്വേ ഷെഡ്യൂളുകൾ സൂക്ഷ്മപരിശോധന നടത്തുകയും അതിനു ശേഷം എൻ.എസ്.ഒ നൽകുന്ന സോഫ്റ്റ്വെയറിലൂടെ ഡാറ്റാ എൻട്രിയും വാലിഡേഷനും ടേബിളുകളുടെ രൂപീകരണവും പൂർത്തിയാക്കുകയും ചെയ്യുന്നു. ടി ടേബിളുകളുടെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.76-മത് റൗണ്ടിന്റെ ഡാറ്റാ എൻട്രിയും വാലിഡേഷനും പൂർത്തീകരിച്ചു.

78-മത് റൗണ്ട് സർവ്വേയുടെ വാർഷിക പരിശീലന പരിപാടി 27/12/2019, 28/12/2019 എന്നീ തീയതികളിൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് നടത്തുകയുണ്ടായി. 100 ഉദ്യോഗസ്ഥർ ടി പരിശീലന പരിപാടിയിൽ പങ്കെടുത്തു.

73-മത് റൗണ്ട് സർവ്വേയായ 'Unincorporated Non Agricultural Enterprises' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സ്റ്റേറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

69-മത് റൗണ്ട് സർവ്വേയുടെ കുടിവെള്ളം, ശുചിത്വം, പാർപ്പിടം എന്നിവയെ സംബന്ധിക്കുന്ന പൂൾഡ് റിപ്പോർട്ട്, 71-മത് റൗണ്ടിലെ ആരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പൂൾഡ് റിപ്പോർട്ട്, 72-മത് റൗണ്ടിലെ ടൂറിസം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പൂൾഡ് റിപ്പോർട്ട് 73-മത് റൗണ്ട് പൂൾഡ് റിപ്പോർട്ട് എന്നിവ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.

78-മത് റൗണ്ട് സർവ്വേയുടെ ഫീൽഡ് ജോലികൾ 2020 ഡിസംബർ മാസം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു. 75, 76, 77 എന്നീ റൗണ്ടുകളുടെ ഡാറ്റ വാലിഡേഷൻ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നു. 75-മത് റൗണ്ട് സർവ്വേയുടെ ഡാറ്റ വാലിഡേഷൻ പുരോഗമിക്കുന്നു. 77-മത് റൗണ്ടിന്റെ ഡാറ്റാ എൻട്രി പുരോഗമിക്കുന്നു.

5.6. **തൊഴിൽ മേഖലയിലെ സ്ഥിതിവിവര കണക്ക്**

1948 ലെ ഫാക്ടറി നിയമം, 1936 ലെ സേവനവേതന നിയമം, 1961 ലെ പ്രസവാനുകൂല്യ നിയമം എന്നിവ പ്രകാരം ഫാക്ടറികളിലും തോട്ടം മേഖലയിലും

തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിച്ച് വാർഷിക റിപ്പോർട്ടുകളായി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു.

പ്രസവാനുകൂല്യ നിയമ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ട് 2019 വർഷം വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2020 ലെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. 2011 മുതൽ 2017 വരെയുള്ള ഏഴ് വർഷത്തെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വ്യവസായ സംരംഭങ്ങളിലെ തൊഴിൽ തർക്കങ്ങൾ ഒഴികെയുള്ള കാരണത്താൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള പ്രതിമാസ റിപ്പോർട്ട് 2020 ജൂൺ മാസം വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

5.7. **വേതനഘടന സർവ്വെ**

അഞ്ചു വർഷ കാലാവധിയിലാണ് വേതനഘടന സർവ്വെ നടത്തുന്നത്. 2017-2022 കാലയളവിലെ സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും മൊത്ത / ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നവരുടെയും കെട്ടിടനിർമ്മാണ മേഖലയിൽ ജോലി ചെയ്തുവരുന്ന വിവിധ വിഭാഗം തൊഴിലാളികളുടെയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവ്വെയുടെ ഉദ്ദേശം.തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ ത്രൈമാസത്തിലും വേതന വിവരങ്ങൾ ശേഖരിച്ച് അവ സൂക്ഷ്മപരിശോധന നടത്തി ആവശ്യമായ പട്ടികകൾ തയ്യാറാക്കി സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ഉപയോഗത്തിനായി നൽകിവരുന്നു.

ജില്ലാ ആഫീസുകളിൽ നിന്നും ശേഖരിച്ച് അയച്ചുതരുന്ന ഡാറ്റ സൂക്ഷ്മപരിശോധനക്ക് ശേഷം ക്രോഡീകരിക്കുന്നു. 2018-19 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. വാണിജ്യ മേഖലയിലെ 2019-20 വർഷത്തെ ഡാറ്റാ എൻട്രി ജോലി പുരോഗമിച്ചുവരുന്നു.

## 5.8. ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ

കെട്ടിട നിർമ്മാണ മേഖലയിലെ സാമഗ്രികളുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങിയ സ്ഥിതിവിവരക്കണക്കുകൾ വകുപ്പ് ശേഖരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചു വരുന്നു. ഭവന നിർമ്മാണ രംഗത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവ സംഗ്രഹിച്ച് ദേശീയ ഭവനനിർമ്മാണ വകുപ്പിന് അയച്ചു കൊടുക്കുന്നതിനുമായി ത്രിതല സംവിധാനം മൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് നിലവിൽ വന്നു. ഇതിൻ പ്രകാരം പൊതുമരാമത്ത്, നഗരകാര്യം, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് (DES) എന്നീ വകുപ്പുകളിൽ ഓരോ ഭവനനിർമ്മാണ സ്ഥിതിവിവര കണക്ക് സെല്ലുകൾ ആരംഭിക്കുകയും ഇതിന്റെ പ്രവർത്തനം തുടർന്നു വരികയും ചെയ്യുന്നു.

വകുപ്പിന്റെ ജില്ലാ ആഫീസുകൾ മുഖാന്തരം എല്ലാ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും കെട്ടിട നിർമ്മാണം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ കൃത്യമായി ശേഖരിക്കുകയും ക്രോഡീകരിക്കുകയും ഈ സെൽ ചെയ്യുന്നു. ഓരോ സാമ്പത്തിക വർഷത്തിലും നിർമ്മാണം പൂർത്തീകരിച്ച റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം, ഉടമസ്ഥാവകാശം, മേൽക്കൂരയുടെ തരം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

കേന്ദ്ര സർക്കാരിന്റെ പ്രധാന മന്ത്രി ആവാസ് യോജന (PMAY)പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ ഹ്യൂമൺ റിസോഴ്സ് ആന്റ് അസ്സെസ്സ്മെന്റ് (USHA എന്ന പദ്ധതിയുടെ സംസ്ഥാനത്തെ നിർവഹണം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നിർവഹിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നാഷണൽ ബിൽഡിംഗ് ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ആവശ്യമായ വിവരങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നഗരങ്ങളിൽ നിന്നും ത്രൈമാസങ്ങളിൽ ശേഖരിച്ച് എൻ.ബി.ഒയുടെ BRIKS സോഫ്റ്റ് വെയർ വഴി ഓൺലൈനായി കേന്ദ്ര ഹൗസിംഗ് ആന്റ് അർബൻ പോവർട്ടി അലിവിയേഷൻ മന്ത്രാലയത്തിന് അയച്ചു കൊടുക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ വിവരങ്ങൾ 2019-20ൽ ശേഖരിച്ചു ക്രോഡീകരിച്ചിട്ടുണ്ട്. ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് 2016-17 ഈ സാമ്പത്തിക വർഷം

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ വേതനവിവരം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവിവരംഎന്നിവ എല്ലാ ത്രൈമാസത്തിലും ജില്ലാ തലത്തിൽ ശേഖരിക്കുകയുംസംസ്ഥാനതലത്തിൽ അവയുടെ ത്രൈമാസ റിപ്പോർട്ടുകളും വാർഷിക ശരാശരി റിപ്പോർട്ടുകളും തയാറാക്കുകയും ചെയ്യിട്ടുണ്ട്. 2017-18-ലെ വാർഷിക ശരാശരി റിപ്പോർട്ടുകൾ 2019-20 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2018-19-ലെ പാദവാർഷിക റിപ്പോർട്ടുകളും വാർഷിക ശരാശരി റിപ്പോർട്ടുകളും അന്തിമ ഘട്ടത്തിലാണ്.

2011-12 സാമ്പത്തിക വർഷം അടിസ്ഥാനമാക്കി കെട്ടിട നിർമ്മാണ ചെലവ് സൂചിക (Building Construction Cost Index) തയ്യാറാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മാത്രമുള്ള ഒരു വീടിന്റെ നിർമ്മാണത്തിനാവശ്യമായ ചെലവിൽ കാലാനുസൃതമായി വരുന്ന മാറ്റമാണ് ടി സൂചിക പ്രതിഫലിപ്പിക്കുന്നത്. സുപ്രധാനമായ ഈ സൂചിക തയാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ 2019-20 ൽ ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളിലും 2011-12 മുതൽ നൽകിയിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകളെയും കംപ്ലീഷൻ സർട്ടിഫിക്കറ്റുകളെയും സംബന്ധിച്ച വിവരങ്ങൾ, ഈ നഗരങ്ങളിലെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിപണി/ വാടക നിരക്കുകൾ, കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ വേതനവിവരം, സാമഗ്രികളുടെ വിലവിവരം എന്നിവ ശേഖരിക്കുകയും എൻ.ബി.ഓ.യുടെ നിർദ്ദേശങ്ങളനുസരിച്ച് വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. 31/03/2018-വരെയുള്ള വിവരശേഖരണം എല്ലാ നഗരങ്ങളിലും പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ നഗരസഭകളിലെ 31/03/2019 വരെയുള്ള വിവരശേഖരണവും ഡേറ്റ എൻട്രിയും 2019-20ൽ പൂർത്തീകരിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ശേഖരണം, തൊഴിലാളികളുടെ വേതനം സംബന്ധിച്ച വിവര ശേഖരണം, കെട്ടിട നിർമ്മാണ സ്ഥിതിവിവര ശേഖരണം

എന്നിവ സംബന്ധിച്ച ഒരു ഏകദിന പരിശീലന പരിപാടി 2019 ഓഗസ്റ്റ് മാസം 26-ന് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വെച്ച് നടത്തുകയുണ്ടായി.

### 5.9. സംസ്ഥാനവരുമാന വിഭാഗം

ഐക്യരാഷ്ട്രസഭയുടെ നാഷണൽ സിസ്റ്റംസ് ഓഫ് അക്കൗണ്ട്സിന്റെ ചുവട്ടു പിടിച്ചുകൊണ്ട് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (CSO) തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന വരുമാനം കണക്കാക്കുന്ന അതിപ്രധാനമായ ജോലി വകുപ്പ് നിർവ്വഹിച്ച് വരുന്നു.

സംസ്ഥാന വാർഷിക വരുമാനവും പ്രതിശീർഷ വരുമാനവും തന്നാണ്ട് വിലനിലവാരത്തിലും സ്ഥിരവില നിലവാരത്തിലും കണക്കാക്കി വരുന്നു. കൂടാതെ Economic Cum Purpose Classification അടിസ്ഥാനമാക്കിയുള്ള സംസ്ഥാന ബഡ്ജറ്റിന്റെ തരംതിരിവ്, മൂലധന നിക്ഷേപം നിർണ്ണയിക്കൽ എന്നിവയും തയ്യാറാക്കുന്നു.

സംസ്ഥാന തലത്തിൽ തയ്യാറാക്കുന്ന GSDP estimate, CSO-യിലുള്ള NAD തയ്യാറാക്കുന്ന എസ്റ്റിമേറ്റുമായി ഒത്തു നോക്കിയ ശേഷമാണ് അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ജില്ലാ അടിസ്ഥാനത്തിൽ വരുമാനം തയ്യാറാക്കി വരുന്നു. ഇതിന് പുറമെ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻവർഷത്തിലെ സംസ്ഥാന വരുമാനം പുനർനിർണ്ണയിക്കുന്നു. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയുടെ ഫണ്ട് വിനിയോഗം അവയുടെ ബഡ്ജറ്റ് വിശകലനം, മൂലധന നിക്ഷേപത്തിന്റെ അളവ് എന്നിവയുടെ നിർണ്ണയവും നടത്തി സംസ്ഥാന വരുമാനം, ജില്ലാ വരുമാനം, സംസ്ഥാന ബഡ്ജറ്റിന്റെ Economic Cum Purpose Classification, സംസ്ഥാന വരുമാനവും രാജ്യത്തിന്റെ ആകെ വരുമാനവും തമ്മിലുള്ള താരതമ്യ പഠനം തുടങ്ങിയ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. 2018-19 വർഷത്തെ ക്വിക്ക് എസ്റ്റിമേറ്റ് വരെ തയ്യാറായിട്ടുണ്ട്.

ജില്ലാ തലത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സി.എസ്.ഒ-യുടെ നിർദ്ദേശ പ്രകാരം സംസ്ഥാന വരുമാന നിർണ്ണയത്തിൽ കൂടുതൽ സൂക്ഷമത വരുത്തുന്നതിനു വേണ്ടി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും

ഓരോ സാമ്പത്തിക വർഷത്തേയും ധനകാര്യ സ്റ്റേറ്റ്മെന്റ് ശേഖരിച്ച് Economic Cum Purpose Classification-ന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

2018-19 വരെയുള്ള മുഴുവൻ തദ്ദേശസ്ഥാപനങ്ങളുടെയും വാർഷിക ധനകാര്യ കണക്കുകൾ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് സി.എസ്.ഒ-യ്ക്ക് നൽകിയിട്ടുണ്ട്. 2015-16 മുതൽ 2017-18 വരെയുള്ള വർഷത്തെ പ്രസ്തുത റിപ്പോർട്ട് പൂർത്തിയായി വരുന്നു.

സംസ്ഥാനത്തെ വിവിധ പൊതുമേഖല സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ കണക്കുകൾ ശേഖരിച്ച് വിശകലനം നടത്തി സംസ്ഥാന വരുമാനത്തിലേക്കുള്ള വിഹിതം തയ്യാറാക്കുന്നു. 2017-18 വർഷം വരെയുള്ള ലഭ്യമായ കണക്കുകളുടെ വിശകലനം പൂർത്തീകരിച്ചിട്ടുണ്ട്. 2018-19-ന്റെ ശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തീകരിച്ചു വരുന്നു.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, ന്യൂഡൽഹി-യുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിവിധ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. 2018-19വരെയുള്ള GSDP / GDDP estimation കൾ മുകളിൽ സൂചിപ്പിച്ച പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. “Gross Domestic Product of Kerala & India from 2011-12 to 2017-18” എന്ന പ്രസിദ്ധീകരണം 25/09/2019-ന് അംഗീകരിക്കുകയും ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ നല്കിയിട്ടുമുണ്ട്.

### 5.10. കൃഷിച്ചെലവ് സർവേ വിഭാഗം

കേരള സർക്കാർ 27/10/1979 ലെ Rt.466/79/Plg നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ കൃഷിചെലവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 38 താലൂക്കുകളിലാണ് ഇപ്പോൾ കൃഷിചെലവ് സർവേ നടത്തുന്നത്.

പ്രധാന കാർഷിക വിളകളായ നെല്ല് (3 സീസൺ), തെങ്ങ്, കമുക്, മരച്ചീനി, ഏത്തവാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കൈതച്ചക്ക, ഏലം (ഇടുക്കി, പാലക്കാട്, വയനാട്), പാവൽ (3 സീസൺ) വള്ളിപയർ (3 സീസൺ) എന്നീ വിളകൾ ഒരു ഹെക്ടർ കൃഷി

ചെയ്യുന്നതിനുള്ള ചെലവ്, ഒരു ഹെക്ടർ കൃഷി ചെയ്തതിൽ നിന്നും ലഭിക്കുന്ന വരുമാനം തുടങ്ങിയ വിവരങ്ങളാണ് ഓരോ കാർഷിക വർഷവും ശേഖരിക്കുന്നത്.

2017-18 വർഷത്തെ കൃഷിചെലവ് സർവേ ഷെഡ്യൂളുകൾ, വകുപ്പിൽ പുതിയതായി നടപ്പിലാക്കിയ DESCAS സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി ചെയ്ത് വാലിഡേഷൻ നടത്തി പ്രസിദ്ധീകരണത്തിനായി തയ്യാറാക്കി വരുന്നു. 2018-19 സർവേയിലൂടെ ഷെഡ്യൂളുകൾ താലൂക്കുകളിൽ ഡാറ്റാ എൻട്രി ചെയ്ത് വരുന്നു. 2019-20 സർവേയുടെ ഫീൽഡുതല ജോലികൾ പുരോഗമിച്ചു വരുന്നു.

2019-20 ലെ DESCAS സോഫ്റ്റ്‌വെയർ ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ സംസ്ഥാനതല പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. താലൂക്ക്തലത്തിലെയും ജില്ലാതലത്തിലെയും ഡയറക്ടറേറ്റിലെയും കൂടി ആകെ 96 ജീവനക്കാർ ടി പരിശീലന പരിപാടിയിൽ പങ്കെടുത്തു..

2016-17 വർഷത്തെ കൃഷിച്ചെലവ് സർവേ റിപ്പോർട്ട് 2018-19 സാമ്പത്തിക വർഷത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 5.11.കാർഷിക സെൻസസ്

ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യ കാർഷിക സംഘടന (എഫ്.എ.ഒ) ലോകവ്യാപകമായി സംഘടിപ്പിച്ചു വരുന്ന ലോക കാർഷിക സെൻസസിന്റെ ഭാഗമായി കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും 1970-71 മുതൽ അഞ്ച് വർഷത്തിലൊരിക്കൽ തുടർച്ചയായി കാർഷിക സെൻസസ് നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 2015-16 അടിസ്ഥാനവർഷമായി 2016-17 ൽ കേരളത്തിൽ പത്താമത് കാർഷിക സെൻസസ് നടത്തുകയുണ്ടായി.

കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുക, ഈ മേഖലയുമായി ബന്ധപ്പെട്ട നയരൂപീകരണം, അന്തർദേശീയതലത്തിൽ രാജ്യത്തെ കാർഷിക മേഖലയുടെ സ്ഥിതിവിലയിരുത്തുന്നതിനാവശ്യമായ വിവരശേഖരണം നടത്തുക തുടങ്ങിയവയാണ് കാർഷിക സെൻസസിന്റെ മുഖ്യ ലക്ഷ്യം. ഈ പദ്ധതിയിലൂടെ കാർഷിക മേഖലയുടെ അടിത്തറയെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകൾ, ഭൂവിനിയോഗം, ഭൂഉടമസ്ഥത, കാർഷിക വിളകളുടെ വിതരണം,

ജലസേചനം, വളം, കീടനാശിനി എന്നിവയുടെ ഉപയോഗം, കാർഷിക ഉപകരണങ്ങൾ, കന്നുകാലിസമ്പത്ത് തുടങ്ങിയ വിവരങ്ങൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്നു. .

മൂന്നു ഘട്ടങ്ങളിലായാണ് കാർഷിക സെൻസസ് നടക്കുന്നത്. കേരളത്തിൽ ഇതുവരെ ഒമ്പത് കാർഷിക സെൻസസുകൾ പൂർത്തീകരിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്താമത് കാർഷിക സെൻസസ്, തെരഞ്ഞെടുത്ത 3907 വാർഡുകളിലായി ഒന്നും രണ്ടും ഘട്ടങ്ങളും 1366 വാർഡുകളിലായി മൂന്നാം ഘട്ടമായ ഇൻപുട്ട് സർവെയും പൂർത്തീകരിക്കുകയും മൂന്നു ഘട്ടങ്ങളിലേയും ഡാറ്റാ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സർവേയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

**ഒന്നാം ഘട്ടം (ലിസ്റ്റിംഗ്)**

തെരഞ്ഞെടുക്കപ്പെട്ട ഡിവിഷൻ / വാർഡുകളിലെ ഓരോ വീട്ടും സന്ദർശിച്ച് നേരിട്ട് അന്വേഷണം നടത്തി അതതു വാർഡിലെ താമസക്കാരായ കർഷകന്റെ കൈവശാനുഭവ കൃഷിഭൂമിയുടെയും (ഹോൾഡിംഗുകൾ) കൈവശനുഭവ കർഷകന്റെയും വിവരങ്ങൾ സാമൂഹ്യ വിഭാഗം തിരിച്ച് ശേഖരിക്കുന്നു. സ്ഥാപന ഹോൾഡിംഗിനെ സംബന്ധിച്ച വിവരം പ്രത്യേകം ശേഖരിക്കുന്നു.

**രണ്ടാം ഘട്ടം (പ്രധാന സർവ്വേ)**

പ്രത്യേകം തെരഞ്ഞെടുത്ത ഹോൾഡിംഗിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ - ഹോൾഡിംഗിന്റെ വിതരണം, ഉടമസ്ഥത, ഭൂവിനിയോഗം, ജലസേചനം, വിളകളുടെ രീതി എന്നീ അഞ്ച് പ്രധാന വിഭാഗങ്ങളിലായി ശേഖരിക്കുന്നതാണ് രണ്ടാം ഘട്ടം.

**മൂന്നാം ഘട്ടം (ഇൻപുട്ട് സർവ്വേ)**

കാർഷികാവശ്യത്തിന് വേണ്ടി വരുന്ന ഘടകങ്ങളായ വിത്തിനങ്ങൾ, രാസ / ജൈവ വളപ്രയോഗങ്ങൾ, കീടനാശിനീ പ്രയോഗങ്ങൾ, കാർഷിക ഉപകരണങ്ങൾ മുതലായവയെക്കുറിച്ച് വിശദമായ വിവരങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഹോൾഡിംഗുകളിൽ നിന്നും ശേഖരിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ പത്താമത് കാർഷിക സെൻസസിന്റെ ഒന്നാം ഘട്ട സർവേയുടെ പ്രൊവിഷണൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ രണ്ടും മൂന്നും ഘട്ടങ്ങളിലെ ഡാറ്റ കുറ്റമറ്റ രീതിയിൽ തയ്യാറാക്കിയതുകൊണ്ട് ഡാറ്റായ്ക്ക് കേന്ദ്ര സർക്കാരിന്റ അംഗീകാരം ലഭിക്കുകയുണ്ടായി. കാർഷിക സെൻസസിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനായി തയ്യാറാക്കി വരുന്നു. രണ്ടും മൂന്നും ഘട്ട ഫീൽഡു ജോലികൾ ചെയ്ത ഉദ്യോഗസ്ഥർക്കുള്ള ഹോണറേറിയം വിതരണം ചെയ്യുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച വർദ്ധിപ്പിച്ച ഹോണറേറിയം തുക സംസ്ഥാന ബഡ്ജറ്റിൽ അഡീഷണൽ ആതറൈസേഷനായി ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പത്താമത് കാർഷിക സെൻസസിന്റെ പ്രൊവിഷണൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനായി തയ്യാറാക്കി വരുന്നു.

### 5.12. വിലയിരുത്തൽ വിഭാഗം

സർവേ ആന്റ് സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന മണ്ണുസംരക്ഷണ പദ്ധതികളെക്കുറിച്ച് പഠനം നടത്തുകയാണ് ഇവാല്യൂവേഷൻ സെക്ഷന്റെ പ്രധാന ചുമതല. ഓരോ ജില്ലയിലും മണ്ണുസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന നീർത്തട വികസന പദ്ധതി, ഫ്ലഡ്പ്രൊട്ടക്ഷൻ പദ്ധതി എന്നിവയിൽ ഏതെങ്കിലും ഒരു പദ്ധതി തിരഞ്ഞെടുത്ത്, അതിൽ ഉൾപ്പെടുന്ന മുഴുവൻ ഗുണഭോക്താക്കളേയും ഉൾപെടുത്തിയാണ് സർവേ നടത്തുന്നത്. സ്കീമിൽ ഉൾപ്പെടുന്ന എല്ലാ സബ്സ്കീമുകളേയും പഠനവിധേയമാക്കുന്നു. താരതമ്യ പഠനത്തിനായി പദ്ധതി പ്രദേശത്തിന് പുറത്ത് ചുറ്റുമുള്ള പ്രദേശത്തു നിന്നും സമാനമായ 20% കൺട്രോൾ പ്ലോട്ടുകൾ തിരഞ്ഞെടുത്ത് സർവേ നടത്തുന്നു.

2019-20 വർഷത്തെ മണ്ണ് സംരക്ഷണ സർവേയുമായി ബന്ധപ്പെട്ട് ഫീൽഡ് ജോലികൾ ചെയ്യുന്ന ജില്ലകളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർക്കും ബന്ധപ്പെട്ട റിസർച്ച് ഓഫീസർമാർക്കും ഒരു ദിവസത്തെ സംസ്ഥാനതല പരിശീലന പരിപാടി നടത്തിയിരുന്നു. ടി പരിശീലന പരിപാടിയിൽ ഡയറക്ടറേറ്റിൽ നിന്നും എല്ലാ ജില്ലകളിൽ നിന്നുമായി മൊത്തം 40 പേർ പങ്കെടുത്തു.

2016-17 വർഷത്തെ മണ്ണുസംരക്ഷണ സർവേയുടെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മണ്ണു സംരക്ഷണസർവേ 2017-18 വർഷം മുതൽ പരിഷ്കരിച്ച രീതിയിലാണ് നടപ്പിലാക്കുന്നത്. ഡിപ്പാർട്ട്മെന്റ് പുതിയതായി നടപ്പിലാക്കിയ DESCAS സോഫ്റ്റ്വെയറിൽ 2017-18 വർഷത്തെ സർവേ ഷെഡ്യൂളുകളുടെ ഡാറ്റാ എൻട്രി ജില്ലകളിൽ പുരോഗമിക്കുകയാണ്. അഡീഷണൽ ഷെഡ്യൂളിന്റെ ഡാറ്റാ എൻട്രി ഡയറക്ടറേറ്റിലും പുരോഗമിക്കുന്നു. ടി സർവേയുടെ റിപ്പോർട്ട് 2019-20 മെയ് മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2018-19 വർഷത്തെ മണ്ണു സംരക്ഷണ പഠന സർവേയുടെ ഫീൽഡ് തല ജോലികൾ ജില്ലകളിൽ പൂർത്തീകരിച്ചു. ടി സർവേയുടെ ഡാറ്റാ എൻട്രി ജോലികൾ ജില്ലകളിൽ തുടങ്ങിക്കഴിഞ്ഞു. 2019-20 വർഷത്തെ മണ്ണു സംരക്ഷണ പഠന സർവേയുടെ ഫീൽഡ് തല ജോലികൾ ജില്ലകളിൽ നടന്നുവരുന്നു.

### 5.13. വിലശേഖരണ വിഭാഗം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത, ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ തുടങ്ങിയ വിലശേഖരണം നടത്തി അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. വിലനിലവാരത്തിലെ വിവധ ഡാറ്റകൾ ഉപയോഗിച്ച് സംസ്ഥാനത്തെ വിവിധ സൂചികകൾ തയ്യാറാക്കുന്നു. ഉപഭോക്തൃ വിലസൂചിക, കാർഷിക ഉല്പന്നങ്ങളുടെ മൊത്തവില സൂചിക, വേതന സൂചിക, കർഷകരുടെ തുല്യതാ സൂചിക എന്നിവ ഇവയിൽ പ്രധാനപ്പെട്ടതാണ്.

- നിത്യോപയോഗ സാധനങ്ങളുടെ (75 ഇനങ്ങൾ) ദിവസേനയുള്ള വിലവിവരവും പഴവർഗ്ഗങ്ങളുടെ ആഴ്ചതോറുമുള്ള വിലവിവരവും കേരളത്തിലെ പതിനാല് ജില്ലാ ആസ്ഥാനങ്ങളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് ദിവസേന പ്രസിദ്ധീകരിക്കുന്നു.

- ഇരുപത്തിഒൻപതിനം സാധനങ്ങളുടെ ആഴ്ചതോറുമുള്ള (വെള്ളിയാഴ്ചത്തെ) വിലശേഖരണം നടത്തി ഡാറ്റാ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം നൽകുന്നു.
- പഴവർഗ്ഗങ്ങളുടെ ആഴ്ചതോറുമുള്ള മൊത്തവിലയും, ചില്ലറവിലയും ജില്ലകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചു.
- അവശ്യസാധനങ്ങളുടെ വിലനിലവാരത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മനസിലാക്കി കമ്പോളത്തിൽ ഇടപെടൽ നടത്തുന്നതിന് സഹായകമാകുന്ന തരത്തിൽ അവശ്യസാധനങ്ങളുടെ ചില്ലറ വിലകൾ ഉൾപ്പെടുത്തി എല്ലാ മാസവും പ്രൈസ് ബുള്ളറ്റിനും പൊതുവിപണി അവലോകനവും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു
- കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിനു വേണ്ടി സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ച് നൽകികൊണ്ടിരുന്ന 22 ഇനം അവശ്യ സാധനങ്ങളുടെ മൊത്ത, ചില്ലറ വിലവിവരം ജൂൺ 2019 മുതൽ എല്ലാ പ്രവൃത്തി ദിവസവും ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി പ്രൈസ് മോണിറ്ററിംഗ് സെല്ലിനുവേണ്ടി സിവിൽ സപ്ലൈസ് വകുപ്പിന് അയച്ചു കൊടുക്കുന്നു.
- സപ്ലൈകോയുടെ നിർദ്ദേശപ്രകാരം 21 ഇനം ഐ.സി.ഡി.എസ്. ഉല്പന്നങ്ങളുടെ (1st Quality) പൊതുവിപണിയിലെ വിലവിവരം രണ്ടാഴ്ചയിലൊരിക്കൽ ശേഖരിച്ച് ക്രോഡീകരിച്ച് നൽകിവരുന്നു.
- 61 താലൂക്കുകളിലെ 62 സെന്ററുകളിൽ നിന്നും ആശുപത്രി, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവയ്ക്കാവശ്യമായ 158-ഓളം ആഹാരസാധനങ്ങളുടെയും, ആശുപത്രി സാധനങ്ങളുടെയും ത്രൈമാസ വിലശേഖരിച്ച് ക്രോഡീകരിച്ച് അംഗീകരിച്ചിട്ടുണ്ട്.
- നാന്നൂറിലധികം ആയുർവേദ മരുന്നുകളുടെ വില വർഷം തോറും ശേഖരിച്ച് തിരുവനന്തപുരം, തൃപ്പൂണിത്തുറ ആയുർവേദ ആശുപത്രികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.
- 19 ഇനം പ്രത്യേക വനവിഭവങ്ങളുടെ വില മാസംതോറും കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ തടി ഡിപ്പോകളിൽ നിന്ന്

ശേഖരിച്ച് അയച്ചു തരുന്നു. ഇത് ഡയറക്ടറേറ്റിൽ ത്രൈമാസമായി ക്രോഡീകരിച്ച് കേരള ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അയച്ചു കൊടുക്കുന്നു. 2019 ഡിസംബർ മാസം വരെയുള്ള വിലവിവരം ശേഖരിച്ചു നൽകിയിട്ടുണ്ട്.

- 16 ഇനം കയറിന്റെ വില 27 ഓളം സെന്ററുകളിൽ നിന്നും ആഴ്ച തോറും ശേഖരിച്ച് ക്രോഡീകരിച്ച് ത്രൈമാസ റിപ്പോർട്ടായി തിരുവനന്തപുരം കയർ വികസന ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർറുടെ ഓഫീസ്, കയർ ബോർഡ്, കൊച്ചി, ഡയറക്ടർ ഓഫ് പ്രിന്റിംഗ്- തിരുവനന്തപുരം തുടങ്ങിയവർക്ക് അയച്ചു നൽകിയിട്ടുണ്ട്.
- കയർബോർഡ് ആവശ്യപ്പെട്ട 28 പുതിയ സെന്ററുകൾ കൂടി ഉൾപ്പെടുത്തി തൊണ്ടിന്റെ മാസംതോറുമുള്ള വില ശേഖരിച്ച് ക്രോഡീകരിച്ച് മേൽപ്പറഞ്ഞ ഓഫീസുകളിലേക്കും കയർ ബോർഡ്, കൊച്ചിക്കും അയക്കുന്നു.
- 14 ജില്ലകളിലെ ചിരട്ടയുടെ വില ശേഖരിച്ച് ക്രോഡീകരിച്ച് ഉപഭോക്തൃ വകുപ്പുകളിലേക്ക് ആവശ്യാനുസരണം അയയ്ക്കുന്നു. 2019 ഡിസംബർ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. പാഴ്ക്കടലാസിന്റെ വിലവിവരം 14 ജില്ലകളിൽ നിന്നും മാസം തോറും ശേഖരിച്ച് ക്രോഡീകരിച്ച് ത്രൈമാസമായി കൺട്രോളർ ഓഫ് സ്റ്റേഷനറി, തിരുവനന്തപുരത്തിന് അയച്ചുകൊടുക്കുന്നു. 2019 ഡിസംബർ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.
- സുഗന്ധവ്യഞ്ജനങ്ങളുടെ വിലവിവരം ആഴ്ചതോറും വയനാട്, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും ശേഖരിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നൽകുന്നു.
- അയോഡൈസ്ഡ് ഉപ്പിന്റെ ആഴ്ച തോറുമുള്ള മൊത്തവില / ചില്ലറവില തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും ശേഖരിച്ച് സാൾട്ട് കമ്മീഷണർ, ജയ്പൂർ, ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർ ചെന്നൈ എന്നിവർക്ക് അയച്ചു കൊടുക്കുന്നു. 2019 ഡിസംബർ മാസം വരെ വിലനിലവാരം പ്രസിദ്ധീകരിച്ചു.

- കൊക്കോയുടെ വില ആഴ്ചതോറും ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം (രണ്ട് സെന്ററുകൾ) തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും ശേഖരിച്ച് 3 മാസം കൂടുമ്പോൾ ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആന്റ് കൊക്കോ ഡവലപ്പ്മെന്റ്, കൊച്ചിയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.
- സംസ്ഥാനത്തിലെ 63 താലൂക്കുകളിൽ നിന്നും രണ്ടാഴ്ച കൂടുമ്പോൾ ശേഖരിക്കുന്ന 60-ഓളം കാർഷിക ഉല്പന്നങ്ങളുടെ കൃഷിയിടത്തെ മൊത്ത വിലയുടെ മാസശരാശരി വില മാസം തോറും പ്രസിദ്ധീകരിച്ചു വരുന്നു. കോടതി ആവശ്യങ്ങൾക്കും ഇലക്ട്രിസിറ്റി ബോർഡിനും മറ്റു ഉപഭോക്താക്കൾക്കും പകർപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് നൽകുന്നുണ്ട്. 2019 ജനുവരി മുതൽ കേരളത്തിലെ പുതുക്കിയ താലൂക്കുകൾ കൂടി ഉൾപ്പെടുത്തി 77 താലൂക്കുകളിൽ നിന്നുള്ള വിലവിവരം ശേഖരിച്ച് ക്രോഡീകരിച്ച് വരുന്നു.2020 ജനുവരി മാസം വരെയുള്ള വിലനിലവാരം പ്രസിദ്ധീകരിച്ചു. ഈ റിപ്പോർട്ട് എല്ലാ ജില്ലാ കളക്ടർമാർക്കും ത്രൈമാസമായി അയച്ചു കൊടുക്കുന്നു. നാളികേരത്തിന്റെ വില നാളികേര വികസന ബോർഡിന് ത്രൈമാസമായി അയച്ചു കൊടുക്കുന്നു. ആവശ്യപ്പെടുന്നതിനനുസരിച്ച് ഉപഭോക്താക്കൾക്കും റിപ്പോർട്ട് നൽകി വരുന്നു.
- 77 താലൂക്കുകളിൽ (പുതുതായി രൂപീകരിച്ച താലൂക്ക് ഉൾപ്പെടെ) നിന്നും മാസംതോറും ശേഖരിച്ച് അയച്ചു തരുന്ന 45-ഓളം കാർഷിക ഉല്പന്നങ്ങളുടെ കൃഷിയിടത്തെ ചില്ലറവില വിവരം ഡയറക്ടറേറ്റിൽ ക്രോഡീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് അയച്ചു കൊടുക്കുന്നു. 2020 ജനുവരി മാസത്തെ കേരളത്തിലെ എല്ലാ താലൂക്കുകളിൽ നിന്നും വില ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

മേൽപ്പറഞ്ഞവ കൂടാതെ വിവിധ വിലസൂചികകൾ മാസംതോറും തയ്യാറാക്കി വിവിധ ഡിപ്പാർട്ട്മെന്റുകൾക്കും സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കുന്നു.

**വിലസൂചികകൾ**

തെരഞ്ഞെടുത്ത 22 കേന്ദ്രങ്ങളിൽ നിന്നും III-A ഷെഡ്യൂളുകളിൽ 125 ഇനം സാധനങ്ങളുടെ വില ആഴ്ചയിലും III-B ഷെഡ്യൂളിൽ 82 ഇനം സാധനങ്ങളുടെ വില മാസത്തിലും ശേഖരിക്കുന്നു. ഈ വിലവിവരം ഉപയോഗിച്ച് മാസം തോറും ഉപഭോക്തൃവില

സൂചിക (കർഷക തൊഴിലാളികളുടെയും വ്യാവസായിക തൊഴിലാളികളുടെയും) തയ്യാറാക്കുന്നു. മിനിമം വേതന ആക്ട് പ്രകാരമുള്ള തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനും വേരിയബിൾ ഡി.എ നിശ്ചയിക്കുന്നതിനും ഈ സൂചിക ഉപയോഗിക്കുന്നു. ഇതിന് പുറമെ സർക്കാരിന്റെ പദ്ധതി ആസൂത്രണത്തിനും കോടതി കേസുകളുമായി ബന്ധപ്പെട്ട് കുടുംബചെലവ് കണക്കാക്കുന്നതിനും ഈ സൂചിക ഉപയോഗിക്കുന്നു. ഇതു കൂടാതെ കാർഷിക ഉല്പന്നങ്ങളുടെ മൊത്ത വില സൂചിക, കാർഷിക വരുമാന / ചെലവ് താരതമ്യ പഠന സൂചിക, കാർഷിക വേതന സൂചിക തുടങ്ങിയവയും പ്രസിദ്ധീകരിച്ചു വരുന്നു. 2020 ജനുവരി വരെ പ്രസിദ്ധീകരിച്ചു.

വിലശേഖരണ വിഭാഗത്തിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും മാറ്റങ്ങളും, പരിഷ്കാരങ്ങളും നിർദ്ദേശിക്കുന്നതിനുമായി വകുപ്പിലെ മുൻ ഡയറക്ടർ ശ്രീ.എ.മീരാസാഹിബ് ചെയർമാനായ വിദഗ്ധ സമിതി എസ്.എസ്.എസ്.പി യുടെ കീഴിൽ രൂപീകരിച്ചിരുന്നു. കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹോൾസെയിൽ പ്രൈസ് ഇൻഡക്സ്, വേജ് ഇൻഡക്സ് എന്നിവയുടെ അടിസ്ഥാന വർഷം യഥാക്രമം 2015-16 = 100, 2017-18 = 100 എന്ന് പുതുക്കിയിട്ടുണ്ട്. അവ ഡിപ്പാർട്ട്മെന്റിന്റെ ഓൺലൈൻ സോഫ്റ്റ്വെയർ ആയ ഡെസ്കാസിലേയ്ക്ക് ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

പാരിറ്റി ഇൻഡക്സ് (അടിസ്ഥാനവർഷം 2019-2020) പുതുക്കുന്നതിനുള്ള അടിസ്ഥാന വർഷ വില കണക്കാക്കുന്നതിനുള്ള മാസംതോറുമുള്ള വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു.

ഫാം ഹോൾസെയിൽ റീട്ടെയിൽ പ്രൈസ് ശേഖരിക്കുന്ന ഷെഡ്യൂളുകൾ പുതുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

വിവിധ ഏജൻസികളുടെ ആവശ്യപ്രകാരം വേസ്റ്റ് പേപ്പർ വിലശേഖരണ ഷെഡ്യൂൾ പുതുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (റൂറൽ, അർബൻ ആന്റ് കമ്പയിൻഡ്) കണക്കാക്കുന്നതിനുള്ള അടിസ്ഥാന വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. സൂചിക കണക്കാക്കുന്നതിനുള്ള വെയിംഗ് ഡയഗ്രവും തയ്യാറാക്കിയിട്ടുണ്ട്. ആയത് സെൻട്രൽ

സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പരിശോധിച്ച് നൽകിയിട്ടുണ്ട്. ജില്ലകളിൽ നിന്ന് ശേഖരിച്ച വില വിവരങ്ങൾ പരിശോധിച്ച് കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (റൂറൽ, അർബൻ ആന്റ് കമ്പയിൻഡ്) തയ്യാറാക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ച് വരുന്നു.

സവാളയുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ സവാളയുടെ കമ്പോള വിലവിവരവും കമ്പോളത്തിൽ നിന്ന് ശേഖരിച്ച മറ്റ് വിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് നൽകിയിട്ടുണ്ട്.

### 5.14- മാർക്കറ്റ് ഇന്റലിജൻസ്

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 42 മാർക്കറ്റ് സെന്ററുകളിൽ നിന്നായി പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ നിത്യേനയുള്ള മൊത്ത വില ഓൺലൈനായി ശേഖരിച്ച് (28 സെന്ററുകളിൽ നിന്നുള്ള വിവരം ഈ ആഫീസിലും 14 സെന്ററുകളിൽ നിന്നുള്ള വിവരം കോഴിക്കോട് റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസറുടെ കീഴിലും) ടി വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ആകാശവാണി (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ), ദൂർദർശൻ-ഫാം ന്യൂസ്, കൃഷി ദർശൻ, കൃഷി ഡയറക്ടർ, ജൻവാണി (FM), സപ്ലൈകോ, ഹോർട്ടികോർപ്പ്, നീതി, നന്മ സ്റ്റോർ, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ എന്നിവടങ്ങളിലേയ്ക്ക് നൽകുകയും ദിവസേനയുള്ള വിലനിലവാരം ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ കൃത്യമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വിവരങ്ങളുടെ ആഴ്ചതോറുമുള്ള (വെള്ളിയാഴ്ചത്തെ) കമ്പോള മൊത്ത വിലനിലവാര അവലോകന റിപ്പോർട്ട് ആകാശവാണി-തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ എന്നിവടങ്ങളിലേയ്ക്ക് പ്രസിദ്ധീകരണത്തിനായി ഇ-മെയിൽ മുഖേനയും നൽകിയിട്ടുണ്ട്.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 41 മാർക്കറ്റ് സെന്ററുകളിൽ നിന്നായി പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ ആഴ്ചതോറുമുള്ള മൊത്ത വരവിന്റെയും മാർക്കറ്റിൽ നിന്നും പോകുന്ന ഉല്പന്നങ്ങളുടേയും സ്റ്റോക്ക് വിവരങ്ങൾ ശേഖരിച്ച് 'Report on Market Arrivals'എന്ന റിപ്പോർട്ട് വർഷം തോറും പ്രസിദ്ധീകരിക്കുന്നു. 2018 വർഷത്തെ കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത 3 മാർക്കറ്റ് സെന്ററുകളിൽ നിന്നും (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ) പ്രധാനപ്പെട്ട കാർഷിക ഉൽപന്നങ്ങളുടെ മൊത്തവരവിന്റെയും മൊത്തവിലയുടെയും ആഴ്ചതോറുമുള്ള സ്റ്റോക്ക് വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കിയ പ്രതിമാസറിപ്പോർട്ട് RBI-യുടെ കൊച്ചിയിലെ ഓഫീസിലേക്ക് (Department of Economic Analysis and Policy, Ernakulam, North, Box 3065, Kochi) ഇ-മെയിൽ മുഖാന്തിരം നൽകുന്നുണ്ട്.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി 46 മാർക്കറ്റ് സെന്ററുകളിൽ നിന്നും ശേഖരിച്ചു വരുന്ന പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ മൊത്തവില ആഴ്ചതോറും ശേഖരിച്ച് തയ്യാറാക്കിയ പ്രതിമാസ റിപ്പോർട്ട് 'Whole sale Price Index' തയ്യാറാക്കുന്നതിലേയ്ക്കായി പ്രൈസ് വിഭാഗത്തിന് 2019 ഡിസംബർ മാസം വരെ നൽകിയിട്ടുണ്ട്.

കേരളത്തിലെ വിവിധ മാർക്കറ്റ് സെന്ററുകളിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടിയുടെ കമ്പോള മൊത്തവിലയുടെ അടിസ്ഥാനത്തിൽ എം.ഐ വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ട് പ്രകാരമാണ് ബഹു.അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായുള്ള തോട്ടണ്ടി വിലനിർണ്ണയ സമിതി കശുവണ്ടിയുടെ താങ്ങുവില നിശ്ചയിക്കുന്നത്.

പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി ആനുവൽ ഹോൾസെയിൽ പ്രൈസ് ഡാറ്റ 2018 വരെയുള്ളത് എം.ഐ. പ്രൈസിൽ നിന്നും പ്രൈസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. 2019 ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു.

കേരളത്തിലെ വിവിധ മാർക്കറ്റ് സെന്ററുകളിൽ നിന്നും കൊക്കോയുടെ മൊത്തവില ശേഖരിച്ച് 3 മാസം കൂടുമ്പോൾ ഉള്ള റിപ്പോർട്ട് പ്രൈസ് വിഭാഗത്തിന് 2019 ഡിസംബർ വരെ നൽകിയിട്ടുണ്ട്.

കേരളത്തിലെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടിയുടെയും കൊക്കോയുടെയും ആഴ്ചതോറുമുള്ള മൊത്തവില ശേഖരിച്ച് Directorate of Caschew Nut and Cocoa Development, Ministry of Agri.and Farmers Welfare, Dept. of Agri. Co-Operation and Farmers

Welfare, Kera Bhavan, Kochi എന്നീ കേന്ദ്ര ഗവ: ഓഫീസുകളിലേക്ക് മാസം തോറും ഇ-മെയിൽ മുഖാന്തിരം അയച്ചുകൊടുക്കുന്നു.

## 5.15 -ജനന-മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം

വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ സിവിൽ രജിസ്ട്രേഷൻ, സ്പോട്ട് ചെക്ക് സർവ്വെ, സാമ്പിൾ രജിസ്ട്രേഷൻ സർവ്വെ എന്നീ സ്കീമുകളിലൂടെയാണ് വിവരശേഖരണം നടത്തുന്നത്. അഡീഷണൽ ഡയറക്ടർ (ജനറലിൽ)ന്റെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് രണ്ട് സെക്ഷനുകളിലായി വിഭജിച്ച് (വി.എസ്. സെക്ഷനും എസ്.ആർ.എസ്. സെക്ഷനും) പ്രവർത്തിക്കുന്നു.

### സിവിൽ രജിസ്ട്രേഷൻ പദ്ധതി

ജനനം, മരണം തുടങ്ങിയ നിർണ്ണായക സംഭവങ്ങളുടെ സ്ഥിരമായതും നിർബന്ധിതവുമായ റിക്കാർഡിങ് സംവിധാനമാണ് സിവിൽ രജിസ്ട്രേഷൻ. 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് (RBD Act 1969) നിലവിൽ വന്നതോടെയാണ് ഇന്ത്യയിൽ ജനന മരണ രജിസ്ട്രേഷന് ഒരു ഏകീകൃത നിയമം ഉണ്ടായത്. ഈ ആക്ട് പ്രകാരം ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ റജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധിതമാണ്. 1970 ഏപ്രിൽ 1 മുതലാണ് ജനന മരണ രജിസ്ട്രേഷൻ നിയമം സംസ്ഥാനത്ത് നിലവിൽ വന്നത്. ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ, കന്റോൺമെന്റ് ബോർഡ് എന്നിവയാണ് പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റുകൾ, ജനനവും മരണവും സംഭവ ദിവസം മുതൽ 21 ദിവസത്തിനുള്ളിൽ പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. നിശ്ചിത ദിവസം കഴിഞ്ഞാൽ നിർദ്ദിഷ്ട അധികാരിയുടെ അനുമതിയോടു കൂടി ലേറ്റ് ഫീസ് അടച്ച് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഓൺലൈൻ സംവിധാനത്തിലൂടെ ജനന മരണ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്.

ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ രേഖപ്പെടുത്തുന്ന ഫോറങ്ങൾക്ക് ലീഗൽ പാർട്ട്, സ്റ്റാറ്റിസ്റ്റിക്കൽ പാർട്ട് എന്നിങ്ങനെ രണ്ടു ഭാഗങ്ങൾ ഉണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) സേവന സോഫ്റ്റ്‌വെയർ വഴി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും, ജനന മരണങ്ങളുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഈ പാക്കേജ് വഴി നൽകുകയും ചെയ്യുന്നു. സ്റ്റാറ്റിസ്റ്റിക്കൽ പാർട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ അതാത് രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നു. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് കാര്യാലയത്തിൽ നിന്നും വാർഷിക റിപ്പോർട്ടായ ആന്വൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശമനുസരിച്ചുള്ള വിവിധ ടേബിളുകൾ തയ്യാറാക്കി നൽകുകയും ചെയ്തു വരുന്നു.

ജനനം, മരണം, നിർജ്ജീവ ജനനം എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദിഷ്ട ഫോറങ്ങളുണ്ട്. ഓരോ റിപ്പോർട്ടിംഗ് ഫോറത്തിനും നിയമപരമായ ഭാഗം, സ്ഥിതി വിവര സംബന്ധമായ ഭാഗം എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. ജനനം രേഖപ്പെടുത്തുന്ന ഫോറത്തിൽ സ്ഥിതി വിവര സംബന്ധമായ ഭാഗത്ത് മാതാവിന്റെ സ്ഥിര താമസം സൂചിപ്പിക്കുന്ന സ്ഥലം, കുടുംബത്തിന്റെ മതം, മാതാവിന്റെയും പിതാവിന്റെയും വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, മാതാവിന് വിവാഹ സമയത്ത് പൂർത്തിയായ വയസ്സ്, ഗർഭകാലം, പ്രസവം നടക്കുമ്പോൾ മാതാവിന് പൂർത്തിയായ വയസ്സ്, പ്രസവ സമയത്ത് ലഭിച്ച ശുശ്രൂഷ, പ്രസവത്തിന്റെ രീതി, ജനന സമയത്ത് കുട്ടിയുടെ തൂക്കം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു. മരണം രേഖപ്പെടുത്തുന്ന ഫോറത്തിൽ മരിച്ചയാളിന്റെ താമസസ്ഥലം, മരണപ്പെട്ടയാളുടെ മതം, തൊഴിൽ, മരണത്തിന് മുമ്പ് ഏതു രീതിയിലുള്ള വൈദ്യ ശുശ്രൂഷയാണ് ലഭിച്ചത്, മരണ കാരണം, മരിച്ച വ്യക്തി സ്ത്രീയാണെങ്കിൽ മരണം നടന്നത് ഗർഭിണി ആയിരുന്നപ്പോഴോ, പ്രസവ സമയത്തോ, പ്രസവം നടന്ന് ആറാഴ്ചക്കകമാണോ തുടങ്ങിയ വിവരങ്ങളും ശേഖരിക്കുന്നു.

കേരളത്തിലെ 1035 രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ടാക്കി കേന്ദ്ര സർക്കാരിന് നൽകുന്നു. ജനനം, മരണം, നിർജ്ജീവ ജനനം എന്നിവയെ സംബന്ധിക്കുന്ന

വിവരങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ടി വിവരങ്ങൾ ഉപയോഗിച്ച് കൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ Sex Ratio at Birth, Masculinity Proportion, Aged Child Ratio, Aged Dependency Ratio, Crude Birth Rate, General Fertility Rate, Age Specific Fertility Rate, Total Fertility Rate, Gross Reproduction Rate, Child Women Ratio, Crude Death Rate, Infant Mortality Ratio മുതലായവ കണക്കാക്കി വാർഷിക റിപ്പോർട്ടിൽ പ്രസിദ്ധീകരിക്കുന്നു. 2017 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻ, കേരള പഞ്ചായത്ത് ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലേക്ക് അയച്ചു കൊടുത്തു. കൂടാതെ, 2018 വർഷത്തെ റിപ്പോർട്ടിനാവശ്യമായ ജോലികൾ പൂർത്തിയായി വരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ആന്വൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് -2019 പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.

**സാമ്പിൾ രജിസ്ട്രേഷൻ സർവേ**

ഒരു രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവും ആയ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അവിടുത്തെ ജനസംഖ്യയെ സംബന്ധിച്ച് ശരിയായ കണക്കുകൾ അത്യന്താപേക്ഷിതമാണ്. സാധാരണയായി 10 വർഷത്തിലൊരിക്കൽ നടത്തുന്ന കാനേഷുമാരി (ജനസംഖ്യാ സെൻസസ്) മുഖേനയാണ് ജനസംഖ്യാ വിവരങ്ങൾ ശേഖരിക്കുന്നത്. ജനസംഖ്യയിൽ വർഷാവർഷം ഉണ്ടാകുന്ന വ്യതിയാനം വിശകലനം ചെയ്യുവാൻ ഇവ സഹായകമാവുന്നില്ല. ഒരു പ്രദേശത്ത് നടക്കുന്ന ജനനവും മരണവും അടിസ്ഥാനമാക്കിയാണ് അവിടുത്തെ ജനസംഖ്യ കണക്കാക്കുന്നത്. കൂടാതെ ആരോഗ്യ മേഖലയിൽ നടപ്പാക്കുന്ന പല പദ്ധതികളും അവലോകനം ചെയ്യാൻ ജനന മരണ നിരക്കുകൾ അത്യാവശ്യമാണ്. വർഷം തോറുമുള്ള ജനന മരണകണക്കുകൾ ലഭിക്കുന്നത് 1969-ൽ നിലവിൽ വന്ന രജിസ്ട്രേഷൻ ഓഫ് ബർത്ത് ആന്റ് ഡെത്ത് ആക്ട് (RBD Act) അനുസരിച്ച് പ്രവർത്തിക്കുന്ന സിവിൽ രജിസ്ട്രേഷൻ സിസ്റ്റം മുഖേനയാണ്.

ജനനവും മരണവും 21 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് മേൽപ്പറഞ്ഞ ആക്ട് അനുശാസിക്കുന്നു. എങ്കിലും നടക്കുന്ന എല്ലാ ജനനവും / മരണവും

കൃത്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നതായി കാണുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ ആധുനിക വൈദ്യസഹായം ലഭിക്കുന്നതിനായി നഗരപ്രദേശങ്ങളിലെ ആശുപത്രികളെയാണ് സാധാരണയായി ആശ്രയിക്കാറുള്ളത്. സിവിൽ രജിസ്ട്രേഷൻ സിസ്റ്റം അനുസരിച്ച് ജനന മരണങ്ങൾ എവിടെ സംഭവിക്കുന്നുവോ അവിടെയുള്ള രജിസ്ട്രേഷൻ യൂണിറ്റിലാണ് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) അവ രജിസ്റ്റർ ചെയ്യപ്പെടുന്നത്. ആയതിനാൽ ഗ്രാമത്തിലെയും നഗരത്തിലെയും ജനന മരണ നിരക്കുകൾ കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയുന്നില്ല. ഈ ന്യൂനതകൾ പരിഹരിച്ച് യഥാർത്ഥ ജനന മരണ നിരക്കുകൾ ലഭ്യമാക്കുന്നതിനായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ആവിഷ്കരിച്ച് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (എസ്.ആർ.എസ്).

2019 വർഷത്തിൽ (അടിസ്ഥാന വർഷം 2018) സ്പോട്ട്ചെക്ക് സർവേയോടൊപ്പം 17 വയസിനും താഴെ പ്രായമുള്ള കുട്ടികളെ സംബന്ധിച്ച സർവേയും നടന്നു വരുന്നു. ടി സർവെ 2020 മാർച്ച് 31 നകം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുടുംബത്തിന്റെ പൊതുവിവരങ്ങൾ, വിദ്യാഭ്യാസാവസ്ഥ, പഠനചെലവിനെയും, ലഭിക്കുന്ന ആനുകൂല്യങ്ങളെയും സംബന്ധിക്കുന്ന വിവരങ്ങൾ, ആരോഗ്യാവസ്ഥ, പ്രതിരോധ കുത്തിവയ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവയാണ് ഈ സർവെ മുഖേന ശേഖരിക്കുന്നത്.

### 5.16 **മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്** (MCCD)

1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയുടെ നിർദ്ദേശപ്രകാരം ആശുപത്രികളിൽ നടക്കുന്ന മരണങ്ങളുടെ മരണ കാരണം മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന ഫോറം-4 ലെ വിവരങ്ങൾ ശേഖരിച്ച് ICD-10 കോഡിംഗ് ഉപയോഗിച്ച് മൂലകാരണം കോഡ് ചെയ്ത് ക്രോഡീകരിക്കുന്ന റിപ്പോർട്ട് രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയ്ക്ക് അയച്ചു കൊടുക്കുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുകയാണ് എം.സി.സി.ഡി. (Medical Certification of Cause of Death) പദ്ധതിയിലൂടെ ചെയ്തു വരുന്നത്.

മരണകാരണങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്യുന്നതിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലും നിന്നുമായി 149 ആശുപത്രികളിൽ നിന്ന് വിവരശേഖരണം നടത്തുകയുണ്ടായി. 2018 ലെ ഡാറ്റാ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 'Report on Mecdical Certification of Cause of Death-2017'പ്രസിദ്ധീകരിച്ചു. 2018 ലെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറായി വരുന്നു. 2019 ലെ ഫോറം-4 വിവിധ സെന്ററുകളിൽ നിന്നും ശേഖരിച്ച് ICD-10 കോഡിംഗ് നടത്തി വരുന്നു.

## 5.17. ആസൂത്രണ പ്രസിദ്ധീകരണഏകോപനവിഭാഗം

### 5.17.1.ആസൂത്രണം

വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക, വാർഷിക പദ്ധതി, പഞ്ചവത്സര പദ്ധതി, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, വിഷയനിർണ്ണയ സമിതി നോട്ടുകൾ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലുകൾ തുടങ്ങിയവ യഥാക്രമം തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുന്നത് ഈ വിഭാഗമാണ്. കൂടാതെ വകുപ്പ് നടത്തി വരുന്ന വിവിധ ഇൻ സർവ്വീസ് ട്രെയിനിംഗുകൾ, സംസ്ഥാനത്തിന് പുറത്ത് നടക്കുന്ന വിവിധ ശില്പശാലകൾ / പരിശീലന പരിപാടികളിൽ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ഈ വിഭാഗത്തിലാണ്.

ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിന് മുന്നോടിയായി പഞ്ചായത്തുകളിലെ വികസന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ആയി 'മിഷൻ അന്ത്യോദയ സർവേ' ഈ വർഷവും വകുപ്പ് നടത്തുകയുണ്ടായി. വകുപ്പ് വിവരശേഖരണ ഉദ്യോഗസ്ഥർ, പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ സേവനം ഉപയോഗിച്ചാണ് സർവേ പൂർത്തീകരിച്ചത്. സംസ്ഥാന തലത്തിൽ ഈ സർവേയുടെ മേൽനോട്ടം വഹിച്ചത് ആസൂത്രണ വിഭാഗമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ആർജ്ജിച്ച ഭൗതിക നേട്ടങ്ങളുടേയും സൃഷ്ടിക്കപ്പെട്ട ആസ്തികളുടേയും വിവരശേഖരണം

നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്നാണ് ടി സർവേ നടപ്പിലാക്കുന്നത്. സർവേ വിവരശേഖരണത്തിനുള്ള ചോദ്യാവലികൾ അടങ്ങുന്ന ഫാറങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലുമായി ഏകദേശം 24 ഗ്രാമപഞ്ചായത്തുകളിൽ ഈ ചോദ്യാവലികൾ ഉപയോഗിച്ച് പൈലറ്റ് സ്റ്റഡി നടത്തുകയും ചെയ്തിട്ടുണ്ട്. 2020-21 ആരംഭത്തോടുകൂടെ തന്നെ സർവേ സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനതലത്തിൽ ഈ സർവേയുടെ ഏകോപന ചുമതല ആസൂത്രണ വിഭാഗത്തിനാണ്.

### 5.17.2 പ്രസിദ്ധീകരണവിഭാഗം

സംസ്ഥാന സാമ്പത്തിക വ്യവസ്ഥിതിയുടെ വിവിധ മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും വകുപ്പിലും മറ്റു വകുപ്പുകളിലും സർവേകളിലൂടെയും അല്ലാതെയും ശേഖരിക്കുന്ന ഡാറ്റാകൾ സംയോജിപ്പിച്ച് പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതാണ് ഈ വിഭാഗത്തിന്റെ ചുമതല. വിവിധ സെക്ഷനുകളിൽ പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും മറ്റ് ഏജൻസികൾക്കും അയക്കുന്നു.

2019-20 വർഷത്തിൽ വകുപ്പിൽ നിന്നും താഴെ പറയുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

1. സോയിൽ കൺസർവേഷൻ - 2016-17
2. ആന്വൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് – 2017 & 2018
3. ആന്വൽ വൈറ്റൽ റേറ്റ്സ് സ്പോട്ട് ചെക്ക് സർവേ - 2016-17
4. ഗ്രോസ്സ് ഡൊമസ്റ്റിക് പ്രൊഡക്റ്റ് കേരള ആന്റ് ഇന്ത്യ 2011-12 മുതൽ 2017-18 വരെ – ബേയ്സ് ഇയർ 2011-12
5. ആന്വൽ സർവേ ഓഫ് ഇൻഡസ്ട്രീസ് - 2015-16
6. കേരള പൊതു വിപണി അവലോകനം- ജനുവരി 2019 മുതൽ ഡിസംബർ 2019 വരെ
7. പ്രൈസ് ബുള്ളറ്റിൻ - ജനുവരി 2019 മുതൽ ഡിസംബർ 2019 വരെ

8. പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് - 2017

9. സവാള വില അവലോകന റിപ്പോർട്ട് – ഡിസംബർ 2019

10. അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് – 2018- 19

11. ഇംപ്രൂവ്മെന്റ് ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് - 2017-18

12. പത്താമത് കാർഷിക സെൻസസ് – ആദ്യഘട്ടം (പ്രൊവിഷണൽ റിപ്പോർട്ട്)

13. ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് 2016-17

14. ബിൽഡിംഗ് മെറ്റീരിയൽ പ്രൈസ് – 31/03/2018 വരെ

15. റിപ്പോർട്ട് ഓൺ ദി വർക്കിംഗ് ഓഫ് മെറ്റേണിറ്റി ബനഫിറ്റ് ആക്ട് - 1961 (2017)

16. വേജ് സ്ട്രക്ച്ചർ സർവേ - 2012-17

17. റിപ്പോർട്ട് ഓൺ അൺ-ഇൻകോർപ്പറേറ്റഡ് നോൺ അഗ്രിക്കൾച്ചർ എന്റർപ്രൈസസ് (എൻ.എസ്.എസ് 73-ാം മത് റൗണ്ട്)

18. മെഡിക്കൽ സർട്ടിഫിക്കറ്റ് ഓൺ കോസ് ഓഫ് ഡെത്ത് – 2017

19. കേരളത്തിലെ സ്വകാര്യമെഡിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച സർവേ റിപ്പോർട്ട് (2017-18)

20. റിപ്പോർട്ട് ഓൺ ഫോറസ്ട്രി ഇൻപുട് കോസ് റേറ്റ് ഇൻ കേരള – 2017-18

21. ഭരണറിപ്പോർട്ട് – 2019

### 5.17.3 ഏകോപനം

വിവിധ മേഖലകളുടെ ഡാറ്റാ ശേഖരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 41 വകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. അതാത് വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളുടെ പ്രവർത്തനം ഏകോപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയാണ് ഈ വിഭാഗത്തിന്റെ ലക്ഷ്യം. എല്ലാ വർഷവും മറ്റു വകുപ്പുകളിലെ 'സ്റ്റാറ്റിസ്റ്റിക്കൽ സെൽ' ഉദ്യോഗസ്ഥരുടെ യോഗം കൂടുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്യുന്നു.

## 5.18-.ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ്

സ്റ്റാറ്റിസ്റ്റിക്കൽ ഘടനയെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി രൂപീകരിച്ചതാണ് ഐ ആന്റ് ഇ എസ് വിഭാഗം. ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ്, എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ രണ്ടു വാർഷിക റിപ്പോർട്ടുകളാണ് ഈ സെക്ഷനിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.

### ഇൻഫ്രാസ്ട്രക്ച്ചർ സ്റ്റാറ്റിസ്റ്റിക്സ്

സംസ്ഥാനത്തുള്ള ഗതാഗതം, വാർത്താ വിനിമയം, ഊർജ്ജം, ജലസേചനം, സ്റ്റോറേജ്, കുടിവെള്ള വിതരണം, ശുചിത്വം എന്നീ മേഖലകളിലെ വിവരങ്ങൾ സർക്കാർ-സർക്കാരിതര ആഫീസുകൾ / സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് അവലോകനം നടത്തി ജില്ല തിരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചു വരുന്നു. 2015-16 വരെയുള്ള ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

### എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ്

ജൈവവൈവിധ്യം, അന്തരീക്ഷം, മണ്ണും ഭൂമിയും, വെള്ളം, മനുഷ്യാവാസവ്യവസ്ഥ എന്നീ 5 പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സംസ്ഥാനതലത്തിലുള്ള വിവിധ സർക്കാർ ആഫീസുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് അവലോകനം നടത്തി റിപ്പോർട്ടാക്കി പ്രസിദ്ധീകരിക്കുന്നു. 2015-16 വരെയുള്ള എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്

## 5.19. സപ്പോർട്ട് ഫോർ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട്(കേന്ദ്രാവിഷ്കൃത പദ്ധതി)

സംസ്ഥാനത്തെ സ്ഥിതിവിവര കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സപ്പോർട്ട് ഫോർ സ്റ്റാറ്റിസ്റ്റിക്കൽ പ്രോജക്ടിലെ ആക്ടിവിറ്റികളുടെ നിർവ്വഹണം 2019-20 വർഷം തുടരുന്നതിനായി സംസ്ഥാന പദ്ധതിയായി ടി പദ്ധതിയെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും 48.00 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. 2019-20 വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

- ഐ.സി.ടി ഉപകരണങ്ങളുടെ വാങ്ങലും, DESCAS Software പരിഷ്കരിക്കലും

- കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ, ടെക്കനിക്കൽ അഡ്വൈസറി കമ്മറ്റി (ടി.എ.സി), വിദഗ്ധ സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ

- പദ്ധതിയുടെ ഭാഗമായി സ്ഥാപിതമായ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ സാസാ-യിൽ ജീവനക്കാർക്കായി 9 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ടി പരിശീലന പരിപാടികളിൽ വകുപ്പിലെ 275 ജീവനക്കാർ പങ്കെടുത്തു.

- ഗ്രാമ-നഗര പ്രദേശങ്ങളിലേയ്ക്ക് ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി 149 കേന്ദ്രങ്ങളിൽ നിന്നുള്ള വില ശേഖരണം നടത്തി.

2019-20 വർഷം പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ടെക്നിക്കൽ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ എല്ലാവിധ സ്റ്റാറ്റിസ്റ്റിക്കൽ ആക്ടിവിറ്റികളും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുമായി സർക്കാർ രൂപീകരിച്ച ടെക്നിക്കൽ അഡ്വൈസറി കമ്മറ്റിയുടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ്, പ്രൈസ് ആന്റ് പ്രൈസ് ഇൻഡിസസ്, സംസ്ഥാന വരുമാനം കണക്കാക്കൽ എന്നിവയെ സംബന്ധിക്കുന്ന മൂന്ന് വിദഗ്ധ സമിതികളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. "Survey on Forestry Input Cost Rate in Kerala 2017-18" യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ചിട്ടുള്ള കോർ കമ്മിറ്റി Sri.S.V.Ramana Moorthi, DDG, National Accounts Division, MoS&PI, New Delhi യുടെ അദ്ധ്യക്ഷതയിൽ 17/09/2019 ന് യോഗം ചേരുകയും റിപ്പോർട്ട് അംഗീകരിക്കുകയും തുടർന്ന് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

സപ്പോർട്ട് ഫോർ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രങ്ത്തനിംഗ് പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒപ്പുവെച്ച ധാരണാപത്രത്തിലെ 6-മത് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തിയാണ് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ

കൈമനത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ പരിശീലന സ്ഥാപനമായ സാസായുടെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. സാസായുടെ കെട്ടിട നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിൽ കൈമനത്തുള്ള Gulathi Institute of Finance & Taxation (GIFT) വക സ്ഥലം പാട്ട വ്യവസ്ഥയിൽ സർക്കാർ ലഭ്യമാക്കുകയും ടി സ്ഥലത്ത് സാസായുടെ കെട്ടിട നിർമ്മാണത്തിനായി സർക്കാർ അനുമതിയോടെ BSNL മായി കരാറിലേർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്.

കൂടാതെ സാസായെ ഒരു സ്വതന്ത്ര പദവിയുള്ള സൊസൈറ്റിയായി നിലനിർത്തുന്നതിനായി 1995 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനായി നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാസായെ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുന്നതിനായി കരട് ബൈലാ തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

### 5.19.6 ഗ്രാമ –നഗര പ്രദേശങ്ങളിലെ ഉപഭോക്തൃ വില സൂചിക തയ്യാറാക്കൽ

വിലയും വിലസൂചികയും സംബന്ധിക്കുന്ന വിദഗ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (റൂറൽ, അർബൻ, കംബയിൻഡ്) തയ്യാറാക്കുന്നതിന് വേണ്ടി ഒരു മെത്തഡോളജി ഉണ്ടാക്കി. ആയത് ദേശീയ തലത്തിൽ വിദഗ്ധർ പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. CPI (R/U/C) Index തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന മാർക്കറ്റ് സർവ്വെയുടെ അടിസ്ഥാന വിവരശേഖരണം 2018 ജനുവരി മുതൽ ഡിസംബർ വരെ പൂർത്തിയാക്കി. മാർക്കറ്റ് സർവ്വെയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വെയിംഗ് ഡയഗ്രം സി.എസ്.ഒ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019 ജനുവരി മുതലുള്ള കാലയളവിലെ തിരഞ്ഞെടുത്ത സെന്ററുകളിലെ CPI (R/U/C) Index തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലായി തെരഞ്ഞെടുത്ത 149 കേന്ദ്രങ്ങളിൽ നിന്നും 300 ഓളം ഇനങ്ങളുടെ വിലവിവര ശേഖരണം നടന്നുവരുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ 2019 ജനുവരി മുതൽ ഡിസംബർ വരെയുള്ള CPI (R/U/C) (ഹൗസ് റെന്റ് ഇൻഡക്സ് ഒഴികെയുള്ള)

തയ്യാറാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലെയും CPI (R/U/C) ഉടനെ തന്നെ തയ്യാറാക്കി പുറത്തിറക്കി.

### 5.20 **ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതിവിവര ക്കണക്കുകൾ** (RMIS)

കേന്ദ്ര ജല വിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ 100% കേന്ദ്ര സഹായത്തോടെ 22/08/1988 ലെ (സാധാ)375/88/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ച പദ്ധതിയാണ് ആർ.എം.ഐ.എസ്. ടി പദ്ധതി പ്രകാരം സംസ്ഥാന ജല സേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു ആർ.എം.ഐ.എസ് സെൽ പ്രവർത്തിക്കുന്നുണ്ട്. ടി സെല്ലിന്റെ നോഡൽ ആഫീസർ ജലസേചന വകുപ്പ് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയറാണ്.

രാജ്യത്തിന്റെ കാർഷിക വികസന പദ്ധതികൾക്ക് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലേക്ക് ചെറുകിട ജലസേചന മേഖലയിൽ പ്രവർത്തിക്കുന്ന പദ്ധതികളെക്കുറിച്ചും ഈ മേഖലകളിലെ ജല സ്രോതസ്സുകളെക്കുറിച്ചും സമഗ്രവും വസ്തുനിഷ്ഠവും വിശ്വസനീയവുമായ യഥാർത്ഥ വിവരശേഖരണം തയ്യാറാക്കുകയാണ് ആർ.എം.ഐ.എസ് സെല്ലിന്റെ ദൗത്യം.

സർക്കാർ / അർദ്ധ സർക്കാർ / സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ച് 5 വർഷത്തിലൊരിക്കൽ സെൻസസ് നടത്തി സമഗ്രവും വസ്തുനിഷ്ഠവുമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു.2017-18 സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളും സാമ്പത്തിക സ്ഥാപനങ്ങളും നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ടി വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാദവാർഷികമായി ശേഖരിച്ച് ക്രോഡീകരിച്ച് സമഗ്ര റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും സമർപ്പിക്കുന്നു. കൂടാതെ ഓരോ കാർഷിക വർഷവും അവസാനിക്കുന്ന മുറയ്ക്ക് വാർഷിക റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര / സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കുന്നു.

ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ച് വിലയിരുത്തൽ പഠനം നടത്തുക എന്നതും സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു. വിവിധ വകുപ്പുകൾ, ധനകാര്യസ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ നടപ്പിലാക്കിയ ഉപരിതല ജലസേചന പദ്ധതികൾ, ഭൂഗർഭ ജലസേചന പദ്ധതികൾ എന്നിവയെപ്പറ്റിയുള്ള വിലയിരുത്തൽ പഠനമാണ് നടത്തുന്നത്. 2017-18 അടിസ്ഥാന വർഷമായി ആരംഭിച്ച ആറാമത് ചെറുകിട ജലസേചന സെൻസസും വാട്ടർബോഡി സെൻസസും സംസ്ഥാനത്ത് പുരോഗമിച്ചു വരുന്നു.

### 5.21 ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ

വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ വിവരസാങ്കേതിക സഹായം മെച്ചപ്പെടുത്തുന്നതിനായി 2019-20 സാമ്പത്തിക വർഷം 57.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 20 കമ്പ്യൂട്ടറുകൾ, മോണിറ്ററുകൾ, ഒരു വർക്ക് സ്റ്റേഷൻ, പരിശീലന ഹാളിലേക്ക് ഒരു എൽ.സി.ഡി. പ്രോജക്ടർ, ഐ.ടി സംബന്ധമായ മറ്റ് സ്റ്റേഷനറികൾ എന്നിവ വാങ്ങുകയും പ്രവർത്തനരഹിതമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ പ്രവർത്തനയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഡയറക്ടറേറ്റിലെ ഐ.ടി ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് പുതുക്കാനും, BSNL Broad Band connection തുടങ്ങിയവയ്ക്കാവശ്യമായ തുകയും ടി ശീർഷകത്തിൽ നിന്നാണ് കണ്ടെത്തിയത്. C-DAC മുഖേന വികസിപ്പിച്ച DESCAS സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പരിശീലനവും സംഘടിപ്പിച്ചു. കമ്പ്യൂട്ടർ വിഭാഗത്തിലെ ഡെപ്യൂട്ടി ഡയറക്ടറുടെ ശമ്പളം 01-സാലറീസ് ഹെഡിൽ വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിക്കുകയുണ്ടായി. കൂടാതെ ഇ-ആഫീസ് സംവിധാനം സുഗമമായി നടപ്പിലാക്കുന്നതിന് NIC-യിൽ നിന്നുള്ള സപ്പോർട്ടിംഗ് സ്റ്റാഫിനുള്ള വേതനവും ടി ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2019-20 സാമ്പത്തികവർഷം വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്, കുട്ടികളെകുറിച്ചുള്ള സർവേ, വയോജന സർവേ, ഫോറസ്റ്റ് സർവേ, പതിമൂന്നാം പഞ്ചവത്സര പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നതിനായുള്ള ഓൺലൈൻ സോഫ്റ്റ്‌വെയറിന്റെ മോണിറ്ററിംഗ്, മെയിന്റനൻസ് കൂടാതെ ഇതിനാവശ്യമായ ഡാറ്റാ പ്രോസസിംഗ്, ടാബുലേഷൻ ജോലികൾ എന്നിവ കമ്പ്യൂട്ടർ വിഭാഗം നിർവ്വഹിക്കുകയുണ്ടായി. മണ്ണ് സംരക്ഷണ സർവേ, അഡീഷണൽ സോഫ്റ്റ്‌വെയർ, ബിസിനസ് രജിസ്റ്റർ, കുട്ടികളെ കുറിച്ചുള്ള സർവേ എന്നീ സർവേകൾക്ക് വേണ്ട സോഫ്റ്റ് വെയറുകളും കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കി ബന്ധപ്പെട്ട സെക്ഷനുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പ്രൈസ് മോണിറ്ററിംഗ് സെല്ലിനു വേണ്ടി daily price ശേഖരിക്കുന്നതിനായുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ, വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവേ, വ്യാവസായിക ഉല്പാദന സൂചിക എന്നിവയുടെ ഓൺലൈൻ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

### 5.22-പ്രാദേശിക സ്ഥിതിവിവരക്കണക്ക് ശേഖരണം (BSLLD)

പ്രാദേശിക തല ആസൂത്രണത്തിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം കണക്കിലെടുത്ത് പദ്ധതി ആസൂത്രണത്തിന് ആവശ്യമായ മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബേസിക് സ്റ്റാറ്റിസ്റ്റിക്സ് ഫോർ ലോക്കൽ ലെവൽ ഡെവലപ്പ്മെന്റ് (ബി.എസ്.എൽ.എൽ.ഡി) സർവേ ആരംഭിച്ചത്. കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയിൽ, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ഏകീകൃത ഫോർമാറ്റിൽ ശേഖരിച്ച് നൽകുന്നതിന് സർവേ നടത്തുവാൻ വകുപ്പ് തീരുമാനിക്കുകയും 2015-16 അടിസ്ഥാന വർഷമാക്കി നിലവിൽ ലഭ്യമായ ദ്വിതീയ തലത്തിലുള്ള വിവരശേഖരണവും (ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെ) നടത്തുകയുണ്ടായി. 2015-16 വർഷത്തെ ബി.എസ്.എൽ.എൽ.ഡി സർവേയിൽ 31 മേഖലകളെ സംബന്ധിക്കുന്ന വിവരശേഖരണവും, 2016-17 വർഷത്തിൽ അപ്ഡേഷനും, 2017-18 വർഷത്തിൽ ഉന്നത വിദ്യാഭ്യാസം കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് 46 മേഖലകളുള്ള ഷെഡ്യൂളുകളിലായാണ് വിവര ശേഖരണം നടത്തുന്നത്. 2018-19

വർഷത്തിൽ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് വിവരശേഖരണം നടത്തുന്നത്.

2016-17 വർഷത്തെ വിവരശേഖരണം പൂർത്തിയാക്കി 01/11/2018 ന് വകുപ്പിന്റെ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്ത 'വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിൽ' 31 മേഖലകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നു.28/09/2019 ന് നടത്തിയ വീഡിയോ കോൺഫറൻസിൽ അടിയന്തിരമായി 2016-17 വർഷത്തെ ഡാറ്റാ എൻട്രി, അപ്രൂവൽ എന്നിവ പൂർത്തിയാക്കണമെന്ന നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വർഷത്തെ ഡാറ്റാ എൻട്രി പൂർത്തിയാക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ഡാറ്റാ അപ്രൂവൽ നടത്തി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തെ വിവരശേഖരണം എല്ലാ ജില്ലകളിലും പൂർത്തിയാക്കിയിട്ടുണ്ട്. ടി വർഷത്തെ ഡാറ്റാ എൻട്രിയും, അപ്രൂവലും മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്.

ബി.എസ്.എൽ.എൽ.ഡി സോഫ്റ്റ്വെയറിന്റെ രണ്ടാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് 32 മുതൽ 50 വരെ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തിയ ബ്ലോക്കുകളിലും ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. 2016-17, 2017-18 വർഷത്തെ സോഷ്യൽ സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റാ പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. മറ്റ് മേഖലകളെ സംബന്ധിച്ചുള്ള ഡാറ്റകളും ഡാറ്റാ ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകുന്നതാണ്. 2018-19 വർഷത്തെ വിവരശേഖരണം പൂർത്തിയാക്കുകയും ഡാറ്റാ എൻട്രി പുരോഗമിച്ചു വരികയുമാണ്. ടി വർഷത്തെ ഡാറ്റാ എൻട്രിയും, അപ്രൂവലും അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2019-20 വർഷം മുതൽ ബി.എസ്.എൽ.എൽഡി. സർവേ ഒരു റെഗുലർ സർവേ ആയി നടത്തി വരികയാണ്.

## അദ്ധ്യായം.6

# ധനകാര്യം

### 6.1-ആമുഖം

2019-20 സാമ്പത്തിക വർഷം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന് പദ്ധതി-പദ്ധതിയേതര ഇനത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

**6.1 (എ) -പ്ലാൻ പദ്ധതികളുടെ 2019-20 വർഷത്തെ ബഡ്ജറ്റ് വകയിരുത്തൽ ചെലവ് കണക്കുകൾ (പ്രൊവിഷണൽ)**

| ക്രമ നമ്പർ | പദ്ധതിയുടെ പേരും ശീർഷകവും | പ്ളാൻ /നോൺ പ്ളാൻ | അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|---|---|
| 1 | 2401-00-111-99കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം) | പദ്ധതിയിനം | 13632000 | 9590642 |
| 2 | 3454-02-111-86 ജനനമരണ സ്ഥിതിവിവരക്കണക്കുകൾ ശക്തിപ്പെടുത്തൽ | പദ്ധതിയിനം | 1400000 | 1307782 |
| 3 | 3454-02-111-89 ഐ.എ.എസ്.എസ് (ഇ.എ.ആർ.എ.എസ്) (100% കേന്ദ്രാവിഷ്കൃതം) | പദ്ധതിയിനം | 553899000 | 431445438 |
| 4 | 3454-02-112-96 സർവേയും പഠനവും | പദ്ധതിയിനം | 3000000 | 3180 |
| 5 | 3454-02-112-97ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ (100%കേന്ദ്ര സഹായം) | പദ്ധതിയിനം | 15000000 | 7958697 |
| 6 | 3454-02-203-95 ജില്ലകളിലെ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ | പദ്ധതിയിനം | 6500000 | 4030216 |

| | | | | |
|---|---|---|---|---|
| 7 | 3454-02-203-96<br>സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം | പദ്ധതിയിനം | 2500000 | 1416549 |
| 8 | 3454-02-203-98<br>ഡയറക്ടറേറ്റിൽ ഒരു സംഗണ വിഭാഗം സ്ഥാപിക്കുന്നത് | പദ്ധതിയിനം | 5700000 | 3713519 |
| 9 | 3454-02-112-94<br>ഇൻഡ്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെഗ്തനിംഗ് (ഐ.എസ്.എസ്.പി) | പദ്ധതിയിനം | 890000 | 695550 |
| 10 | 3454-02-112-89<br>സ്ഥിതിവിവരക്കണക്കുകൾ ശക്തിപ്പെടുത്തുന്നതിനുള്ള സഹായം (ഭാരതീയ സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി) | പദ്ധതിയിനം | 4800000 | 2414473 |
| 11 | 3454-02-203-97<br>വാഹനങ്ങൾ വാങ്ങുന്നതിന് | പദ്ധതിയിനം | 800000 | 767315 |
| 12 | 3454-02-111-91<br>സാമ്പത്തിക സെൻസസ്<br>(കേന്ദ്രാവിഷ്കൃതപദ്ധതി – 100% കേന്ദ്ര സഹായം) | പദ്ധതിയിനം | 1000 | 0 |
| | **ആകെ** | | 608122000 | 463343361 |

**6.1 (ബി) നോൺ-പ്ലാൻ പദ്ധതികളുടെ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ -** Expenditure **കണക്കുകൾ (പ്രൊവിഷണൽ)**

| ക്രമ നമ്പർ | പദ്ധതിയുടെ പേരും ശീർഷകവും | പ്ളാൻ / നോൺ പ്ളാൻ | അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|---|---|
| 1 | 2216-80-001-97<br>ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ | പദ്ധതിയേതരം | 6027000 | 5023499 |
| 2 | 2402-00-102-90<br>മണ്ണ് സംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി | പദ്ധതിയേതരം | 3847000 | 3619827 |
| 3 | 2852-80-003-94<br>വ്യാവസായിക | പദ്ധതിയേതരം | 7201000 | 7135244 |

| | | | | |
|---|---|---|---|---|
| | സ്ഥിതിവിവരഘടകങ്ങൾ | | | |
| 4 | 3454-02-111-93<br>മുനിസിപ്പാലിറ്റികളിലെ ജനന-മരണ സ്ഥിതിവിവരക്കണക്കു വിഭാഗം ശക്തിപ്പെടുത്തൽ | പദ്ധതിയേതരം | 31449000 | 28262697 |
| 5 | 3454-02-111-97<br>വിലയിരുത്തൽ വിഭാഗം | പദ്ധതിയേതരം | 10469000 | 9940078 |
| 6 | 3454-02-111-99<br>സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്ക് വിഭാഗം | പദ്ധതിയേതരം | 6799000 | 5710690 |
| 7 | 3454-02-112-96<br>സർവേയും പഠനവും | പദ്ധതിയേതരം | 24750000 | 22563020 |
| 8 | 3454-02-112-98<br>ദേശീയ സാമ്പിൾ സർവേ | പദ്ധതിയേതരം | 34764000 | 31170460 |
| 9 | 3454-02-112-99<br>ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് | പദ്ധതിയേതരം | 396503000 | 366005647 |
| 10 | 3454-02-203-99<br>തദ്ദേശ സ്വയംഭരണ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സ്ഥിതിവിവരക്കണക്കുകൾ വിപുലീകരിക്കുന്നതിന് | പദ്ധതിയേതരം | 29606000 | 28343608 |
| 11 | 3454-02-112-91<br>ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം | പദ്ധതിയിനം | 1000 | 0 |
| | **ആകെ** | | 551416000 | 507774770 |

**6.2. 2019-20 സാമ്പത്തിക വർഷത്തിലെ ശമ്പളം/ യാത്രാച്ചെലവ് എന്നിവയെ സംബന്ധിക്കുന്ന വിവരം**

| ഓഫീസിന്റെ പേര് | ശമ്പളം | യാത്രാച്ചെലവ് |
|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ് | 135597753 | 1004168 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, തിരുവനന്തപുരം | 50906717 | 139099 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കൊല്ലം | 54726198 | 375324 |

| | | |
|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്,പത്തനംതിട്ട | 36430360 | 293396 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, ആലപ്പുഴ | 46676875 | 301099 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കോട്ടയം | 56502745 | 343696 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, ഇടുക്കി | 35999256 | 241303 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, എറണാകുളം | 64830138 | 359034 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, തൃശ്ശൂർ | 62592383 | 364986 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, പാലക്കാട് | 67453897 | 416770 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, മലപ്പുറം | 63758399 | 305835 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കോഴിക്കോട് | 56735894 | 233206 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, വയനാട് | 35053639 | 284619 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കണ്ണൂർ | 55100186 | 415448 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കാസർഗോഡ് | 42653919 | 254723 |

സാമ്പത്തിക സ്ഥിതിവിവരക്കണക്കുവകുപ്പ് 2019-20 സാമ്പത്തിക വർഷം ഡയറക്ടർ കൈകാര്യം ചെയ്തിരുന്ന എസ്.ബി.അക്കൗണ്ടുകളുടെ വിശദവിവരവും സാസായുടെ കെട്ടിട നിർമ്മാണവും പരിശീലന പരിപാടിയുടെ ചെലവുകൾക്കുമായി സാസാ ഡയറക്ടർ കൈകാര്യം ചെയ്തിരുന്ന എസ്.ബി.ഐ, റ്റി.എസ്.ബി അക്കൗണ്ടുകളുടെ വിശദവിവരവും, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ വകുപ്പിലെ വിവിധോദ്ദേശ്യത്തിനായി തുക കൈകാര്യം ചെയ്തിരുന്ന റ്റി.എസ്.ബി അക്കൗണ്ടുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

## 6.3 2019-20 സാമ്പത്തിക വർഷത്തെ പി.ഡി. / റ്റി.പി. / എസ്.ബി. അക്കൗണ്ടുകൾ

| ഓഫീസിന്റെ പേര് | തസ്തികയുടെ പേര് | SB Account | Purposeഉടങ്ങിയ വിവരങ്ങൾ |
|---|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ് | ഡയറക്ടർ | SBI വികാസ്ഭവൻ 67212520794 | Survey & Studies |

| | | | |
|---|---|---|---|
| | ഡയറക്ടർ | SBI വികാസ് ഭവൻ 39116601083 | EARAS |
| | ഡയറക്ടർ | SBI വികാസ് ഭവൻ 36874851950 | SSP |
| | ഡയറക്ടർ | SBI വികാസ് ഭവൻ 37566008515 | USHA സ്കീം |
| | ഡയറക്ടർ | SBI വികാസ് ഭവൻ 39123463199 | Agriculture Census |
| സാസാ | ഡയറക്ടർ സാസാ | SBI Account-SBI വികാസ് ഭവൻ 67340068781 | കെട്ടിട നിർമ്മാണവും മറ്റ് പരിശീലന ചെലവുകളും കേന്ദ്രഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിലേക്കായി |
| | ഡയറക്ടർ സാസാ | സ്പെഷ്യൽ TSBഅക്കൗണ്ട്, സബ് ട്രഷറി, വികാസ് ഭവൻ 799011400002363 | സാസായുടെ താൽക്കാലിക പരിശിലന കേന്ദ്രത്തിലെ ചെലവുകളുടെ തുക മാറ്റുന്നതിന് |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ് | സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 701121400000009 സബ് ട്രഷറി, വികാസ് ഭവൻ | വിവിധോദ്ദേശ്യം |

2019-20 സാമ്പത്തിക വർഷം വകുപ്പിന് പ്ലാൻ സ്കീമുകൾ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് ഓരോ ശീർഷകത്തിലും അനുവദിച്ച തുക ശീർഷക അടിസ്ഥാനത്തിൽ കൈവരിച്ച നേട്ടം എന്നിവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 2019-20 | | | | |
|---|---|---|---|---|
| ക്രമ നം | സ്കീം | യൂണിറ്റ് | ലക്ഷ്യം | നേട്ടങ്ങൾ |
| 1 | 3454-02-203-95<br>ജില്ലകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | എണ്ണം | ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി | നടപ്പ സാമ്പത്തിക വർഷം 40 കമ്പ്യൂട്ടറുകളും ഐ.ടി സംബന്ധമായ സ്റ്റേഷനറി സാധനങ്ങളും വാങ്ങുന്നതിനായി തുക ചെലവഴിച്ചു. |
| 2 | 3454-02-203-96-<br>സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക | എണ്ണം | ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക | സർവേകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക. വിവരശേഖരണത്തിന്റെ കൃത്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം. നടപ്പ സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന 13 പരിശീലന പരിപാടികളിൽ 9 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. 800 ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. |
| 3 | 3454-02-203-98<br>ഡയറക്ടറേറ്റിലെ<br>കമ്പ്യൂട്ടർ വിഭാഗം<br>ശക്തിപ്പെടുത്തൽ. | എണ്ണം | ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 20 കമ്പ്യൂട്ടറുകൾ, ഒരു വർക്ക് സ്റ്റേഷൻ, പരിശീലന ഹാളിലേക്ക് ഒരു എൽ.സി.ഡി. പ്രോജക്ടർ, ഐ.റ്റി സംബന്ധമായ മറ്റ് സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുകയുണ്ടായി. C-DAC മുഖേന വികസിപ്പിച്ച DESCAS സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. |
| 4 | 3454-02-112-94<br>സ്ഥിതിവിവരക്കണക്ക്<br>സംവിധാനം | | ISSP യുടെ തുടർ പ്രവർത്തനങ്ങളുടെ തുടർച്ച | KLSSP പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്സ് സെല്ലുകളുടെ ഏകോപനം BSSLD യുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ |

| | | | | | |
|---|---|---|---|---|---|
| | ശക്തിപ്പെടുത്തുന്നതിന് സഹായം | | | | നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി |
| 5 | **3454-02-112-96** സർവേയും പഠനവും (പദ്ധതിയിനം) | | | കേരളത്തിലെ നിർമ്മാണമേഖലയിലെ അടിസ്ഥാന സാമഗ്രികളുടെ ഉപഭോഗത്തെ സംബന്ധിച്ചുള്ള സർവേ നടത്തുന്നത് | ടി സർവേ 2019-20 സാമ്പത്തിക വർഷം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ടി സർവേയുടെ വിവരശേഖരണം നടത്തുവാനായില്ല. |
| 6 | 3454-02-112-89 സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം. | | (i) | ഗ്രാമ നഗരപ്രദേശങ്ങളിലെ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കൽ | വയനാട്, ഇടുക്കി ജില്ലകളിലെ 2019 ജനുവരി മുതൽ ഡിസംബർ വരെയുള്ള CPI (R/U/C) (ഹൗസ് റെന്റ് ഇൻഡക്സ് ഒഴികെയുള്ള ) തയ്യാറാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലെയും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് CPI (R/U/C) തയ്യാറാക്കുന്നതിന്റെ നടപടികൾ തുടരുന്നു. . |
| | | | (ii) | സ്റ്റാറ്റിസ്റ്റിക്കൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഏകോപനം | സ്റ്റാറ്റിസ്റ്റിക്കൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഏകോപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെയും വിദഗ്ദ്ധ സമിതികളുടെയും പ്രവർത്തനങ്ങൾ തുടരുന്നു. |
| | | | (iii) | വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുക | സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തോടനുബന്ധിച്ച് ക്വിസ് പ്രോഗ്രാം, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു. |
| 7 | **3454-02-111-86** സംസ്ഥാനത്തെ ജനന-മരണ സ്ഥിതിവിവരക്കണക്കുകൾ ശക്തിപ്പെടുത്തൽ | മാസം | | മരണകാരണ സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നു. | എം.സി.സി.ഡി പ്രകാരം ശേഖരിക്കുന്ന ഡാറ്റ അടിസ്ഥാനമാക്കി മരണകാരണ സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുകയും അതിൻ പ്രകാരം **'**Report on Medical Certification of Cause of Death – |

| | | | | |
|---|---|---|---|---|
| | | | | 2017' റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| 8 | 3454-02-203-97 വാഹനങ്ങൾ മാറ്റിവാങ്ങൽ | എണ്ണം | വാഹനങ്ങൾ മാറ്റി വാങ്ങുന്നത് | കോഴിക്കോട് ജില്ലാ ഓഫീസിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായി 8 ലക്ഷം രൂപ അനുവദിക്കുകയും എന്നാൽ 7,67,315/- (ഏഴ് ലക്ഷത്തി അറുപത്തിഏഴായിരത്തി മുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) രൂപ ചെലവഴിച്ചു. |
| 9 | 5475-00-112-99 സാമ്പത്തിക സ്ഥിതിവിവരകക്കണക്ക് വകുപ്പ് കെട്ടിട നിർമ്മാണം | % of progress | സാസായുടെ കെട്ടിട നിർമ്മാണം | കെട്ടിട നിർമ്മാണത്തിന്റെ അവസാന ഘട്ട ജോലികൾ പുരോഗമിച്ചു വരികയാണ്. |

## അദ്ധ്യായം.7

# കെട്ടിട നിർമ്മാണം

### 7.1- സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ

14/12/2017 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) 1017/2017/ടാക്സസ് പ്രകാരം തിരുവനന്തപുരം കൈമനത്തെ GIFT ന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലം കെട്ടിടനിർമ്മാണത്തിനായി സാസായ്ക്ക് അനുവദിക്കുകയും 16/10/2017 ലെ ജി.ഒ (എം.എസ്) 589/2017/പ്ലാനിംഗ് പ്രകാരം സാസായുടെ കെട്ടിട നിർമ്മാണത്തിനായി ബി.എസ്.എൻ.എൽ (സിവിൽ) നെ ചുമതലപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം നേമം വില്ലേജിൽ സർവ്വെ നം.13/3- ൽ ഉൾപ്പെട്ട പാപ്പനംകോട് കൈമനത്താണ് സാസായുടെ കെട്ടിടം നിർമ്മിക്കുന്നത്. 14000 ചതുരശ്ര അടിയിൽ ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെ മൂന്ന് നിലകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ആകെ 4.43 കോടി രൂപയുടെ ഭരണാനുമതിയാണ് സർക്കാരിൽ നിന്ന് ലഭ്യമായിട്ടുള്ളത്.

2019-20 വർഷം കെട്ടിട നിർമ്മാണത്തിനായി രണ്ട് തവണകളിലായി ആകെ 1,42,95,000/- രൂപ അടക്കം നാളിതുവരെ ആകെ 3,23,56,374/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ അവസാനഘട്ട ജോലികൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരികയുമാണ്. 2021 ഫെബ്രുവരി മാസത്തിനുള്ളിൽ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## അദ്ധ്യായം.8

# വകുപ്പ് പ്രസിദ്ധീകരണങ്ങൾ

### 8.1– ആമുഖം

കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെ വിവിധ പ്രസിദ്ധീകരണങ്ങൾ, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ, മറ്റു സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസികൾ തുടങ്ങിയവയിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ, പ്രസിദ്ധീകരണങ്ങൾ, കൂടാതെ വകുപ്പിൽ നിന്ന് അച്ചടിക്കുന്ന പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ ബൃഹത്തായ ശേഖരം വകുപ്പിന്റെ നവീകരിച്ച ലൈബ്രറിയുടെ പുസ്തകശേഖരത്തിലുണ്ട്.ആസൂത്രണ ഗവേഷണ രംഗത്തുള്ളവരും വികേന്ദ്രീകൃതാസൂത്രണ മേഖലയിൽ പ്രവർത്തിക്കുന്നവരും ഈ ലൈബ്രറിയുടെ സേവനം ഉപയോഗപ്പെടുത്തുന്നു. വകുപ്പിലെ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ഒരു പുതിയ ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്

**ടേബിൾ-8.1.1 - 2019-20 വർഷത്തിൽ വകുപ്പ് പ്രസിദ്ധീകരിച്ച് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത പ്രസിദ്ധീകരണങ്ങൾ / റിപ്പോർട്ടുകൾ താഴെ പരാമർശിക്കുന്നു.**

| | | |
|---|---|---|
| അഗ്രികൾച്ചർ | 1 | മുണ്ടകൻ നെല്ലിന്റെ യഥാർത്ഥ വിസ്തൃതി 2019-20 |
| | 2 | കേരളത്തിലെ വിരിപ്പ് നെല്ലിന്റെ വിസ്തൃതി, ഉത്പാദനം സംബന്ധിച്ച അന്തിമ എസ്റ്റിമേറ്റ് 2019-20 |
| | 3 | വിരിപ്പ് നെല്ലിന്റെ യഥാർത്ഥ വിസ്തൃതി 2019-20 |
| | 4 | 2019-20 വർഷത്തെ വിരിപ്പ് നെല്ലിന്റെ പ്രവചന റിപ്പോർട്ടും പ്രധാന വിളകളുടെ ഫസ്റ്റ് അഡ്വാൻസ് എസ്റ്റിമേറ്റും |
| പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് | 1 | പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് 2017 |
| | 2 | ഡെയ്‌ലി പ്രൈസ് ഓഫ് എസൻഷ്യൽ കമ്മോഡിറ്റീസ് |
| | 3 | ഡെയ്‌ലി മാർക്കറ്റ് ഹോൾസെയിൽ പ്രൈസ് |

| | | |
|---|---|---|
| | 4 | ഡെയ്‌ലി റബ്ബർ ടിംബർ പ്രൈസ് |
| | 5 | പ്രൈസ് ബുള്ളറ്റിൻ -പ്രതിമാസം |
| | 6 | കേരള പൊതുവിപണി വില അവലോകനത്തിന്റെ പ്രതിമാസ റിപ്പോർട്ട് |
| | 7 | കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (ന്യൂ സീരീസ്) ബെയ്സ് 2011-12 |
| നാഷണൽ സാമ്പിൾ സർവേ | 1 | നാഷണൽ സാമ്പിൾ സർവേ 73rd റൗണ്ട് റിപ്പോർട്ട് |
| സ്റ്റേറ്റ് ഇൻകം | 1 | റിപ്പോർട്ട് ഓൺ ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ട് ഓഫ് കേരള ആന്റ് ഇൻഡ്യ ഫ്രം 2011-12 ടു 2017-18 (ബെയ്സ് ഇയർ 2011-12) |
| വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് | 1 | റെസിഡൻഷ്യൽ വൈറ്റൽ റേറ്റ്സ് 2017 |
| | 2 | വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2017 |
| അഗ്രികൾച്ചർ സെൻസസ് | 1 | റിപ്പോർട്ട് ഓൺ 10th അഗ്രികൾച്ചർ സെൻസസ് –പ്രൊവിഷണൽ റിപ്പോർട്ട് (ഫെയ്സ്-1) |
| ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ | 1 | തേഡ് ക്വാർട്ടർ റിപ്പോർട്ട് |
| | 2 | ഡിസംബർ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 3 | നവംബർ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 4 | ഒക്ടോബർ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 5 | സെക്കന്റ് ക്വാർട്ടർ റിപ്പോർട്ട് |
| | 6 | സെപ്റ്റംബർ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 7 | ആഗസ്റ്റ് 2019- മാനുഫാക്ചറിംഗ് സെക്ടർ |

| | | |
|---|---|---|
| | 8 | ജൂലൈ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 9 | ഫസ്റ്റ് ക്വാർട്ടർ റിപ്പോർട്ട് |
| | 10 | ജൂൺ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 11 | മെയ് 2019- മാനുഫാക്ചറിംഗ് സെക്ടർ |
| | 12 | ഏപ്രിൽ 2019- മാനുഫാക്ചറിംഗ് സെക്ടർ |
| സോയിൽ കൺസർവേഷൻ | 1 | ഇവാല്യുവേഷൻ സ്റ്റഡി ഓൺ സോയിൽ കൺസർവേഷൻ ഇൻ കേരള 2016-17 |
| അഡ്ഹോക് സർവേ & സ്റ്റഡീസ് | 1 | കേരളത്തിലെ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളുടെ സർവേ റിപ്പോർട്ട് 2017-18 |
| | | റിപ്പോർട്ട് ഓൺ ഫോറസ്ട്രി ഇൻപുട്ട് കോസ്റ്റ് റേറ്റ് ഇൻ കേരള 2017-18 |

**ടേബിൾ 8.1.2 - 2019-20 കാലയളവിൽ അച്ചടിക്കുന്നതിനായി ഗവഃപ്രസ്സിൽ നൽകിയപ്രസിദ്ധീകരണങ്ങളുടെവിവരങ്ങൾ.**

| | |
|---|---|
| 1. | ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2017 |
| 2 | അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2017-18 |
| 3 | പത്താമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട പ്രൊവിഷണൽ റിപ്പോർട്ട് |
| 4 | കൃഷിച്ചെലവു സർവേ റിപ്പോർട്ട് 2016-17 |
| 5 | ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 2015-16 |
| 6 | ആനുവൽ റിവ്യൂ ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് സിസ്റ്റം ഇൻ കേരള 2017-18 |
| 7 | ഗ്രോസ് ഡോമസ്റ്റിക് പ്രൊഡക്ട് ഓഫ് കേരള & ഇൻഡ്യ |

**ടേബിൾ 8.1.3- വിവിധ സെക്ഷനുകളിലേക്ക് അച്ചടിച്ച നൽകിയ ശൂന്യഫോറങ്ങൾ**

| | |
|---|---|
| 1 | 2019-20 വർഷത്തെ മണ്ണ് സംരക്ഷണ സർവേ ശൂന്യ ഫോറങ്ങൾ |
| 2 | 2019-20 വർഷത്തെ ഇ.എ.ആർ.എ.എസ് ഫോറങ്ങൾ, ഷെഡ്യൂളുകൾ, രജിസ്റ്ററുകൾ |
| 3 | കൃഷിച്ചെലവു സർവേ ശൂന്യഫോറങ്ങൾ |

**ടേബിൾ 8.1.4- 2019-20 കാലയളവിൽ വകുപ്പ് പ്രസ്സിൽ പ്രിന്റ് ചെയ്ത പ്രസിദ്ധീകരണങ്ങളുടെ വിവരങ്ങൾ.**

| | |
|---|---|
| 1 | ഇ.എ.ആർ.എ.എസ്. ഇൻസ്ട്രക്ഷൻ മാനുവൽ |
| 2 | എം.സി.സി.ഡി. റിപ്പോർട്ട് 2017-18 |
| 3 | റെസിഡെൻഷ്യൽ വൈറ്റൽ റേറ്റ്സ് – 2017 |
| 4 | വാർഷിക പ്രവർത്തന റിപ്പോർട്ട്, തദ്ദേശ സ്വയംഭരണം, ഭവന നിർമ്മാണം |
| 5 | വാർഷിക പ്രവർത്തന റിപ്പോർട്ട്, സെൻസസ് സർവേ |
| 6 | ഐ.ഐ.പി മാന്വൽ |
| 7 | എം.ഐ. പ്രൈസ് ഷെഡ്യൂൾ (പ്രതിദിന മൊത്തവിലനിലവാരം) |
| 8 | പ്രൈവറ്റ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ 2017-18 |
| 9 | ഫോറസ്റ്റ് സർവേ 2017-18 |
| 10 | വാർഷിക പ്രവർത്തന റിപ്പോർട്ട്, സെൻസസ് സർവേയും സ്ഥിതിവിവരക്കണക്കും |
| 11 | ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ് – മാനുവൽ |
| 12 | റിപ്പോർട്ട് ഓൺ ഹൗസ്ഹോൾഡ് കൺസ്യൂമർ എക്സ്പെന്റിച്ചർ (എൻ.എസ്.എസ്. 68thറൗണ്ട്) പൂൾഡ് |
| 13 | റിപ്പോർട്ട് ഓൺ എഡ്യൂക്കേഷൻ ഇൻ കേരള (എൻസ.എസ്.എസ് 71stറൗണ്ട്) പൂൾഡ് |
| 14 | അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 2017-18 |

| | |
|---|---|
| 15 | ആഹാര സാധനങ്ങളുടെയും ആശുപത്രി സാധനങ്ങളുടെയും റിപ്പോർട്ട് (എം.ഐ.പ്രൈസ്) |
| 16 | വാർഷിക പ്രവർത്തന റിപ്പോർട്ട് 2018-19 (കൃഷി) |
| 17 | വാർഷിക പ്രവർത്തന റിപ്പോർട്ട് 2018-19 തദ്ദേശസ്വയം ഭരണം, ഭവന നിർമ്മാണം |
| 18 | എ.എസ്.ഐ. സർവേ റിപ്പോർട്ട് 2015-16 |
| 19 | 10thഅഗ്രികൾച്ചർ സെൻസസ് 2015-16 |
| 20 | സർവേ ഓൺ ഫോറസ്ട്രി ഇൻപുട്ട് കോസ്റ്റ് റേറ്റ് ഇൻ കേരള 2017-18 |
| 21 | ഇവാല്യൂവേഷൻ സ്റ്റഡി ഓൺ സോയിൽ കൺസർവേഷൻ ഇൻ കേരള 2016-17 |
| 22 | ജെന്റർ സ്റ്റാറ്റിസ്റ്റിക്സ് 2017-18 |
| 23 | കേരള പൊതു വിപണി അവലോകനം ജൂലൈ – 2019 |
| 24 | പ്രൈസ് ബുള്ളറ്റിൻ ജൂലൈ – 2019 |
| 25 | പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2017 (ഡ്രാഫ്റ്റ്) |
| 26 | ആഹാരസാധനങ്ങളുടെയും ആശുപത്രി സാധനങ്ങളുടെയും റിപ്പോർട്ട് |
| 27 | ഓൾഡ് എജ് ഹോം സർവേ-2020 –ഷെഡ്യൂൾ, പ്രോഗ്രാം, നോട്ടീസ് |
| 28 | മാനുവൽ ഓൺ അഗ്രികൾച്ചറൽ പ്രൈസസ് ആന്റ് മാർക്കറ്റിംഗ് |
| 29 | കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഷെഡ്യൂൾ, ഇൻസ്ട്രക്ഷൻ എന്നിവ |
| 30 | മെറ്റേണിറ്റി ബെനിഫിറ്റ് ആക്റ്റ് 1961-ന്റെ 2011 മുതൽ 2107 വരെയുള്ള റിപ്പോർട്ട് |
| 31 | ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2016-17 |
| 32 | 2016-17 വർഷത്തെ മണ്ണ് സംരക്ഷണ പഠന സർവേ റിപ്പോർട്ട് |
| 33 | പ്ലാൻ പ്രൊപ്പോസൽ 2020-21 |
| 34 | ഹോം റെന്റ് ഷെഡ്യൂൾ |
| 35 | എൻ.എസ്.എസ്. നിർദ്ദേശ പുസ്തകം (വാലിഡേഷൻ) |
| 36 | 2017-ലെ മാർക്കറ്റ് അറൈവൽ റിപ്പോർട്ട് |

| | |
|---|---|
| 37 | ഹൗസ് റെന്റ് ഷെഡ്യൂൾ - 1 |
| 38 | എ.എസ്.ഐ-2018-19 നടത്തിപ്പുമായി ബന്ധപ്പെട്ട ഷെഡ്യൂൾ, നോട്ടീസ്, അക്നോളജ്മെന്റ് |
| 39 | എൻ.എസ്.എസ്. 73-ാം റൗണ്ട് സർവേ റിപ്പോർട്ട് |
| 40 | എൻ.എസ്.എസ് 78-ാം റൗണ്ട് സർവേ ഇൻസ്ട്രക്ഷൻ ബുക്ക് |
| 41 | എ.എസ്.ഐ 2016-17 റിപ്പോർട്ട് |
| 42 | റിപ്പോർട്ട് ഓൺ എക്സ്പേർട്ട് കമ്മിറ്റി ഓൺ പ്രൈസ് ആന്റ് പ്രൈസ് ഇൻഡിസിസ് |
| 43 | റിപ്പോർട്ട് ഓൺ എക്സ്പേർട്ട് കമ്മിറ്റി ഫോർ അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് |
| 44 | പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ്-2017 |
| 45 | വിഷയ നിർണ്ണയ സമിതി 2020-21 – അഗ്രികൾച്ചർ, സെൻസസ്, ഹൌസിംഗ്, ഇൻഡസ്ട്രീസ്, മുനിസിപ്പാലിറ്റി |
| 46 | റിപ്പോർട്ട് ഓൺ ഫോറസ്ട്രി ഇൻപുട്ട് കോസ്റ്റ് റേറ്റ് ഇൻ കേരള 2017-18 |
| 47 | ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് |
| 48 | എൻ.എസ്.എസ്. റൗണ്ട് സർവേ ഷെഡ്യൂൾ |

## അദ്ധ്യായം.9

# ആന്തരിക നിയന്ത്രണ സംവിധാനം

### 9.1- ആമുഖം

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ നിന്ന് 2019-20 കാലയളവിൽ ആഡിറ്റിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ-താലൂക്ക് ഓഫീസുകളിൽ എല്ലാ വർഷവും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ഓഡിറ്റ് നടത്തുകയും വേണ്ട തിരുത്തൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

| | |
|---|---|
| 1 | നിപുൺ ജോസഫ്, സീനീയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 2 | ശശീന്ദ്രൻ എസ്, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ജീവനക്കാര്യം) |
| 3 | അനിൽ കുമാർ കെ.ബി, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ബഡ്ജറ്റ്) |
| 4 | അജി.എസ്, റിസർച്ച് അസിസ്റ്റന്റ് (ആഡിറ്റ്) |
| 5 | അജി ആനന്ദ്, റിസർച്ച് അസിസ്റ്റന്റ് (ജനറൽ) |
| 6 | രാജേഷ് ആർ, റിസർച്ച് അസിസ്റ്റന്റ് |
| 7 | ബിനു.ജി.ആർ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് –I (ജീവനക്കാര്യം) |
| 8 | അനീഷ്.എസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - II |

### 9.2 - അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം നടപടികൾ തുടർന്നു വരുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ

2019-20-ൽ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും, ജില്ലാ താലൂക്ക് തലങ്ങളിലും അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ 15 ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലായി 69 ആഡിറ്റ് പാരകളുണ്ടായിരുന്നു. ഇതിൽ 7 പാരകൾ തീർപ്പാക്കുകയും 62 ആഡിറ്റ് പാരകൾ കുടിശ്ശികയും ഉണ്ട്. 2019-20 സാമ്പത്തിക

വർഷത്തിൽ 14 ജില്ലാ ഓഫീസുകളിലും അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് പരിശോധന നടത്തിയിട്ടുണ്ട്.

**9.3-ഡയറക്ടറേറ്റിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പ് എന്നിവ സംബന്ധിച്ച്.**

9.3.1 - സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം

പ്രൊഫ:മഹലനോബിസിന്റെ ജന്മദിനമായ ജൂൺ 29-ാം തീയതി വകുപ്പ് എല്ലാ വർഷവും സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആഘോഷിക്കുന്നു. ഈ വർഷവും കേന്ദ്ര സർക്കാരിൽ നിന്നും ദിനാചരണത്തിന്റെ ഭാഗമായി ലഭിച്ച പ്രതിപാദ്യ വിഷയവുമായി ബന്ധപ്പെട്ട സെമിനാർ/ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ടി ആഘോഷ പരിപാടിയിൽ ഡയറക്ടറേറ്റിലെ എല്ലാ ഉദ്യോഗസ്ഥരും പങ്കെടുക്കുകയും ചെയ്തു. കൂടാതെ ഡയറക്ടറേറ്റിന്റെ നിർദ്ദേശ പ്രകാരം ജില്ലാ-താലൂക്ക് ഓഫീസുകളിലും സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷ പരിപാടികൾ നടത്തി.

9.3.2 - മലയാളഭാഷാ ദിനാഘോഷം

നവംബർ-1 സർക്കാരിന്റെ നിർദ്ദേശ പ്രകാരം മലയാള ഭാഷാ ദിനാഘോഷവും പ്രതിജ്ഞയും സംഘടിപ്പിച്ചു. ജില്ലാ-താലൂക്ക് ഓഫീസുകളിലും ഇതിനോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

**9.4 - ജില്ലാ-താലൂക്ക് തലങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ തുടങ്ങിയവ.**

**9.4.1 - തിരുവനന്തപുരം ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.1(i) **മലയാള ഭാഷാ ദിനാഘോഷം**

യോഗം രാവിലെ 10.30 ന് ഈശ്വരപ്രാർത്ഥനയോട് കൂടി ആരംഭിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അനീഷ് കുമാർ ബി മലയാള ഭാഷയുടെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ച് സംസാരിച്ചു. അഡീ.ജില്ലാ ഓഫീസർ ശ്രീ.സുരേഷ്

കുമാർ സി സ്വാഗതം ആശംസിച്ചു. ബഹു.തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രൻ മലയാളഭാഷാ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. മലയാള ദിനാഘോഷത്തിന്റെ മുഖ്യാതിഥിയായി എത്തിയ ചലച്ചിത്ര സംവിധായകൻ ശ്രീ.ആർ.എസ്.വിമൽ ചടങ്ങിൽ പങ്കെടുത്തു. നാടക-ചലച്ചിത്ര ഗാനരചയിതാവ് ശ്രീ.വിഭു പിരപ്പൻകോട് ഭരണഭാഷ - മലയാളം എന്നതിനെ അടിസ്ഥാനമാക്കി വിഷയാവതരണം നടത്തി. ജില്ലാ - താലൂക്ക് ഓഫീസുകളിലെ ജീവനക്കാർക്കായി നടത്തിയ ലേഖനം, കവിതാരചന, കഥാരചന എന്നീ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനവിതരണം ബഹു.മന്ത്രി നിർവ്വഹിച്ചു. ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ **'വൈഖരി'**എന്നകൈയെഴുത്ത് മാസികയുടെ പ്രകാശനം ബഹുമാനപ്പെട്ട മന്ത്രി, പ്രമുഖ ചലച്ചിത്ര സംവിധായകൻ ശ്രീ.ആർ.എസ്.വിമൽ-ന് നൽകി നിർവ്വഹിച്ചു. മലയാള ഭാഷയും നാടൻ ശീലുകളും എന്ന വിഷയത്തെ അടിസ്ഥാനമാക്കികൊണ്ട് പ്രശസ്ത നാടൻ പാട്ടു കലാകാരൻ ശ്രീ.പി.എസ്.ബാനർജിയുടെ നേതൃത്വത്തിൽ നാടൻ പാട്ടുകൾ വേദിയിൽ അവതരിപ്പിച്ചു.

9.4.1(ii) **സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം**

പ്രൊഫ.പ്രശാന്തചന്ദ്രമഹലനോബിസിന്റെ 126-ാമത് ജന്മദിനം 2019 ജൂൺ 29 ന് 13-ാമത് സ്റ്റാറ്റിസ്റ്റിക്കൽ ദിനമായി തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ നാല് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളേയും ഉൾപ്പെടുത്തി സംയുക്തമായി എം.ജി. കോളേജിന് സമീപമുള്ള പെൻഷനേഴ്സ് ഹാളിൽ വച്ച് വിപുലമായ രീതിയിൽ ആഘോഷിച്ചു. പ്രസ്തുത ചടങ്ങ് ഈശ്വരപ്രാർത്ഥനയോടെ രാവിലെ 10.30 ന് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ബി.അനീഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. നെടുമങ്ങാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ശ്രീ.കെ.രാമചന്ദ്രൻ പിള്ള സ്വാഗതം ആശംസിച്ചു. നവകേരളം കർമ്മ പദ്ധതിയുടെ കോ-ഓർഡിനേറ്റർ ശ്രീ.ചെറിയാൻ ഫിലിപ്പ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ടെക്നിക്കൽ സെക്ഷന് മുന്നോടിയായി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അനീഷ് കുമാർ ബി, പി.സി.മഹലനോബിസിനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും ജീവനക്കാർക്ക് അവബോധം നൽകുന്നവിധത്തിൽ പ്രസന്റേഷൻ നടത്തി. ജില്ലാ ഓഫീസർ ശ്രീ.സജിമോൻ കെ.എസ് സുസ്ഥിരവികസന ലക്ഷ്യങ്ങൾ

എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ഗോപകുമാർ എസ് ഡാറ്റാ കളക്ട് ചെയ്യുന്ന ഇൻവെസ്റ്റിഗേറ്റർമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദമായ രീതിയിൽ യോഗത്തിൽ ചർച്ച ചെയ്തു. തുടർന്ന് ഡയറക്ടറേറ്റിൽ നിന്നുള്ള റിസർച്ച് അസിസ്റ്റന്റ് ശ്രീ.അഭിലാഷ് അടിസ്ഥാന വിവരശേഖരണത്തിന്റെ നേട്ടങ്ങളെക്കുറിച്ചും തടസ്സങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിനെക്കുറിച്ചും ക്ലാസ് അവതരിപ്പിച്ചു.

### 9.4.2. **കൊല്ലം ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

### 9.4.2 (i) **ഭരണഭാഷാ പരിപോഷണ പ്രവർത്തനങ്ങൾ - ഏകദിന ശില്പശാല**

ഭരണഭാഷാ പരിപോഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഏകദിന ശിൽപശാല 10/10/2019 ന് കൊല്ലം ആത്മഹാളിൽ വച്ച് നടത്തി. ഭാഷാ പരിപോഷണത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ഭാഷാ വിദഗ്ധന്റെ ക്ലാസ്സ്, ജീവനക്കാർക്ക് രചനാ മത്സരങ്ങൾ, സാഹിത്യ പ്രശ്നോത്തരി, മലയാളം ടൈപ്പിംഗ് മത്സരം, കലാപരിപാടികൾ ഇവ സംഘടിപ്പിച്ചു.

### 9.4.2 (ii) **സ്റ്റാറ്റിസ്റ്റിക്സ് ദിനം**

13-ാമത് സ്റ്റാറ്റിസ്റ്റിക്സ് ദിനം 29/06/2019 ൽ കൊല്ലം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് ആഘോഷിച്ചു. ദിനാഘോഷത്തിൽ 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന വിഷയവുമായി ബന്ധപ്പെട്ട് ചർച്ചാ ക്ലാസ്, സെമിനാർ, ക്വിസ് മത്സരം, ഉപന്യാസ മത്സരം എന്നിവ താലൂക്ക് ഓഫീസുകളിലും, ജില്ലാ ഓഫീസിലും സംഘടിപ്പിച്ചു. ജില്ലാ ഓഫീസിലെയും 5 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലെയും ജില്ലയിലെ വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്സ് ജീവനക്കാരുമടക്കം 110 പേർ പങ്കാളികളായി. ദിനാഘോഷവുമായി ബന്ധപ്പെട്ട് നടന്ന ക്വിസ് മത്സരത്തിൽ കൊല്ലം ജില്ലാ ഓഫീസ് ഒന്നാം സ്ഥാനവും, കൊട്ടാരക്കര താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

### 9.4.2. (iii) **മലയാള ഭാഷാ ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും**

ഭരണഭാഷാ പൂർണമായും മലയാളമാക്കുക എന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി കൊല്ലം ജില്ലയിൽ 2019 നവംബർ ഒന്നിന് മലയാള ദിനാഘോഷം സംഘടിപ്പിച്ചു. ജില്ലാ ഓഫീസിലും 5 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലും പ്രത്യേകമായി ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. എല്ലാ ഓഫീസുകളിലും ജീവനക്കാരുടെ വിവിധ കലാപരിപാടികൾ, മലയാള സാഹിത്യ പ്രശ്നോത്തരി, സാഹിത്യ മത്സരങ്ങൾ ഇവ സംഘടിപ്പിച്ചു. ഭരണഭാഷാ വാരാഘോഷം, നവംബർ 1 മുതൽ 7 വരെ ആയിരുന്നു. ഇതിനോടനുബന്ധിച്ച് കൊല്ലം കളക്ടറേറ്റിൽ സംഘടിപ്പിച്ച പ്രശ്നോത്തരിയിൽ ജില്ലയിലെ വകുപ്പിന് മൂന്നാം സ്ഥാനം ലഭിക്കുകയുണ്ടായി.

9.4.3. **പത്തനംതിട്ട ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.3 (i) **മലയാളഭാഷാ ഏകദിന ശില്പശാല**

18/11/2019 ന് മലയാളഭാഷാ ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ചടങ്ങിൽ 70 പേർ പങ്കെടുത്തു.

9.4.3 (ii) **സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം**

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റത്തിന്റെ ഉപജ്ഞാതാവായ ശ്രീ.പ്രശാന്തചന്ദ്ര മഹലനോബിസിന്റെ ജന്മദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ചടങ്ങിൽ 60 പേർ പങ്കെടുത്തു.

9.4.3 (iii) **ബി.എസ്.എൽ.എൽ.ഡി**

ബിഎസ്എൽഎൽഡി ഓൺലൈൻ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട ഏകദിന പരിശീലന പരിപാടി 23/03/2020 ന് നടത്തി. പരിപാടിയിൽ 13 പേർ പങ്കെടുത്തു.

9.4.4. **ആലപ്പുഴ ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.4 (i) **സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം**

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റത്തിന്റെ ഉപജ്ഞാതാവായ പ്രൊഫ. പ്രശാന്ത ചന്ദ്ര മഹലനോബിസിന്റെ ജന്മദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിയ്ക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ജില്ലയിലെ ആഫീസുകളിൽ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാതല സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം ആലപ്പുഴ പ്ലാനിംഗ് സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തി.

9.4.4 (ii) **മലയാള ദിനാഘോഷം**

2019 നവംബർ മാസം 1-ാം തീയതി ജില്ലാ ഓഫീസിൽ ഓദ്യോഗികഭാഷാ യോഗം സംഘടിപ്പിക്കുകയും ജീവനക്കാർ ഭരണഭാഷാ പ്രതിജ്ഞ എടുക്കുകയും ചെയ്തു.

9.4.5 **ഇടുക്കി ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.5(i) **സ്റ്റാറ്റിസ്റ്റിക്സ് ദിനം**

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സ് സിസ്റ്റത്തിന്റെ ഉപജ്ഞാതാവായ പി.സി. മഹലനോബിസ്-ന്റെ ജന്മദിനമായ ജൂൺ 29 മുൻവർഷങ്ങളിലെ പോലെ 2019- ൽ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ 24 പേർ പങ്കെടുത്തു.

9.4.5(ii) **മലയാള ഭാഷാ ദിനാഘോഷം**

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഇടുക്കി ജില്ലാ ഓഫീസിലും, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലും 2019 നവംബർ 1-ന് മലയാളം ശ്രേഷ്ഠ ഭാഷാദിനമായി ആചരിച്ചു. പ്രസ്തുത ചടങ്ങിൽ 24 പേർ പങ്കെടുത്തു.

9.4.6 **കോട്ടയം ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.6(i) **മലയാളഭാഷാ ദിനാഘോഷം**

മലയാളഭാഷാ ദിനാഘോഷത്തിന്റെ ഭാഗമായി ഭരണഭാഷാ ശിൽപ്പശാല കോട്ടയം നാഷണൽ ഇൻഷുറൻസ് ഹാളിൽ വച്ച് നടത്തി. ശിൽപ്പശാലയിൽ 81 ജീവനക്കാർ പങ്കെടുത്തു.

9.4.6(ii) **സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം**

13-ാമത് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി 29/06/2019 ന് ജില്ലയിൽ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. സെമിനാർ, ക്വിസ് മത്സരം തുടങ്ങിയവ നടത്തി.

**9.4.7.എറണാകുളംജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.7 (i) **സ്റ്റാറ്റിസ്റ്റിക്സ് ദിനം**

29/066/2019 സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസിലും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലും നടത്തി. ജില്ലാ ഓഫീസിലെ ദിനാഘോഷം കോൺഫറൻസ് ഹാളിൽ വച്ച് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.സിൻസിമോൾ ആന്റണി.കെ ഉദ്ഘാടനം ചെയ്തു. **'**സുസ്ഥിര വികസന ലക്ഷ്യങ്ങൾ**'** എന്ന വിഷയം സംബന്ധിച്ച് ശ്രീ.ടി.പി.ഹാറൂൺ ക്ലാസ്സ് നയിച്ചു. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ ടി പരിപാടിയ്ക്ക് നേതൃത്വം നൽകുകയും സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ പ്രതിപാദ്യ വിഷയമായ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച് ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ജില്ലാ ഓഫീസിലും താലൂക്ക് ഓഫീസുകളിലും പ്രശ്നോത്തരി, ഉപന്യാസ രചന എന്നിവ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

9.4.6(ii) **ഇ.എ.ആർ.എ.എസ്**

2019-20 കാർഷിക വർഷത്തെ ഇ.എ.ആർ.എ.എസ് സർവേയുമായി ബന്ധപ്പെട്ട വാർഷിക പരിശീലന പരിപാടി 16/07/2019-ന് കാക്കനാട് ജില്ലാ പ്ലാനിംഗ് കോൺഫറൻസ് ഹാളിൽ വെച്ച് നടത്തി. പരിശീലന പരിപാടി ബഹു.എറണാകുളം ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജോയിന്റ് ഡയറക്ടർ (അഗ്രികൾച്ചർ സെൻസസ്), ശ്രീ.ശിവപ്രസാദ്, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസിലെ അസിസ്റ്റന്റ് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, ശ്രീമതി.മിനി തോമസ്, ടൗൺ പ്ലാനിംഗ് ഓഫീസിലെ ജില്ലാ ടൗൺ പ്ലാനർ,

ശ്രീമതി.ഷീബ.എം.എം, എൻ.എസ്.ഒ-യിലെ സീനിയർ സൂപ്രണ്ട് ശ്രീ.എസ്.അനീഷ് എന്നിവർ ആശംസകൾ നേരുകയും ജില്ലാ ഓഫീസിലെ ഓഫീസർമാർ ഇ.എ.ആർ.എ.എസ് സംബന്ധിച്ച ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

9.4.6(iii) **മലയാള ഭാഷ ദിനാചരണം**

01.11.2019—ന് മലയാള ഭാഷാ ദിനാചരണം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസിലും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലും നടത്തി. ജില്ലാ ഓഫീസിലെ മലയാള ഭാഷാ ദിനാചരണം ജില്ലാ ഓഫീസിലെ കോൺഫറൻസ് ഹാളിൽ വച്ച് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.സിൻസിമോൾ ആന്റണി.കെ യുടെ അദ്ധ്യക്ഷതയിൽ നടത്തി. ഭരണഭാഷ മാതൃഭാഷ എന്ന വിഷയത്തെ സംബന്ധിച്ച് മഹാരാജാസ് കോളേജ് മലയാളം പ്രൊഫസർ.ശ്രീ.ജോസഫ് സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. തുടർന്ന് പ്രശ്നോത്തരി, കേട്ടെഴുത്ത് എന്നീ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരുടെ അദ്ധ്യക്ഷതയിൽ പരിപാടി നടത്തുകയും ജീവനക്കാരെ പങ്കെടുപ്പിച്ചു കൊണ്ട് പ്രശ്നോത്തരി, മലയാള ഭാഷ ഭരണ ഭാഷ, ഭാഷാ പരിപോഷണം എന്നീ വിഷയങ്ങളിൽ ക്ലാസ്സ് സംഘടിപ്പിക്കുകയും ചെയ്തു.

9.4.6 (IV) **മിഷൻ അന്ത്യോദയ**

മൂന്നാംഘട്ട പരിശീലന പരിപാടി 16/11/2019 ന് കാക്കനാട് സിവിൽ സ്റ്റേഷനിലെ പ്ലാനിംഗ് സെക്രട്ടേറിയറ്റ് ഹാളിൽ വച്ച് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.സിൻസി മോൾ ആന്റണി കെ-യുടെ അദ്ധ്യക്ഷതയിൽ നടത്തി. അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമ്പത്തിക പ്രവർത്തനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളെ റാങ്ക് ചെയ്ത് ഗ്രാമങ്ങളിലെ പ്രശ്നങ്ങളും കുറവുകളും കണ്ടെത്തുന്നതിനും നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ടുള്ള സർവേ ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീമതി.ലിറ്റി മാത്യു ഉദ്ഘാടനം ചെയ്തു.

മിഷൻ അന്ത്യോദയ സർവേ 'എന്ത് എന്തിന്'എന്ന വിഷയം സംബന്ധിച്ച് ജനകീയാസൂത്രണ ജില്ലാ കോർഡിനേറ്റർ ശ്രീ.കെ.കെ.രവി. ക്ലാസ് എടുത്തു.

9.4.8. **തൃശ്ശൂർ ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.8. (i) **മലയാളഭാഷാ ദിനാഘോഷം –ഏകദിന ശില്പശാല**

ഭരണഭാഷാ പരിപോഷണ പരിപാടി "വൈഖരി 2019" സംഘടിപ്പിച്ചു."ഭരണഭാഷ മാതൃഭാഷ" എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത നോവലിസ്റ്റും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രീ.ടി.ഡി.രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. പ്രശസ്ത സാഹിത്യകാരനായ ശ്രീ.ഒ.വി.വിജയന്റെ "ഖസാക്കിന്റെ ഇതിഹാസം" എന്ന കൃതിയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച സംവാദ സദസ്സ് സംഘടിപ്പിച്ചു. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സർഗ്ഗാത്മക കൃതികൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ സ്മരണിക "സമന്വയം" പ്രശസ്ത ഗാനരചയിതാവ് ശ്രീ.ബി.കെ.ഹരിനാരായണൻ പ്രകാശനം ചെയ്തു.

9.4.8. (ii) **സ്റ്റാറ്റിസ്റ്റിക്സ് ദിനം**

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രശാന്ത ചന്ദ്ര മഹലനോബിസിന്റെ 126-ാം ജന്മവാർഷികം പതിമൂന്നാമത് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങ്ഹൾ എന്ന വിഷയത്തെ സംബന്ധിച്ച് സെമിനാർ അവതരിപ്പിച്ചു. സംസ്ഥാനതലത്തിൽ ക്വിസ്, ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങളും, ഇന്റേണഷിപ്പ് പൂർത്തീകരിച്ച വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റും വിതരണം ചെയ്തു. പ്രശസ്ത ചലച്ചിത്ര താരം ശ്രീ.ടൊവിനോ തോമസ് വിശിഷ്ടാതിഥിയായിരുന്നു.

9.4.8. (iii) **ലോക വനിതാ ദിനം**

ലോക വനിതാ ദിനത്തോടനുബന്ധിച്ച് "തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും നിയമപരിരക്ഷയും" എന്ന വിഷയത്തെ സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു.

9.4.9. **പാലക്കാട് ജില്ലാ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ സംബന്ധിച്ച്.**

9.4.9.(i) **മലയാള ഭാഷ ദിനാഘോഷം**

2019 നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും നവംബർ 1 ന് പരിപത്ര പ്രകാരമുള്ള പ്രതിജ്ഞയോടെ മലയാള ഭാഷാ ദിനാഘോഷവും നടത്തി. ഭരണഭാഷ വാരാഘോഷ കാലയളവിൽ പകർത്തെഴുത്ത് മത്സരം, മലയാളം പ്രശ്നോത്തരി, കേട്ടെഴുത്ത് മത്സരം, വിവർത്തന മത്സരം എന്നിവ സംഘടിപ്പിച്ചു. നവംബർ 1 ന് വിശിഷ്ടാതിഥിയായി എത്തിച്ചേർന്ന പ്രശസ്ത എഴുത്തുകാരനും ബഹുഭാഷ വിശാരദനുമായ ശ്രീ.ശങ്കരനാരായണൻ മലയാള ഭാഷയെ സംബന്ധിച്ച് വിഷയാവതരണം നടത്തി.

9.4.9. (ii) **സ്റ്റാറ്റിസ്റ്റിക്സ് ദിനം**

29/06/2019 ന് സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസിലും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലും നടത്തി. ജില്ലാ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിൽ 30 പേർ പങ്കെടുത്തു.

